# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 07 ജൂലൈ–2016 ലക്കം 7**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ ........................................................ 05
സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെക്കുറിച്ചുള്ള
വിലയിരുത്തലും മുന്നറിയിപ്പും .................................. 09
രൂപതാകച്ചേരി വാർത്തകൾ ...................................... 22
വൈദികരുടെ മാസധ്യാനം ..................................... 27
സെമിനാരി വാർത്തകൾ ........................................ 29
മതബോധനരംഗം .................................................. 32
ചെറുപുഷ്പമിഷൻലീഗ് ........................................... 36
*Department of Youth Ministry* .............................. 44
കെ.സി.വൈ.എം. .................................................. 46
കുടുംബപ്രേഷിതത്വം ........................................... 56
സീയോൻ വാർത്തകൾ ............................................. 62
വിൻസെന്റ് ഡി പോൾ സൊസൈറ്റി .......................... 64
സാമൂഹ്യ സേവനരംഗം (WSSS) ................................ 69
ബയോവിൻ അഗ്രോ റിസർച്ച് .................................. 74
റേഡിയോ മാറ്റൊലി ............................................... 76
*PUBLIC RELATIONS OFFICE (PRO)* ....................... 78
*Mary Matha Arts & Science Collge* ....................... 79
അറിയിപ്പുകൾ ....................................................... 80
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................. 81
ബിഷപ്സ് പ്രോഗ്രാം ................................................ 82

Ref: 2957/K-5/KCBC/OL/DS

# യുവജനദിനം 2016

## ജൂലൈ 10, ഞായർ

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

“കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും” (മത്തായി5:7)

മുപ്പത്തിയൊന്നാം ലോകയുവജനദിനാഘോഷങ്ങൾക്കായി പോളണ്ടിലെ ക്രാക്കോവ് നഗരം ഒരുങ്ങുകയാണ്. ലോകത്താകമാനമുള്ള യുവജനങ്ങൾ തങ്ങളുടെ വിശ്വാസം പ്രഖ്യാപിക്കുന്നതിനും സഭയോടുള്ള സഹവർത്തിത്വം ഊട്ടി ഉറപ്പിക്കുന്നതിനും സമൂഹത്തോടുള്ള തങ്ങളുടെ ക്രൈസ്തവമായ പ്രതിജ്ഞാബദ്ധത നവീകരിക്കുന്നതിനുമായി ആഘോഷപൂർവം ഒന്നുചേരുന്ന ദിനങ്ങളാണ് ജൂലൈ മാസം 25 മുതൽ 31 വരെയുള്ള യുവജനദിനാഘോഷ വേള. കരുണയുടെ മഹാജൂബിലി പ്രഖ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ യുവജനങ്ങളുടെ കൂടിവരവുകളെല്ലാം ഈ കാലഘട്ടത്തിൽ കരുണയുടെ യുവജനസാക്ഷികളാകാനുള്ള ഓർമ്മപ്പെടുത്തലാണ്.

**പിതാവിനെപ്പോലെ കരുണാപൂർണർ *(Merciful like the father)***

കരുണയുടെ മഹാജൂബിലി വർഷത്തിന്റെ ആത്പവാക്യം വിശുദ്ധ ലൂക്കായുടെ സുവിശേഷം ആറാം അധ്യായം മുപ്പത്തിയൊന്നാം തിരുവചനത്തെ കേന്ദ്രീകരിച്ചുള്ളതാണ്. “നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ”. വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം അറിയപ്പെടുന്നത്, ‘കരുണയുടെ സുവിശേഷം’ എന്നാണ്. മാപ്പു നൽകലിന്റെ സുവിശേഷം, ദരിദ്രരുടെ സുവിശേഷം, സ്ത്രീകളുടെ സുവിശേഷം, വിജാതീയരുടെ സുവിശേഷം എന്നിങ്ങനെ വിവിധ വിശേഷണങ്ങൾ കരുണയുടെ സുവിശേഷം എന്നറിയപ്പെടുന്ന വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിനുണ്ട്.

കാരുണ്യത്തിന്റെ അസാധാരണ ജൂബിലി വർഷത്തിൽ യുവജനങ്ങൾ സവിശേഷ ശ്രദ്ധയോടെ വായിക്കുകയും പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്യേണ്ട ഒന്നാണ് കരുണയുടെ സുവിശേഷം. സമൂഹത്തിന്റെ സമഗ്രവിമോചനത്തിനായി എന്നും മുന്നിട്ടിറങ്ങി ശബ്ദമില്ലാത്തവരുടെ ശബ്ദമായി സമൂഹത്തിലെ വേറിട്ട ശബ്ദമായി നിലനില്ക്കേണ്ട

യുവജനങ്ങളുടെ മാതൃകയും പ്രതീക്ഷയുമായ യുവാവായ യേശുനാഥന്റെ നയപ്രഖ്യാപനം വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ മാത്രം കാണുന്ന പ്രത്യേകതയാണ്. "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു".

**കരുണയുടെ യുവജനസാക്ഷികൾ**

ബേത്‌ലഹേമിൽ നിന്നും കാൽവരിയോളം സഞ്ചരിച്ച മനുഷ്യനായി പിറന്ന യേശുനാഥൻ തന്റെ മുഖം കരുണയുടേതാണെന്ന് തന്റെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ലോകത്തോട് വിളിച്ചു പറഞ്ഞു. വിശക്കുന്നവന് അപ്പമായും രോഗിക്ക് സൗഖ്യമായും തളർന്നവന് ആശ്വാസമായും മനമിടിഞ്ഞവർക്ക് പ്രതീക്ഷയായും മരിച്ചവന് ഉത്ഥാനമായും ലോകം അവനെ പ്രതീക്ഷയോടെ തിരിച്ചറിഞ്ഞു.

തന്റെ വാക്കിലും പ്രവൃത്തിയിലും കാരുണ്യം കവിഞ്ഞൊഴുക്കി, ആശ്വാസദായകനായി കടന്നുവന്ന യേശുനാഥൻ എക്കാലത്തും യുവജനങ്ങളുടെ മാതൃകയാണ്. നൂറ്റാണ്ടുകൾക്കിപ്പുറം വിവിധ സേവന മേഖലകളിൽ തങ്ങളുടെ ജീവിതം യേശുവിനുവേണ്ടി പൂർണമായും സമർപ്പിച്ച് മനുഷ്യർക്കായി പൂർണമായി പങ്കുവയ്ക്കുന്ന കരുണയുടെ മാലാഖമാരിലൂടെ ഇന്നും പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായ യേശുനാഥനെ ലോകം തിരിച്ചറിയുന്നു. ലോകത്തിന്റെ വിവിധ മിഷൻ മേഖലകളിൽ വേല ചെയ്യുന്ന സന്യസ്തരിലും പുരോഹിതരിലും അല്മായ സഹോദരങ്ങളിലും ഭൂരിഭാഗവും യുവജനങ്ങളാണ്. യുദ്ധഭൂമിയിലും സദാ ജാഗരൂകരായി തങ്ങളുടെ മാതൃരാജ്യത്തിനു കാവൽനില്ക്കുന്ന അതിർത്തി മേഖലകളിലും കരുണയുടെയും നീതിയുടെയും കാവൽ ഭടന്മാരാകുന്നത് സ്വജീവിതം അനേകർക്കായി ത്യാഗമായി നൽകുന്ന യുവജനങ്ങളാണ്.

**കരുണയുള്ളവർ ഭാഗ്യവാന്മാർ**

മുപ്പത്തിയൊന്നാം ലോകയുവജനദിനാഘോഷങ്ങളുടെ ആപ്തവാക്യം വിശുദ്ധ മത്തായിയുടെ സുവിശേഷം അഞ്ചാം അധ്യായത്തിലെ സവിശേഷഭാഗങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന തിരുവചനഭാഗങ്ങളിലെ ഏഴാം വാക്യമാണ്. "കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും" (മത്തായി 5:7). കരുണയുടെ മഹാജൂബിലി വർഷത്തിന്റെ ആപ്തവാക്യവും ലോകയുവജനദിനാഘോഷങ്ങളുടെ ആപ്തവാക്യവും ഏറെ സമാനതകളുള്ളതാണ്. പിതാവായ ദൈവത്തിന്റെ കരുണയുടെ

മുഖമായ യേശുനാഥന്റെ കരുണയുടെ യുവജനസാക്ഷികളാകാനുള്ള വിളി ഈ കാലഘട്ടത്തിന്റെ പ്രത്യേക നിയോഗമായി ഏറ്റെടുത്തു കൊണ്ട് ഭീകരതയും പട്ടിണിയും അക്രമവും അസമത്വവും അഴിമതിയും മനുഷ്യനിർമ്മിതമായ പ്രകൃതി ദുരന്തങ്ങളും കൊടികുത്തി വാഴുന്ന ആധുനികലോകത്തിൽ കരുണയുടെ കാവൽക്കാരായി യേശുവിന് സാക്ഷ്യം വഹിക്കണമെന്ന് ഈ തിരുവചനങ്ങൾ ഓർമ്മിപ്പിക്കുന്നു.

**കാരുണ്യവർഷവും കേരളത്തിലെ യുവജനങ്ങളും**

പഠനവിഷയമായ **'കരുണയുടെ യുവജനസാക്ഷികൾ: പരിസ്ഥിതി സൗഹൃദം - ലഹരി വിരുദ്ധസമൂഹം - ജീവന്റെ സംരക്ഷണം'** എന്ന പഠനവിഷയം അത് അർഹിക്കുന്ന പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ടതാണ്.

ഈ വർഷത്തെ പ്രധാന പഠനവിഷയമായ 'കരുണയുടെ യുവജനസാക്ഷികൾ' എന്ന പ്രധാന തലവാചകത്തിന്റെ ഉപവിഭാഗങ്ങളാണ് 'പരിസ്ഥിതി സൗഹൃദം', 'ലഹരി രഹിതസമൂഹം', 'ജീവന്റെ സംരക്ഷണം' എന്നിവ. മനുഷ്യനും പരിസ്ഥിതിയും നേരിടുന്ന ആധുനിക വെല്ലുവിളികൾ ഏറെ കരുണയോടും ശ്രദ്ധയോടും സമീപിക്കേണ്ട വിഷയങ്ങളാണെന്നും അവയെ പരിചരിക്കുന്നതിൽ കരുണയുടെ യുവജനസാക്ഷികളാകുവാനുള്ള പ്രത്യേക വിളിയാണ് ഓരോ യുവാവിനും യുവതിക്കും ഉള്ളതെന്നും ഈ പഠനവിഷയം നമ്മെ അനുസ്മരിപ്പിക്കുന്നു.

തീരദേശ മക്കളുടെ നിലയ്ക്കാത്ത കണ്ണീരും നാളയെക്കുറിച്ചുള്ള ആകുലതയും മലനാടിന്റെ പച്ചയായ മനുഷ്യരുടെ നിസ്സഹായ അവസ്ഥകളും ദളിത് വിഭാഗങ്ങളുടെ സമത്വത്തിനുവേണ്ടിയുള്ള സമരങ്ങളും ഹരിതാഭ നഷ്ടപ്പെടുന്ന ഭൂമിയുടെ ഉൾക്കിടിലങ്ങളും അന്യം നിന്നുപോകുന്ന ജീവജാലങ്ങളുടെ ജീവൻ മരണപോരാട്ടവും ഓരോ യുവാവിന്റെയും യുവതിയുടെയും ഉറക്കം നഷ്ടപ്പെടുത്തുന്ന പ്രതിധ്വനികളാവണം. കരുണയുടെ ഈ വർഷത്തിൽ ആഘോഷിക്കപ്പെടുന്ന യുവജനദിന കർമ്മപരിപാടികളും ഈ വർഷത്തെ എല്ലാ യുവജനശുശ്രൂഷാ മേഖലകളും മനുഷ്യനെയും പ്രകൃതിയെയും എല്ലാ ജീവജാലങ്ങളെയും നൊമ്പരപ്പെടുത്തുന്ന വിഷയങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നവയാവണം.

കേരള കത്തോലിക്കാ യുവജനപ്രസ്ഥാനമായ കെ.സി.വൈ.എം. മുപ്പത്തിയൊന്നു രൂപതകളിലെയും യുവജനങ്ങളിലേക്കും സഭാസമൂഹങ്ങളിലേക്കും കെ.സി.ബി.സി. യുവജനകമ്മീഷൻ ആവശ്യപ്പെട്ട ഈ പഠനവിഷയം എത്തിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിൽ ഏറെ സന്തോഷമുണ്ട്. കേരളത്തിലെ യുവജനശുശ്രൂഷയ്ക്ക് സംസ്ഥാനതല

ത്തിലും വ്യക്തിഗതസഭാതലത്തിലും എല്ലാ രൂപതകളിലും യുവജന ശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്ന ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റേഴ്സായി സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട സന്ന്യാസിനികളെയും അല്മായ സഹോദരങ്ങളെയും എല്ലാ യുവജനങ്ങളെയും ഇത്തരുണത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു. തിരുസഭയുടെ നന്മകളും വിശ്വാസവും സഭയിലും സമൂഹത്തിലും പകർന്നു നല്കുന്നതിന് അവർ നൽകുന്ന സേവനങ്ങൾക്ക് ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**ഉപസംഹാരം**

കരുണയുള്ള ഭാഗ്യവാന്മാരായി പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായ യേശുനാഥനു സാക്ഷ്യംനൽകുവാൻ സഭയുടെയും സമൂഹത്തിന്റെയും പ്രതീക്ഷയായ യുവജനങ്ങൾക്ക് സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ലേകയുവജനദിനത്തിന്റെ അനുഗ്രഹങ്ങളും മംഗളങ്ങളും നേർന്നുകൊണ്ട്,


**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ
**ബിഷപ്പ് വിൻസെന്റ് സാമുവൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ
**ബിഷപ്പ് ഫിലിപ്പോസ് മാർ സ്തേഫാനോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ


---

**NB:- ഈ സർക്കുലർ 2016 ജൂലൈ മാസം 10–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെക്കുറിച്ച് കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ വിലയിരുത്തലും മുന്നറിയിപ്പും

കേരള കത്തോലിക്കാസഭയിൽ ആത്മീയ നവീകരണരംഗത്ത് കഴിഞ്ഞ 25 വർഷമായി പ്രവർത്തിച്ചുപോരുന്ന ഒരു പ്രസ്ഥാനമാണ് സ്പിരിറ്റ് ഇൻ ജീസസ്. ഈ പ്രസ്ഥാനം ശ്രീ. ടോം സഖറിയായുടെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ സൂര്യനെല്ലിയിൽ ആരംഭിച്ച് ക്രമേണ മറ്റു രൂപതകളിലേക്കും സംസ്ഥാനങ്ങളിലേക്കും വ്യാപിച്ചു. കത്തോലിക്കർക്കു പുറമേ ഇതര സഭാംഗങ്ങളും ഈ പ്രസ്ഥാനത്തിൽ ചേർന്നിട്ടുണ്ട്.

ഇപ്പോൾ ഒരു സഭയുടെയും പ്രത്യേക നിയന്ത്രണത്തിന് വിധേയമാകാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതും അല്മായർ നേതൃത്വം കൊടുക്കുന്നതുമാണ് ഈ പ്രസ്ഥാനം. ഇവർ പരിശുദ്ധ കുർബാനയോടും ദൈവമാതാവിനോടുമുള്ള ഭക്തി പരിപോഷിപ്പിക്കുന്നുണ്ടെങ്കിലും കത്തോലിക്കാസഭയുടെ അടിസ്ഥാനപരമായ വിശ്വാസവിഷയങ്ങളിൽ വി. ഗ്രന്ഥത്തിനും, സഭാപ്രബോധനങ്ങൾക്കും പാരമ്പര്യങ്ങൾക്കും നിരക്കാത്ത ചില പ്രബോധനങ്ങൾ വച്ചുപുലർത്തുന്നുണ്ട്. പ്രസംഗങ്ങളിലൂടെയും പ്രസ്ഥാനത്തിന്റെ ജിഹ്വയായ ഇതാ നിന്റെ അമ്മ എന്ന മാസികയിലൂടെയും അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കുകയാണ്. സ്വകാര്യവെളിപാടുകൾക്കാണ് സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളെക്കാൾ കൂടുതൽ പ്രധാന്യം നല്കുന്നത്.

സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനക്കാർ അബദ്ധജടിലമായ ചില ഉപദേശങ്ങൾവഴി വിശ്വാസികളെ വഴിതെറ്റിക്കുന്നത് കേരള മെത്രാൻ സമിതി അതീവ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. പലരും വിശ്വാസ വൈപരീത്യങ്ങളിൽ ചെന്നുപതിക്കാനിടയുള്ളതുകൊണ്ട് വിശ്വാസികൾക്ക് മുന്നറിയിപ്പു നല്കേണ്ടത് ഇടയന്മാർ എന്ന നിലയിൽ ഞങ്ങളുടെ കടമയാണ്. മരണാനന്തരജീവിതം, ഇതരമതങ്ങളോടും സാംസ്കാരികാനുരൂപണങ്ങളോടുമുള്ള സമീപനം, വേദപുസ്തക വ്യാഖ്യാനം എന്നിവ സംബന്ധിച്ചാണ് കൂടുതൽ അബദ്ധോപദേശങ്ങളും. അതിനാൽ ഇത്തരം വിഷയങ്ങളിൽ സഭയുടെ നിലപാടു വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

**1. തനതുവിധി**

തനതുവിധിയില്ല, പൊതുവിധി മാത്രമേയുള്ളൂ വെന്നാണ് സ്പിരിറ്റ് ഇൻ ജീസസ് പഠിപ്പിക്കുന്നത്. അതിനാൽ നരകത്തിൽ പോയവർക്കും നിത്യവിധിയുടെ സന്ദർഭംവരെ മാനസാന്തരത്തിന് സമയമുണ്ടെന്ന് അവർ പ്രബോധിപ്പിക്കുന്നു. എന്നാൽ കത്തോലിക്കാസഭയുടെ പ്രബോധനം ഇതാണ്: ക്രിസ്തുവിൽ വെളിവാക്കപ്പെട്ട കൃപാവരത്തെ സ്വീകരിക്കുന്നതിനോ തിരസ്കരിക്കുന്നതിനോ സാദ്ധ്യമായ സമയം എന്ന നിലയിലുള്ള മനുഷ്യ ജീവിതത്തിന് മരണം അന്ത്യം കുറിക്കുന്നു (CCC 1021). ഒരാൾ മരിച്ചാൽ ഉടൻതന്നെ സ്വർഗ്ഗത്തിനോ, നരകത്തിനോ, ശുദ്ധീകരണ സ്ഥലത്തിനോ അർഹനായിത്തീരുമെന്നാണ് കത്തോലിക്കാസഭ പഠിപ്പിക്കുന്നത്. ഓരോ മനുഷ്യനും തന്റെ മരണത്തിന്റെ നിമിഷത്തിൽ തന്നെ സ്വജീവിതത്തെ ക്രിസ്തുവിനോടു ബന്ധപ്പെടുത്തി തന്റെ അമർത്യമായ ആത്മാവിൽ ശാശ്വത പ്രതിഫലം സ്വീകരിക്കുന്നു: ഒരു ശുദ്ധീകരണ പ്രക്രിയയിലൂടെയോ നേരിട്ടോ സൗഭാഗ്യത്തിലേക്കുള്ള പ്രവേശനം, അല്ലെങ്കിൽ നേരിട്ടുള്ളതും ശാശ്വതവുമായ ശിക്ഷയിലേക്കുള്ള പ്രവേശനം (CCC 1022).

**2. നരകം നിത്യമല്ല?**

പൊതുവിധിവരെ നരകം നിത്യമല്ല; മാനസാന്തരത്തിനും ദൈവകൃപയിലേക്ക് തിരികെവരുന്നതിനും അവസരമുണ്ട് എന്നിങ്ങനെ സ്പിരിറ്റ് ഇൻ ജീസസ് പഠിപ്പിക്കുന്നുണ്ട്. കത്തോലിക്കാസഭയുടെ പ്രബോധനം വളരെ വ്യക്തമാണ്: മനസ്തപിച്ച് ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം സ്വീകരിക്കാതെ മാരക പാപത്തിൽ മരിക്കുക എന്നതിന്റെ അർത്ഥം, നമ്മുടെ സ്വതന്ത്രമായ തീരുമാനപ്രകാരം എന്നേക്കുമായി ദൈവത്തിൽനിന്ന് വേർപെട്ടുനില്ക്കുക എന്നതാണ്. ദൈവത്തോടും വാഴ്ത്തപ്പെട്ടവരോടും ഉള്ള സംസർഗത്തിൽ നിന്ന് സുനിശ്ചിതമായി നമ്മെ വേർപെടുത്തി നിറുത്തുന്ന അവസ്ഥയെ നരകം എന്നുവിളിക്കുന്നു (CCC 1033).

നരകത്തെ പല സംജ്ഞകൾകൊണ്ടാണ് വി. ഗ്രന്ഥം വിവക്ഷിക്കുക. നിത്യാഗ്നി (മത്താ 25:41), നിത്യശിക്ഷ (മത്താ.25:46), ലജ്ജയും നിത്യനിന്ദയും (ദാനി 12:2), അഗ്നിജ്ജ്വാലയും യാതനയും (ലൂക്കാ. 16:23–24), നിത്യനാശം (2 തെസ്സ 1:9), ഒരിക്കലും അവസാനിക്കാത്ത പീഡനം (വെളി 14:11), എരിഞ്ഞുകൊണ്ടിരിക്കുന്ന ഗന്ധകത്തടാകം (വെളി 20:10) എന്നിവയെല്ലാം നിത്യനരകത്തിന്റെ പ്രതീകങ്ങളാണ്. ബുദ്ധിഹീനകളായ കന്യകകൾക്കും (മത്താ 25:11–13) നിരുത്തരവാദിത്വ

പരമായി പെരുമാറിയ ഭൃത്യനും (മത്താ 24:51) വിവാഹവസ്ത്രം ധരിക്കാതെ വിരുന്നുശാലയിൽ പ്രവേശിച്ചവനും (മത്താ 22:13) വേറൊരവസരം കിട്ടിയില്ല എന്നോർക്കേണ്ടതുണ്ട്.

ലാസറിന്റെയും ധനവാന്റെയും ഉപമയിൽ, ധനവാന്റെ യാചനയ്ക്ക് അബ്രഹാം നല്കുന്ന ഉത്തരവും പ്രസക്തമാണ്: ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ ഒരഗാധമായ ഗർത്തവും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇവിടെനിന്നു നിങ്ങളുടെ അടുത്തേക്കോ അവിടെ നിന്ന് ഞങ്ങളുടെ അടുത്തേക്കോ വരാൻ ആഗ്രഹിക്കുന്നവർക്ക് അതു സാധിക്കുകയില്ല. (ലൂക്ക 16:26)

**3. നരകവും പാതാളവും തമ്മിലുള്ള അന്തരം**

സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനക്കാർ നരകത്തെയും പാതാളത്തെയും സമമായി കാണുന്നതുകൊണ്ടാണ് യേശു മരിച്ച് പാതാളത്തിലിറങ്ങി എന്ന പ്രയോഗത്തെ അടിസ്ഥാനമാക്കി യേശു നരകം സന്ദർശിച്ചു എന്നു വാദിക്കുന്നത്. ആദ്യനൂറ്റാണ്ടുകളിൽ ചെറുതും വലുതുമായ പല വിശ്വാസപ്രമാണങ്ങളും രൂപപ്പെട്ടു. അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം, അല്ലെങ്കിൽ ജ്ഞാനസ്നാന വിശ്വാസപ്രമാണം (Baptismal Creed) എന്നറിയപ്പെടുന്ന വിശ്വാസപ്രമാണത്തിലാണ് ഈ പ്രയോഗം കാണുന്നത്. എന്നാൽ, നിഖ്യാ വിശ്വാസപ്രമാണത്തിൽ ഈ പ്രയോഗം കാണുന്നില്ലായെന്നുള്ളതും സ്മർത്തവ്യമാണ്.

ഹീബ്രുഭാഷയിൽ ഷെയോൾ എന്നും ഗ്രീക്ക് ഭാഷയിൽ ഹാദെസ് എന്നുമുള്ള സംജ്ഞകളാണ് പാതാളത്തെ വിവക്ഷിക്കുവാൻ ഉപയോഗിക്കുന്നത്. ഭൂമിക്കടിയിലുള്ള അന്ധകാരാവൃതവും ശൂന്യവുമായ ഒരു സ്ഥലമായി പാതാളത്തെ ഇസ്രായേൽ ചരിത്രത്തിന്റെ പ്രാരംഭദശയിൽ കരുതിയിരുന്നു (ജോബ് 10:21-22). എന്നാൽ, പില്ക്കാലത്ത് ഗ്രീക്കുചിന്താധാരകളുമായുള്ള പാരസ്പര്യം വഴി, നന്മ ചെയ്തവർക്കും തിന്മ പ്രവർത്തിച്ചവർക്കും ഒരേ ഫലമാണ് ലഭിക്കുന്നതെങ്കിൽ, അതുദൈവ നീതിക്ക് നിരക്കാത്തതാണെന്ന നവീനചിന്ത ഉദ്ഭവിച്ചു. ബി.സി. രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ദാനിയേലിന്റെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു: ഭൂമിയിലെ പൊടിയിൽ ഉറങ്ങുന്ന അനേകർ ഉണരും; ചിലർ നിത്യജീവനായും; ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും. ജ്ഞാനികൾ ആകാശവിതാനത്തിന്റെ പ്രഭപോലെതിളങ്ങും. അനേകരെ നീതിയിലേക്കു നയിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെ എന്നുമെന്നും പ്രകാശിക്കും (ദാനി 12:2-3). മരിച്ച നീതിമാന്മാരുടെ സ്ഥിതി ജീവനോ

സന്തോഷമോ ദൈവസ്തുതിപ്പോ ഇല്ലാത്ത ഇരുട്ടറയിൽ (സങ്കീ 88:5-12) അല്ല, പ്രത്യുത ഭൂമിയിൽ നന്മപ്രവർത്തിച്ചവർ അബ്രഹാമിന്റെ മടിത്തട്ടിൽ വിശ്രമിക്കുന്നു എന്ന ആശയത്തിലേക്ക് പുതിയനിയമകാലത്ത് വളർച്ചഉണ്ടായി (ലൂക്കാ 16:22-23). നിത്യനരകത്തെ സൂചിപ്പിക്കുവാൻ ഗേഹന്നാ എന്ന പദമാണ് ഉപയോഗിച്ചിരുന്നത് (സീയോന്റെ തെക്കുപടിഞ്ഞാറുഭാഗത്തുള്ള അഗാധമായ ഒരു താഴ്വരയാണ് ഗഹിന്നോം). യേശുപാതാളത്തിൽ ഇറങ്ങി എന്ന പ്രയോഗംകൊണ്ട് നാം അർത്ഥമാക്കേണ്ടത് യേശു യഥാർത്ഥത്തിൽ മരിച്ചുവെന്നാണ്, അല്ലാതെ യേശു നരകം സന്ദർശിച്ചുവെന്നല്ല.

**4. നരകത്തിൽ സുവിശേഷഘോഷണമോ?**

1 പത്രോ 3:18-20-നെ അധികരിച്ചാണ് യേശുമരണശേഷം ആത്മാവിൽ പാതാളത്തിലേക്കിറങ്ങിയെന്നും മരിച്ചവരോട് സുവിശേഷം അറിയിച്ച് ബന്ധിതരായിരുന്ന ആത്മാക്കളെ മോചിപ്പിച്ചെന്നും അതിനാൽ മരണശേഷവും മാനസാന്തരത്തിന് സാധ്യതയുണ്ടെന്നും സ്പിരിറ്റ് ഇൻ ജീസസ് വാദിക്കുന്നത്. ആത്മാവോടുകൂടെ ചെന്ന് അവൻ ബന്ധനസ്ഥരായ ആത്മാക്കളോട് സുവിശേഷം പ്രസംഗിച്ചു. അവരാകട്ടെ നോഹിന്റെ കാലത്ത് പെട്ടകം പണിയപ്പെട്ടപ്പോൾ ക്ഷമാപൂർവ്വം കാത്തിരുന്ന ദൈവത്തെ അനുസരിക്കാത്തവരായിരുന്നു. വീണ്ടും 1 പത്രോ 4:6 -ൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: എന്തെന്നാൽ, ശരീരത്തിൽ മനുഷ്യരെപ്പോലെ വിധിക്കപ്പെട്ടെങ്കിലും ആത്മാവിൽ ദൈവത്തെപ്പോലെ ജീവിക്കുന്നതിനുവേണ്ടിയാണ് മരിച്ചവരോടുപോലും സുവിശേഷം പ്രസംഗിക്കപ്പെട്ടത്. ഈ വാക്യങ്ങൾ വേദവ്യാഖ്യാതാക്കൾക്കിടയിൽ വലിയ സംവാദങ്ങൾക്കു വഴിതെളിച്ചിട്ടുണ്ട്. സമീപകാലത്ത് വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഈ വാക്യങ്ങൾ സംബന്ധിച്ചു നല്കിയ വിശദീകരണം താഴെ കൊടുക്കുന്നു:

(i) യേശു പാതാളത്തിലിറങ്ങി എന്ന പ്രഖ്യാപനത്തിൽ അവൻ യഥാർത്ഥത്തിൽ മരിച്ചു എന്ന വിശ്വാസസത്യമാണ് പ്രഖ്യാപനം ചെയ്യുന്നത്. യേശു മരിച്ച് അടക്കപ്പെട്ടു എന്നത് യേശുവിന്റെ പൂർണ്ണമനുഷ്യസ്വഭാവത്തെ വിശദമാക്കുന്നു; (ii) യേശുവിന്റെ കുരിശിലെ ബലിയിലൂടെ ലഭിച്ച വരപ്രസാദം യേശുവിന്റെ മരണത്തിനു മുമ്പ് മരണമടഞ്ഞ സകല നീതിമാന്മാർക്കും നീതിമതികൾക്കും ലഭിച്ചുവെന്നതിന്റെ പ്രതീകാത്മകമായ ആഖ്യാനമാണ് ഈ പ്രഖ്യാപനം; (iii) യേശു മരണശേഷം നിത്യശിക്ഷയുടെ സ്ഥലമായ നരകം സന്ദർശിക്കുകയോ, അവിടെ അകപ്പെട്ടുപോയ ആത്മാക്കളെ രക്ഷിക്കുകയോ ചെയ്തിട്ടില്ല (General Audience, 1989 Jan 11).

യേശു നരകം സന്ദർശിച്ചെന്നും നരകവാസികളെ രക്ഷിച്ചു വെന്നുമുള്ളത് കത്തോലിക്കാവിശ്വാസികൾക്ക് സ്വീകാര്യമല്ല. സഭാപാരമ്പര്യത്തിൽ യേശുവിന്റെ പാതാളത്തിലെ സുവിശേഷപ്രഘോഷണം ഉയർപ്പിന്റെ പ്രഖ്യാപനമായിട്ടാണ് മനസ്സിലാക്കിയിട്ടുള്ളത്. ആ പ്രഖ്യാപനം ആദാമും ഹവ്വായും മുതൽ നിദ്രയടഞ്ഞിട്ടുള്ള എല്ലാ നീതിമാന്മാരെയും അവരുടെ നിദ്രയിൽ നിന്നുണർത്തി, യേശുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും യോഗ്യതകളിൽ അവരെ പങ്കുകാരാക്കി. ഫിലി 2:9-11-ൽ നാം വായിക്കുന്നു: ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു. അത് യേശുവിന്റെ നാമത്തിനുമുമ്പിൽ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുമടക്കുന്നതിനും യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുന്നതിനും വേണ്ടിയാണ്.

പൗരസ്ത്യ സഭകളിൽ പ്രചാരത്തിലുള്ള യേശുവിന്റെ പാതാള സന്ദർശനം ചിത്രീകരിച്ചിരിക്കുന്ന ഐക്കണിന്റെ പേര് Harrowing of Hades (പാതാളത്തിന്റെ ഉഴുതുമറിക്കൽ) എന്നാണ്. ഇങ്ങനെ വി. ഗ്രന്ഥവും പാരമ്പര്യവും തറപ്പിച്ചു പറയുന്നുണ്ട്, യേശുവിന്റെ പാതാള സന്ദർശനം പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള ദൈവികനീതിയുടെ ആത്യന്തിക വിജയവും നീതിമാൻമാർക്ക് ഉയിർപ്പും നിത്യജീവനും ഉറപ്പാക്കിയ സംഭവവുമാണെന്ന്. ഇതാണ് പാതാളത്തിലെ സുവിശേഷഘോഷണം എന്ന പ്രയോഗത്തിന്റെ പൊരുൾ.

5. പൂർവ്വപിതാക്കളുടെ പാപഫലം പിൻതലമുറയിലേക്ക്

നിത്യരക്ഷകിട്ടാതെ യാതനയനുഭവിക്കുന്ന പൂർവ്വപിതാക്കളുടെ പാപഫലം അനന്തരതലമുറകളിലേക്ക് ശാപമായി ഒഴുകിയെത്തുന്നെന്നും അതിനാൽ അവർക്ക് ശാപമോക്ഷം ലഭിക്കാതെ ചില കുടുംബങ്ങളിലെ കഷ്ടനഷ്ടങ്ങളും മാറാരോഗങ്ങളും വിട്ടുമാറുകയില്ലെന്നും സ്പിരിറ്റ് ഇൻ ജീസസ് പഠിപ്പിക്കുന്നു. പഴയനിയമത്തിലെ ചില മര്യാദകൾ തെറ്റായി വ്യഖ്യാനിക്കുന്നതുകൊണ്ടാണ് ഇങ്ങനെസംഭവിക്കുന്നത്. ഈ കാഴ്ചപ്പാട് എസക്കിയേൽ ദീർഘദർശിതന്നെ തിരുത്തിയിട്ടുണ്ട്: പിതാക്കന്മാർ പുളിക്കുന്ന മുന്തിരിങ്ങതിന്നു; മക്കളുടെ പല്ലുപുളിച്ചു എന്ന് ഇസ്രായേൽ ജനത്തെക്കുറിച്ചുള്ള പഴമൊഴി നിങ്ങൾ ഇപ്പോഴും ആവർത്തിക്കുന്നതെന്തിന്? (എസെ 18:1-2). ദൈവത്തിന്റെ തിരുത്തൽ ഇപ്രകാരമായിരുന്നു: പുത്രൻ പിതാവിന്റെ തിന്മകൾക്കുവേണ്ടിയോ

പിതാവ് പുത്രന്റെ തിന്മകൾക്കുവേണ്ടിയോ ശിക്ഷിക്കപ്പെടുകയില്ല. നീതിമാൻ നീതിമാന്റെ പ്രതിഫലവും ദുഷ്ടൻ തന്റെ ദുഷ്ടതയുടെ ഫലവും അനുഭവിക്കും (എസെ 1:20). വീണ്ടും, ഇസ്രായേൽ ഭവനമേ, ഓരോരുത്തരെയും താന്താങ്ങളുടെ പ്രവൃത്തിക്കനുസൃതമായി ഞാൻ വിധിക്കും (എസെ 1:30) എന്നും പറഞ്ഞിരിക്കുന്നു.

പുതിയ നിയമത്തിലും ഇതേ സത്യമാണ് യേശു പ്രഖ്യാപിച്ചത്: മനുഷ്യപുത്രൻ സ്വപിതാവിന്റെ മഹത്ത്വത്തിൽ തന്റെ ദൂതന്മാരോടൊത്ത് വരാനിരിക്കുന്നു. അപ്പോൾ അവൻ ഒരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തിക്കനുസരിച്ച് പ്രതിഫലംനൽകും (മത്താ 16:27; റോമാ 2:6). വെളിപാടുപുസ്തകം ഒരു വാഗ്ദാനത്തിലാണ് സമാപിക്കുന്നത്: ഇതാ ഞാൻ വേഗംവരുന്നു. എന്റെ സമ്മാനവും ഞാൻ കൊണ്ടുവരുന്നുണ്ട്. ഓരോരുത്തർക്കും സ്വന്തപ്രവൃത്തികൾക്കനുസൃതം പ്രതിഫലം നല്കാനാണ് ഞാൻ വരുന്നത് (വെളി 22:12).

യേശുക്രിസ്തു പാപത്തിൽ നിന്നും (2 കോറി 5:21) ശാപത്തിൽ നിന്നും (ഗലാ 3,13) നമ്മെ മോചിപ്പിച്ചിരിക്കുന്നതിനാൽ പൂർവികരുടെ പാപവും ശാപവും നമുക്കു പ്രസക്തമല്ല. പൂർവപിതാക്കളുടെ പാപം പിൻതലമുറകളിലേക്കു പടരുന്നെന്നും ശാപമായി തുടരുന്നെന്നും പഠിപ്പിക്കുന്നത് ക്രിസ്തുവിന്റെ രക്ഷാകരകർമത്തെ തള്ളിപ്പറയുന്നതിനു തുല്യമാണ്. അതിനാൽ, യേശുവിന്റെ രക്തത്താൽ കഴുകി വെടിപ്പാക്കപ്പെട്ടവരെ പൂർവ്വപിതാക്കന്മാരുടെ ചെയ്തികൾ ബാധിക്കില്ല.

**6. സാംസ്കാരികാനുരൂപണവും ഇതര മതദൈവശാസ്ത്രവും**

സാംസ്കാരികാനുരൂപണം വഴി ദൈവരാജ്യം തകർക്കപ്പെടുമെന്നും അതിലൂടെ പൈശാചിക സ്വാധീനം വിശ്വാസികളിലേക്ക് കടന്നുവരുമെന്നുമാണ് സ്പിരിറ്റ് ഇൻ ജീസസ് പഠിപ്പിക്കുന്നത്. ദൈവത്തിന്റെ നിത്യമായ വചനം മാംസം ധരിച്ച് മനുഷ്യനായി പിറന്നു എന്നതും പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകളേററു മരിച്ചു എന്നതും മഹത്ത്വത്തോടെ ഉയിർത്തെഴുന്നേറ്റ് സ്വർഗത്തിലേക്കു കരേറി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു എന്നതുമാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം. വീണ്ടെടുക്കപ്പെട്ട സകല ജനപദങ്ങളെയും (ലൂക്കാ 1:68) തന്റെ മഹത്ത്വത്തിലേക്ക് ചേർക്കുന്നതിന് അവിടുന്ന് വീണ്ടും വരും (യോഹ 14:3). എല്ലാ ജനപദങ്ങളും യേശുക്രിസ്തുവിലൂടെയുള്ള ദൈവികരക്ഷ പ്രാപിക്കണമെന്നതാണ് ദൈവേഷ്ടം (1 തിമോ 2:3-4). ഏതെങ്കിലും ഭാഷയോ സംസ്കാരമോ വംശമോ രക്ഷയിലേക്കുള്ള ഈ വിളിയിൽ നിന്ന് വിദൂരത്തല്ല. രക്ഷയുടെ സുവി

ശേഷം സ്വീകരിക്കുന്നതിന് ഏതെങ്കിലും പ്രത്യേകമായ ഒരു ദേശത്തിന്റേയോ ജനതയുടെയോ സംസ്കാരം സ്വീകരിക്കേണ്ടതുമില്ല. അതിനാൽ, സംസ്കാരികാനുരൂപണം വിശ്വാസപ്രഘോഷണത്തിന്റെ അവിഭാജ്യഘടകമാണ്.

യേശുവിലൂടെയും യേശു സ്ഥാപിച്ച സഭയിലൂടെയും കൈവരുന്ന രക്ഷയെക്കുറിച്ച് സഭ പഠിപ്പിക്കുമ്പോൾ തന്നെ ഇതര മതവിശ്വാസങ്ങളെയും അവരുടെ ആചാരാനുഷ്ഠാനങ്ങളെയും ആദരപൂർവമാണ് സഭ വീക്ഷിക്കുന്നത്. അക്രൈസ്തവ മതങ്ങളോടുള്ള കത്തോലിക്കാസഭയുടെ സമീപനത്തെ സംബന്ധിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച പ്രമാണരേഖയിൽ ഇത് വ്യക്തമാക്കുന്നു: "ഒരൊറ്റ സമൂഹത്തിൽപ്പെട്ടവരാണ് എല്ലാ ജനങ്ങളും. അവരുടെ ഉദ്ഭവസ്ഥാനവും ഒന്നുതന്നെ. കാരണം, മനുഷ്യവംശത്തെ ഭൂമുഖം പരക്കെ നിവസിപ്പിച്ചത് ദൈവമാണ്. എല്ലാ മനുഷ്യരുടെയും ആത്യന്തിക ലക്ഷ്യവും ഒന്നു തന്നെ, ദൈവം അവിടുത്തെ പരിപാലനയും നന്മയുടെ ആവിഷ്കാരങ്ങളും രക്ഷാകരപദ്ധതികളും എല്ലാവരെയും സമാശ്ലേഷിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവരെല്ലാം ദൈവമഹിമയാൽ പ്രദീപ്തമായ പരിശുദ്ധനഗരത്തിൽ സമ്മേളിക്കുന്നതുവരെ ഇതു തുടർന്നുകൊണ്ടേയിരിക്കും. അവിടെ സമസ്തജനതകളും ദൈവിക പ്രകാശത്തിലായിരിക്കും സഞ്ചരിക്കുന്നത്" (NA 1). തിരുസഭയെന്ന രേഖയിൽ ഇത് കുറച്ചുകൂടി വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്: "സുവിശേഷം സ്വീകരിക്കാത്തവരും ദൈവജനത്തോട് വിവിധരീതികളിൽ ബന്ധപ്പെട്ടാണിരിക്കു ന്നത്..... സ്രഷ്ടാവായ ദൈവത്തെ ഏറ്റുപറയുന്നവരും അവിടുത്തെ പരിത്രാണ പദ്ധതിയിലുൾപ്പെടുന്നു... ഛായകളിലും പ്രതിരൂപങ്ങളിലും കൂടി അജ്ഞാതനായ ദൈവത്തെ അന്വേഷിക്കുന്നവരിൽ നിന്ന് അവിടുന്ന് വിദൂരത്തല്ല. കാരണം, എല്ലാവർക്കും ജീവനും പ്രചോദനവും എന്നുവേണ്ട സകലതും പ്രദാനം ചെയ്തിരിക്കുന്നത് അവിടുന്നാണ് (അപ്പ: 17/25 -28). സകല മനുഷ്യരും രക്ഷ പ്രാപിക്കണമെന്നാണ് രക്ഷകനായ ദൈവത്തിന്റെ അഭിലാഷം (1തിമോ 2:4). സ്വന്തം കുറ്റം കൂടാതെ ക്രിസ്തുവിന്റെ സുവിശേഷത്തെയും അവിടുത്തെ സഭയെയും അറിയാതിരിക്കുകയും, അതേസമയം ആത്മാർത്ഥഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുകയും മന:സാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവതിരുമനസ്സ് പ്രസാദവരത്തിന്റെ പ്രചോദനങ്ങൾക്കനുസൃതമായി നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്ക് നിത്യരക്ഷ പ്രാപിക്കാം (LG 16). "ക്രിസ്തു മരിച്ചത് എല്ലാവർക്കും

വേണ്ടിയാണ്... തന്മൂലം എല്ലാ മനുഷ്യർക്കും പെസഹാരഹസ്യവുമായി സംയോജിക്കാനുള്ള സാദ്ധ്യത ദൈവത്തിനുമാത്രം ഗ്രാഹ്യമായ രീതിയിൽ പവിത്രാത്മാവു നല്കുന്നുണ്ടെന്ന് നാം വിശ്വസിക്കേണ്ടിയിരിക്കുന്നു (GS 22).

ഇതര മത ദൈവശാസ്ത്രചിന്തകളുടെ നല്ലവശങ്ങളെ അംഗീകരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് സഭ വച്ചു പുലർത്തുന്നത്. ''ഇതര മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും കത്തോലിക്കാ തിരുസ്സഭ തിരസ്കരിക്കുന്നില്ല. മറ്റ് മതങ്ങളിലെ പ്രവർത്തന രീതികളും ജീവിതമുറകളും പ്രമാണങ്ങളും സിദ്ധാന്തങ്ങളും തിരുസ്സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തങ്ങളാണ്. എങ്കിലും തിരുസ്സഭ അവയെയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടുകൂടിയാണ് നിരീക്ഷിക്കുന്നത്. കാരണം, സർവ്വമനുഷ്യരെയും പ്രകാശിപ്പിക്കുന്ന ആ സത്യത്തിന്റെ രശ്മി അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ട് (NA.2). "വചനമാകുന്ന ബീജത്തിലൂടെയും സുവിശേഷഘോഷണത്തിലൂടെയും എല്ലാ മനുഷ്യരെയും ക്രിസ്തുവിലേക്ക് വിളിക്കുകയും വിധേയത്വപൂർണ്ണമായ വിശ്വാസം അവരുടെ ഹൃദയങ്ങളിൽ ഉണർത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യം നാം മറക്കരുത് (AG.15). "മനുഷ്യരുടെ ഹൃദയത്തിലും മനസ്സിലും എന്തെല്ലാം നന്മയുണ്ടോ, വിവിധ റീത്തുകളിലും ജനങ്ങളുടെ സംസ്കാരങ്ങളിലും എന്തെല്ലാം അഭിലഷണീയമായിട്ടുണ്ടോ, അതെല്ലാം അഭംഗുരം കാത്തുസൂക്ഷിക്കാൻ മാത്രമല്ല, അവ വളർത്തിയെടുക്കാനും അവയെ ന്യൂനതയറ്റതും ഉന്നതവും പരിപൂർണ്ണവുമാക്കാനുമാണ് സഭ പരിശ്രമിക്കുന്നത്" (LG17).

ദൈവത്തെ അംഗീകരിക്കുകയും മതത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെയും അമൂല്യങ്ങളായ ഘടകങ്ങളെ തങ്ങളുടെ പാരമ്പര്യങ്ങളിൽ കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന എല്ലാവരുമായി തുറന്ന സംഭാഷണത്തിൽ ഏർപ്പെടാനും സഭ നമ്മെ ആഹ്വാനം ചെയ്യുന്നു (GS.92).

"ജനപദങ്ങളുടെ ഇടയിൽ കാണപ്പെടുന്ന സത്യത്തിന്റെയും കൃപയുടെയും അംശങ്ങളെ ദൈവത്തിന്റെ രഹസ്യ സാന്നിദ്ധ്യമായി സഭ കാണുന്നു (AG.9). അതോടൊപ്പം തങ്ങളുടെ ദേശീയവും മതപരവുമായ പാരമ്പര്യങ്ങളെ അടുത്തറിയാനും അവയിൽ മറഞ്ഞുകിടക്കുന്ന ദൈവവചനത്തിന്റെ വിത്തുകൾ സന്തോഷത്തോടും ആദരവോടും കൂടി ആരായാനും (AG.11) സഭ ആവശ്യപ്പെടുന്നുണ്ട്.

ഇതര മത ദൈവശാസ്ത്രങ്ങളോട് തുറന്നസമീപനം സ്വീകരിച്ച സഭ ഇതിനെ പ്രോത്സാഹിപ്പിക്കുവാൻ സഹായകമായ രീതിയിൽ 1964–ൽ അക്രൈസ്തവ മതങ്ങൾക്കായി ഒരു കാര്യാലയം തന്നെ സ്ഥാപിച്ചുവെന്നതും നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു. ലോകമതങ്ങളുടെ പ്രഭവസ്ഥാനമായ ഏഷ്യയുടെ പ്രത്യേക പശ്ചാത്തലത്തിൽ ഇതര മത ങ്ങളുമായുള്ള ഭാവാത്മകബന്ധത്തെ സഭ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത് (Ecclesia in Asia - 13). ഇതരമതങ്ങളോട് തുറവു പുലർത്തു കയും അവയുമായി സംവാദത്തിലേർപ്പെടുകയും ചെയ്യുന്നതു വഴി, ലോകരക്ഷകനായ ക്രിസ്തുവിനെയും ക്രിസ്തുവിലൂടെ മനുഷ്യവർഗത്തിനു നല്കപ്പെട്ടിരിക്കുന്ന രക്ഷയുടെ മാർഗത്തെയും പ്രഘോഷിക്കുന്നതിനു കടപ്പെട്ടവരാണ് നമ്മൾ.

**7. വേദപുസ്തക വ്യാഖ്യാനങ്ങൾ**

വേദപുസ്തകത്തെ അതിന്റെ സമഗ്രതയിൽ കാണാതെ വാച്യാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നരീതി (പെന്തക്കോസ്ത് ശൈലി) സ്പിരിറ്റ് ഇൻ ജീസസിന്റെ പ്രത്യേകതയാണ്.

സഭ വിശ്വാസത്തിന്റെ സ്രോതസ്സായി വേദപുസ്തകത്തെയും പാരമ്പര്യത്തെയും കാണുന്നു. പരിശുദ്ധാത്മ നിവേശനത്താൽ ദൈവ വചനത്തെ ലിഖിത രൂപത്തിലാക്കിയതുപോലെ സത്യാത്മാവിന്റെ പ്രകാശത്താൽ ദൈവവചനം പ്രസംഗിച്ചുകൊണ്ട് അതിനെ വിശ്വസ്തത യോടെ പാലിക്കാനും വിശദീകരിക്കാനും, പ്രചരിപ്പിക്കാനും പിതാ ക്കന്മാർ നടത്തിയിട്ടുള്ള ശ്രമങ്ങളെ സഭ ആദരവോടെയാണ് കാണു ന്നത് (DV 9). വേദപുസ്തകത്തെയും പാരമ്പര്യത്തെയും ആധികാരിക മായി വ്യാഖ്യാനിക്കാനുള്ള ചുമതല സഭയുടെ പ്രബോധനാധികാര ത്തിന് നൽകപ്പെട്ടിരിക്കുന്നു. അതിനാൽ വി. പാരമ്പര്യവും, വി. ലിഖി തങ്ങളും, സഭയുടെ പ്രബോധനാധികാരവും ദൈവത്തിന്റെ അതിവി ശിഷ്ടമായ സംവിധാനത്തിൽ അപരിത്യാജ്യമായ വിധത്തിൽ പരസ്പരം ബന്ധിതങ്ങളാണ്. തന്മൂലം ഒന്ന് മറ്റൊന്നിൽ നിന്ന് വേർപ്പെട്ട് നിൽക്കുക സാദ്ധ്യമല്ല. പ്രത്യുത എല്ലാം ഒരുമിച്ച് എന്നാൽ ഓരോന്നും സ്വന്തം രീതിയിൽ ഒരേ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ആത്മ രക്ഷകൈവരുത്താൻ ഫലപ്രദമായി സഹായിക്കുന്നു (DV10). ദൈവം മനുഷ്യർ വഴിയും മാനുഷികമായ രീതിയിലുമാണ് സംസാരിച്ചിരിക്കു ന്നത്. ഇത് വ്യത്യസ്തങ്ങളായ ചരിത്രരചനകളിലൂടെയോ പ്രവചനരൂപ ത്തിലോ, കാവ്യരൂപത്തിലോ, മറ്റേതെങ്കിലും സാഹിത്യ രൂപത്തിലോ ഉള്ള രചനകളിലൂടെയോ ആകാം (DV 12). അതിനാൽ വി. ഗ്രന്ഥ

കാരന്മാർ എഴുതിയ വചനങ്ങളിലൂടെ ദൈവം നമുക്ക് നൽകുന്ന സന്ദേശത്തെ തിരിച്ചറിയാൻ വേദപുസ്തക വ്യാഖ്യാതാക്കൾ ശ്രമിക്കണം. അതിന് സഹായകമായ വിധത്തിൽ വി. ഗ്രന്ഥകാരന്മാർ "ജീവിച്ച കാലഘട്ടത്തിന്റെയും സംസ്കാരത്തിന്റെയും അവരുടെ കാലത്തെ സാഹിത്യരൂപത്തിന്റെയും പ്രത്യേകതകളും അക്കാലത്തെ ചിന്തയുടെയും ഭാഷണത്തിന്റെയും ആഖ്യാനത്തിന്റെയും രീതികളും നാം ശ്രദ്ധിക്കണം (CCC 110).

വേദപുസ്തകവാക്യങ്ങളുടെ ശരിയായ അർത്ഥം ഗ്രഹിക്കാൻ വി. ഗ്രന്ഥത്തിന്റെ ആകെയുള്ള ഉള്ളടക്കവും പൊരുത്തവും കണക്കിലെടുക്കേണ്ടതുണ്ട്. ഇത് ചെയ്യുന്നത് സഭ മുഴുവനിലും ജീവിക്കുന്ന പാരമ്പര്യവും വിശ്വാസസത്യങ്ങൾ തമ്മിലുള്ള പൊരുത്തവും പരിഗണിച്ചുകൊണ്ടാണ്. വി. ഗ്രന്ഥ വ്യാഖ്യാതാക്കൾ ഈ തത്വങ്ങൾ പാലിച്ച് വി. ലിഖിതങ്ങളുടെ കൂടുതൽ അഗാധമായ അറിവിനും പ്രകാശനത്തിനും വേണ്ടി പരിശ്രമിക്കണം (DV 12, CCC 115-119).

**8. വിശ്വാസവൈപരീത്യങ്ങളും സഭയും**

വ്യക്തികൾക്ക് ലഭിക്കുന്ന ദർശനങ്ങളിലെ ദൈവാത്മാവിന്റെ പ്രചോദനം പഠിക്കുകയും ഉചിതമെങ്കിൽ പരിപോഷിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് സഭ എക്കാലവും അവലംബിച്ചിട്ടുള്ളത്. വ്യക്തികൾക്ക് ലഭിക്കുന്ന സ്വകാര്യ വെളിപാടുകളുടെ ലക്ഷ്യം ക്രിസ്തുവിലൂടെ അന്തിമമായി നല്കപ്പെട്ട വെളിപാടിനെ മെച്ചപ്പെടുത്തുകയോ, പൂർത്തീകരിക്കുകയോ അല്ല, പ്രത്യുത ചരിത്രത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ ക്രിസ്തുവിന്റെ വെളിപാടിനനുസൃതമായി കൂടുതൽ പൂർണ്ണമായി ചെയ്യാൻ സഹായിക്കുക എന്നതാണ്. അത്തരം സ്വകാര്യവെളിപാടുകളിൽ ഏതെല്ലാമാണ് ക്രിസ്തുവിന്റെയോ, അവിടുത്തെ വിശുദ്ധന്മാരുടെയോ, സഭയിലേക്കുള്ള യഥാർത്ഥ ആഹ്വാനം ഉൾക്കൊള്ളുന്നതെന്ന് വിവേചിച്ചറിഞ്ഞ്, അതിനെ സ്വീകരിക്കാൻ സഭയുടെ പ്രബോധനാധികാരത്താൽ നയിക്കപ്പെടുന്ന വിശ്വാസികളുടെ അവബോധത്തിന് (Sensus fidelium) കഴിയും (CCC67).

സഭയിൽ കടന്നുകൂടാവുന്ന വിശ്വാസ വൈപരീത്യങ്ങളെ മുന്നിൽ കണ്ടുകൊണ്ടു വി. പൗലോസ് എഴുതി: ഞങ്ങൾ നിങ്ങളോട് പ്രസംഗിച്ചതിൽ നിന്ന് വ്യത്യസ്തമായ ഒരു സുവിശേഷം ഞങ്ങൾ തന്നെയോ, സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ തന്നെയോ നിങ്ങളോടു പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ (ഗാലാ 1: 8). വി. പത്രോസും ശക്തമായ ഭാഷയിലാണ് ആദിമസഭയെ പഠിപ്പിച്ചത്: വിശുദ്ധ ലിഖിതങ്ങ

ളിലെ പ്രവചനങ്ങൾ ഒന്നും തന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല. എന്തുകൊണ്ടെന്നാൽ, പ്രവചനങ്ങൾ ഒരിക്കലും മാനുഷികചോദനയാൽ രൂപം കൊണ്ടതല്ല; പരിശുദ്ധാത്മാവിനാൽ പ്രേരിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചതാണ് (2പത്രോ: 1:20–21). സഭയുടെ വിശ്വാസനിക്ഷേപം (Deposit of Faith) അഭംഗുരം കാത്തുസൂക്ഷിക്കുക പ്രത്യേകിച്ചും പ്രാദേശികസഭയിലെ മെത്രാൻ സമിതിയുടെ ഗൗരവമേറിയ ചുമതലയാകുന്നു.

## 9. കേരള കത്തോലിക്കാസഭയും സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനവും

ആദ്യകാലങ്ങളിൽ സഭയോടൊത്തു പ്രവർത്തിച്ചെങ്കിലും വി. ഗ്രന്ഥത്തോടും സഭാപാരമ്പര്യങ്ങളോടും ഇണങ്ങാത്ത പ്രബോധനങ്ങൾ സ്പിരിറ്റ് ഇൻ ജീസസിൽ നിന്നുണ്ടായപ്പോൾ സഭ ജാഗ്രതയോടെ അവരെ നിരീക്ഷിക്കാൻ തുടങ്ങി. സഭാഗാത്രത്തിലെ ഒരംഗംപോലും നഷ്ടമാകാതിരിക്കാൻ സഭാമാതാവ് എന്നും ആഗ്രഹിക്കുന്നുണ്ട്. സത്യവിശ്വാസത്തിൽ നിന്നും വ്യതിചലിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടി സഭ പലതലങ്ങളിൽ പ്രാർത്ഥനയും ഉപവാസവും പരിത്യാഗപ്രവർത്തനങ്ങളും നടത്തിയിരുന്നു. സഭാഗാത്രത്തിലെ ഒരംഗം നഷ്ടമാകുമ്പോൾ സഭ മുഴുവനും വേദനിക്കുന്നു എന്ന അപ്പസ്തോല ദർശനമാണ് സഭയുടെ നിത്യമായ പ്രേരണയും പ്രചോദനവും.

സീറോ മലബാർ സഭയുടെ മെത്രാൻ സമിതി ആദ്യമായി സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനവുമായി ഒരു അനുനയ ചർച്ചയിൽ ഏർപ്പെടാൻ ശ്രമിച്ചു. പക്ഷേ വേണ്ട ഫലം കണ്ടില്ല. എന്നാൽ ഏതാനും വർഷങ്ങൾക്കുള്ളിൽ കേരളത്തിലെ പല രൂപതകളിലേക്കും അവരുടെ പ്രവർത്തനം വ്യാപിച്ചപ്പോൾ കെസിബിസി അതിന്റെ ദൈവശാസ്ത്ര കമ്മീഷനെ സ്പിരിറ്റ് ഇൻ ജീസസ് നേതാക്കളുമായി സംഭാഷണത്തിൽ ഏർപ്പെടാൻ നിയോഗിച്ചു. ദൈവശാസ്ത്ര കമ്മീഷനും സ്പിരിറ്റ് ഇൻ ജീസസ് നേതൃത്വവും തമ്മിൽ നടത്തിയ ഡയലോഗുകളിൽ ഉണ്ടായ ധാരണയനുസരിച്ച് സ്പിരിറ്റ് ഇൻ ജീസസിന്റെ പ്രസംഗങ്ങളും പ്രസിദ്ധീകരണങ്ങളും പരിശോധിക്കാനും പ്രവർത്തനങ്ങളെ നിരീക്ഷിക്കാനും ഒരു വൈദികനെ നിരീക്ഷകനായി നിയമിച്ചു. കൂടാതെ ഈ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്നവർക്കുവേണ്ടി തിയോളജി കമ്മീഷനംഗങ്ങൾ സെമിനാർ നടത്തിയെങ്കിലും അവർക്ക് വേണ്ടത്ര സ്വീകാര്യത ലഭിക്കുകയോ അതിനനുസരിച്ച് സ്പിരിറ്റ് ഇൻ ജീസസിന്റെ അദ്ധ്യയനങ്ങളിൽ മാറ്റം വരുത്തുകയോ ചെയ്തില്ല. ഇതിന്റെയടിസ്ഥാനത്തിൽ

സ്പിരിറ്റ് ഇൻ ജീസസിനോട് നിർദ്ദേശിച്ച കാര്യങ്ങൾ നടപ്പാ ക്കാത്ത തിനെക്കുറിച്ചും അവരുടെ പ്രബോധനങ്ങളിലെ ദൈവശാസ്ത്രപ്രശ്ന ങ്ങളെ സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് 2015 ഏപ്രിൽ 23-ന് കെ.സി. ബി.സി ദൈവശാസ്ത്ര കമ്മീഷൻ നൽകിയ കത്തിന് മറുപടി നൽകുകയോ, ക്രിയാത്മകമായി കമ്മീഷനോട് സഹകരിക്കു കയോ ചെയ്തില്ല. മാത്രവുമല്ല, പ്രസ്തുത ചർച്ചകളുടെ മറവിൽ തെറ്റിദ്ധാരണ വളർത്താനാണ് ഇതിന്റെ നേതാക്കൾ താത്പര്യപ്പെട്ടത്. സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം തിരുസഭയുമായി അനുരഞ്ജന പ്പെട്ടു; എല്ലാ അഭിപ്രായ വ്യത്യാസങ്ങളും അവസാനിപ്പിച്ച് തിരുസ്സഭ സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെ അംഗീകരിച്ചു; തുടങ്ങിയ പ്രസ്താവനകളിലൂടെ സാധാരണ വിശ്വാസികളുടെയിടയിൽ ആശയക്കുഴപ്പമുണ്ടാക്കാൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നതായി മനസ്സിലാക്കുന്നു. ഇതെല്ലാം സഭാനേതൃത്വത്തോടും പ്രബോധന ങ്ങളോടും ചേർന്ന് പോകാനുള്ള അവരുടെ വിമുഖത വ്യക്തമാക്കു ന്നുണ്ട്.

**10. വിശ്വാസികൾക്ക് കെ.സി.ബി.സി. യുടെ മുന്നറിയിപ്പ്**

മേൽപറഞ്ഞ കാരണങ്ങളാൽ സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെക്കുറിച്ച് വ്യക്തമായൊരു നിലപാട് സ്വീകരിക്കാൻ തിരുസ്സഭ നിർബന്ധിതമായിരിക്കുകയാണ്. സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം അതിന്റെ നിലവിലുള്ള രൂപത്തിൽ കത്തോലിക്കാ വിശ്വാസവുമായി ഒത്തുപോകുന്നതല്ല. അതിനാൽ ഈ പ്രസ്ഥാനത്തിന്റെ കത്തോലിക്കാസഭയിലെ എല്ലാ പ്രവർത്തനങ്ങളും ഇതിനാൽ നിരോധിക്കുന്നു. ഈ പ്രസ്ഥാനവുമായി ഏതെങ്കിലും വിധത്തിൽ സഹകരിക്കുന്നത് സത്യവിശ്വാസത്തിന് വിരുദ്ധമാണെന്ന് എല്ലാ വിശ്വാസികളെയും സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു തുടർന്നു പ്രവർത്തിക്കുന്നവരുണ്ടെങ്കിൽ അവർക്കെതിരേ സഭാപരമായ ശിക്ഷണ നടപടികൾ ബന്ധപ്പെട്ട രൂപതാ കോടതികൾ സ്വീകരിക്കുന്നതാണ്. സത്യവിശ്വാസം സംരക്ഷിക്കാൻ സഭയൊന്നാകെ സംഘാതമായി പ്രതിജ്ഞാ ബദ്ധമാണെന്നകാര്യം ആരും വിസ്മരിക്കരുത്.

**ഉപസംഹാരം**

വഴിതെറ്റിപോകുന്നവരോട് കരുണ കാണിക്കാൻ സഭയ്ക്ക് കടമയുണ്ട്. സഭാഗാത്രത്തിൽ നിന്ന് ഒരു വ്യക്തിയെങ്കിലും നഷ്ടപ്പെ ടുന്നത് വേദനാജനകമാണ്. എങ്കിലും സത്യവിശ്വാസം (Orthodoxy)

കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ നിത്യരക്ഷയ്ക്ക് ആവശ്യമാണെന്ന കാര്യവും ഓർമ്മിപ്പിക്കുന്നു. വിശ്വാസമില്ലാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല (ഹെബ്രാ 13:6). സഭാംഗങ്ങളിൽ ആരെങ്കിലും മേല്പറഞ്ഞ വിശ്വാസ വ്യതിചലനത്തിന് വിധേയരായിട്ടുണ്ടെങ്കിൽ തെറ്റുതിരുത്തി സത്യവിശ്വാസത്തിലേക്കു തിരികെ വരണമെന്നും സഭാമക്കളെ വഴിതെറ്റിക്കുന്ന അബദ്ധപ്രബോധനങ്ങളിൽ വീണുപോകാതിരിക്കാൻ വിശ്വാസികളേവരും ആത്മീയമായ ജാഗ്രത പുലർത്തണമെന്നും അഭ്യർത്ഥിക്കുന്നതോടൊപ്പം സഭയുടെ സത്യ വിശ്വാസം സംരക്ഷിക്കുന്നതിനും സഭാഗാത്രത്തിലെ കൂട്ടായ്മ വർദ്ധമാനമാക്കുന്നതിനുമായി നൽകിയിരിക്കുന്ന ഈ പ്രബോധനങ്ങൾ സഭയിലെ മുഴുവൻ വിശ്വാസികളുടെയും വിശ്വാസപരിപോഷണത്തിനുകാരണമാകട്ടെ എന്ന് പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എല്ലാവരെയും ദൈവികകാരുണ്യത്തിന് സമർപ്പിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ!

കേരള കത്തോലിക്കാമെത്രാൻ സമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ**
പ്രസിഡന്റ്, കെസിബിസി
**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെസിബിസി
**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെസിബിസി

# രൂപതാകച്ചേരി വാർത്തകൾ

**സീറോ മലബാർ സഭാദിനം**

ദുക്റാന തിരുനാൾ ദിനമായ ജൂലൈ 3 ന് സീറോ മലബാർ സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും കുർബാനമധ്യേ ഈ നിയോഗത്തിനുവേണ്ടി മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലേയ്ക്ക് നൽകുന്നതിനായി പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**യുവജനദിനം**

കേരളസഭ ജൂലൈ 10-ാം തീയതി യുവജനദിനം ആചരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കും കഴിയുന്നവിധത്തിൽ സഹായിക്കാം. ഉചിതമായ വിധത്തിൽ യുവജന ദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ യുവജന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന ബഹു. ലാൽ പൈനുങ്കൽ അച്ചനെയും മറ്റ് ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അന്നേദിവസം യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിച്ച് യുവജന പ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

## New Address & Phone Noumber

1) Rev. Fr. Binu Painumkal
   Priest's Residence, Room No.5,
   D'Souza Chawl, Safed Pool
   Jerimeri, Mumbai 400072
   Ph: 022-28595678
   Mob: 08976256123 (MH), 9446254036 (KL)
2) Rev. Fr. Stephen Kottackal - 9447297641

**ബഹു. വൈദികരുടെ വാർഷികധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ 18–ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 23–ാം തീയതി വെള്ളിയാഴ്ചവരെയും സെപ്റ്റംബർ 25–ാം തീയതി ഞായറാഴ്ച മുതൽ 30–ാം തീയതി വെള്ളിയാഴ്ചവരെയുമായിരിക്കും. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. ബഹുമാനപ്പെട്ട വൈദികർ ഈ തീയതികൾ ശ്രദ്ധിക്കുകയും മുടക്കം കൂടാതെ ധ്യാനത്തിൽ പങ്കെടുക്കാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുകയും ചെയ്യുമല്ലോ. ഏതെങ്കിലും തക്കതായ കാരണത്താൽ ധ്യാനത്തിന്റെ ബാച്ച് മാറുന്ന വൈദികർ പകരക്കാരെ സ്വന്തമായി കണ്ടെത്തി വിവരം ബഹു. ജനറാളച്ചനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

# ANNUAL RETREAT FOR PRIESTS

## 1ST BATCH - 2016 SEPTEMBER 18 SUNDAY to 23 FRIDAY

| SN | Rev.Frs. Housename & Name | SN | Rev.Frs. Housename & Name |
|---|---|---|---|
| 1 | Aikkarathazhath Joseph | 21 | Kattamkottil Thomas |
| 2 | Chakkittakudiyil James | 22 | Kattarath Mathew |
| 3 | Changanamthundathil George | 23 | Kattath Thomas |
| 4 | Chembakkara James | 24 | Kattuthuruthiyil Thomas |
| 5 | Chempalayil Augustine | 25 | Kizhakkanputhupally Varghese |
| 6 | Chettaniyil Thomas | 26 | Kochuparackal Mathew |
| 7 | Chirackathottathil Augustine | 27 | Koipuram Sebastian |
| 8 | Choorapuzhayil John | 28 | Koottala Paul |
| 9 | Chozhenparambil John | 29 | Korandiyarkunnel Paul |
| 10 | Elavanappara Sebastian | 30 | Kottackal Stephen |
| 11 | Elayidathu Mani | 31 | Kottayil Joseph |
| 12 | Elemkunnel Sebastian | 32 | Kumbukal James |
| 13 | Iykkarakanayil Thomas | 33 | Kunnath Johny |
| 14 | Kachirayil Thomas | 34 | Kunnathett James |
| 15 | Kalambukattu Joseph | 35 | Kuthukallunkal Francis |
| 16 | Kalappura Vincent | 36 | Kuttikattukunnel Thomas |
| 17 | Kaliyaniyil Kuriakose | 37 | Madapallikunnel Mathew |
| 18 | Kalliyatt Devasia | 38 | Madathil Abraham |
| 19 | Kallupura Johny | 39 | Manikuttiyil Kurian |
| 20 | Kappiarumalayil John | 40 | Mannoor Thomas |

41 Maplassery Lukose
42 Mavara Stanislaus
43 Meppurath Chacko
44 Moloparambil Jose
45 Moolayil Thomas
46 Moonnanal Justin
47 Moothedath Thomas
48 Mukkattukavunkal Thomas
49 Mulavelikunnel Jacob
50 Mundackal Jose
51 Mundackamattam Jose
52 Mundolickal Paul
53 Munjanattu Mathew
54 Muthanikkattu Justin
55 Muthukathaniyil Varghese
56 Muthukattil Shantidas
57 Nechikatt Joseph
58 Nilackappillil Augustine
59 Ottaplackal Thomas
60 Ousepparampil Joseph
61 Padinjarayil George
62 Paikkatt Mathew
63 Painumkal George
64 Palakatt Augustine
65 Palakkattu Antony
66 Palath Joseph
67 Pallichankudiyil Mathai
68 Parunthanolil Thomas
69 Peechattu Joseph
70 Perumattikunnel Mathew
71 Ponparackal John
72 Ponthottiyil Thomas
73 Poothakkuzhy Jacob
74 Pudussery Vincent
75 Pulikuzhiyil Abraham
76 Pullamkunnel Joy
77 Punchayil Lucka
78 Puthenpura John
79 Thamarasseril Vincent
80 Thekkanady Jose
81 Therakam George
82 Therakam Thomas Joseph
83 Thuruthel Thomas
84 Urumbil Joseph
85 Vadakkancheril Mathew
86 Valachannath Cyriac
87 Valloppilly Joseph
88 Vathelil Abraham
89 Vattakkatt Paul
90 Vattukunnel Issac
91 Vazhachalil Thomas
92 Vazhakatt Joseph
93 Vazhakkala Chackochan
94 Vazhakkalayil Jose
95 Vazhayil Kurian

## IInd BATCH - 2016 SEPTEMBER 25 SUNDAY to 30 FRIDAY

| SN | Rev.Frs. Housename & Name |
|---|---|
| 1 | Alumkal Joseph |
| 2 | Athickal Mathew |
| 3 | Chakkittukudy Jose |
| 4 | Chelackapallil Thomas |
| 5 | Cheruthottil Paul |
| 6 | Chettiyassery Joseph |
| 7 | Chittarackal Varghese |
| 8 | Edayakondattu Paul |
| 9 | Elamkunnapuzha Joseph |
| 10 | Elavunkal Johny |

11 Kakkattikalayil Sebastian
12 Kakkonal Manoj
13 Kalappura Alex
14 Kalappura Jose
15 Kallumgatharayil Agustine
16 Kappiarumalayil Jose
17 Karukapally Joseph
18 Karuthedath Mathew
19 Kassamkuttiyil Sebastian
20 Kavalakkadan Varghese
21 Kavumkal Joseph
22 Kazhuthadiyil Mathew
23 Keezheth Sebastian
24 Kizhakkumpuram George
25 Kocharackal Jose
26 Kochuparackal Kurian
27 Kokkandathil John
28 Kollamkunnel Varghese
29 Kollarthottam Mathew
30 Korattiparambil Vincent
31 Kottaram Jose
32 Koyikattil Thomas
33 Kulathinal James
34 Kulirany Jose
35 Kuttimakkal James
36 Kuzhikandathil Joseph
37 Madapallikunnel Antony
38 Madathil Sebastian
39 Malayil Mathew
40 Mampallil Anto
41 Mampallil George
42 Manakkunnel Thomas
43 Manjakunnel Mathew
44 Mecheril Joseph
45 Mekkattu Philip
46 Moothedath Mathew
47 Mulakodiyankal Varghese
48 Muthirakalayil George
49 Muthirakalayil Joseph
50 Myladoor George
51 Nadukunnel Abraham
52 Nanthikatt Joseph
53 Nedumkallel Joseph
54 Nellickal Abraham
55 Nellikunnel Francis
56 Padinjarayil Mathew
57 Pakkanikuzhiyil Sebastian
58 Palackeel Sebastian
59 Parackal Varghese
60 Parambil Kuriakose
61 Parayil Sebastian
62 Paruvummel Joseph
63 Peedikappara James
64 Periappuram Mathew
65 Perumattikunnel John
66 Perumattikunnel Thomas
67 Pinakkatt Joseph
68 Plassanal Thomas
69 Poovathinkal Peter
70 Pudussery Martin
71 Pulinthanam Jose
72 Pulpayil Joseph
73 Punakkatt Chandy
74 Punnakkapadavil Sebastian
75 Puthanapra Kurian
76 Puthen Sebastian
77 Puthenpurayil Joseph
78 Puthukattil Mathew
79 Puthukulangara Thomas
80 Puthukulathil John
81 Thekkepera Mathew
82 Thekkilakkattil Mathew

| | | | |
|---|---|---|---|
| 83 | Thevarkunnel Don Bosco | 90 | Vadakkemulanjanal Michael |
| 84 | Thondiparambil Joseph | 91 | Vadayaparambil Jose |
| 85 | Thondiparambil Sebastian | 92 | Vadayaparambil Sony |
| 86 | Thuruthel Joseph | 93 | Valakodiyil Dominic |
| 87 | Thuruthel Kuriakose | 94 | Venakuzhy Mathai |
| 88 | Thykunnumpuram Thomas | 95 | Vettickal John |
| 89 | Unnippally Sebastian | | |

Please note that the names of the religious fathers are not given in the list, since a very few are participating in the retreat organized by the diocese. Hence, those who wish to attend the retreat, please contact Rev. Fr. Joshy Periapuram, the director of the pastoral centre. His mobile No. 9946916636.

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

**ചുങ്കക്കുന്ന് ഫൊറോന**

ചുങ്കക്കുന്ന് ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 2016 മെയ് 7-ാം തീയതി ശാന്തിഗിരി സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ വച്ച് നടത്തി. ബഹു. ജെയിംസ് കൊളക്കുന്നേൽ അച്ചൻ ധ്യാനചിന്തകൾ പങ്കുവച്ചു. യേശുവിന്റെ തിരുഹൃദയത്തോട് ചേർന്ന് നിൽക്കേണ്ട മാസമാണ് ജൂൺമാസം ദൈവത്തോടുള്ള ബന്ധത്തിൽ ഞാൻ എവിടെ നിൽക്കുന്നു? ഈ ചിന്തയാണ് നമ്മെ തായ്ത്തണ്ടിനോട് ചേർന്ന് ഫലം പുറപ്പെടുവിക്കുവാൻ സഹായിക്കുന്നതെന്നും അച്ചൻ തന്റെ പ്രഭാഷണത്തിലൂടെ ഓർമ്മിപ്പിച്ചു. ബഹു. തോമസ് മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ എല്ലാ സംഘടനകളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തി. ചുങ്കക്കുന്ന് മേഖലയുടെ കെ.സി.വൈ.എം. ഡയറക്ടർ ആയി ബഹു. റെജി മുതുകത്താനിയിലച്ചനെ തെരഞ്ഞെടുത്തു. അടുത്ത മാസധ്യാനം ചുങ്കക്കുന്ന് ഫാത്തിമമാതാ ഫൊറോന പള്ളിയിൽവച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. നിധിൻ പാലക്കാട്ട്** - സെക്രട്ടറി

**നടവയൽ ഫൊറോന**

നടവയൽ ഫൊറോനയിലെ 2016 ജൂൺ മാസത്തിലെ വൈദികരുടെ മാസധ്യാനം കല്ലുവയൽ സെന്റ് മേരീസ് ചർച്ച് ദൈവാലായത്തിൽ വച്ച് നടത്തുകയുണ്ടായി. മാസധ്യാനത്തിന് പതിനെട്ടുവൈദികർ പങ്കെടുത്തു. ബഹു. ഇടവകവികാരി ഫാ. തോമസ് വാഴച്ചാലിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. പനമരം പാദ്രോപിയോ ആശ്രമത്തിലെ ബഹു. മരിയദാസച്ചൻ ധ്യാനചിന്തകൾക്ക് നേതൃത്വം നല്കുകയും ഏവരേയും ആത്മീയതയിലേയ്ക്ക് നയിക്കുകയും ചെയ്തു. അരിഞ്ചേർമല, പനമരം, വിളമ്പുകണ്ടം ഇടവകയിലേയ്ക്കും പനമരം ലാസലെറ്റ്, പാദ്രോപിയോ ആശ്രമങ്ങളിലേയ്ക്കും പുതിയതായി കടന്നുവന്ന വൈദീകരെ ബഹു. ഫൊറോന വികാരി ഫാ. വർഗ്ഗീസ് മുളകുടിയാങ്കൽ അച്ചൻ സ്വാഗതം ചെയ്തു. കായക്കുന്ന് ലാസലെറ്റ് ആശ്രമത്തിൽനിന്നും പുതിയ സ്ഥലങ്ങളിലേയ്ക്കു സ്ഥലം മാറിപ്പോകുന്ന വൈദികർക്കു യാത്രയയപ്പ് നല്കുകയും ചെയ്തു. അടുത്ത മാസധ്യാനം കേണിച്ചിറ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽവച്ച് നടത്താൻ തീരുമാനിച്ചു.

**ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ** - സെക്രട്ടറി

**ബത്തേരി ഫൊറോന**

ബത്തേരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 2016 ജൂൺ 5 ന് മൂലങ്കാവ് സെന്റ് ജൂഡ്സ് ദേവാലയത്തിൽ വച്ച് നടത്തി. ബഹു. ഫാ. ഷാജു മുളവേലിക്കുന്നേൽ എല്ലാവരെയും സ്വാഗതം ചെയ്ത് സംസാരിച്ചു. ബഹു. ഫാ. ജോർജ് കുരുവിള ധ്യാനചിന്ത കൾക്കും, ആരാധനയ്ക്കും നേതൃത്വം നൽകി. തുടർന്ന് നടത്തിയ ചർച്ച കൾക്ക് ഫൊറോന വികാരി ബഹു. ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ നേതൃത്വം നൽകി. മിഷൻലീഗ് മേഖലാ ഡയറക്ടറായി ബഹു. ഫാ. ഷാജു മുളവേലിക്കുന്നേൽ, ഫാമിലി അപ്പോസ്റ്റലേറ്റ് മേഖലാ ഡയറ ക്ടറായി ബഹു. ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളി എന്നിവരെ തിരഞ്ഞെ ടുത്തു. വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയി രുത്തി. അടുത്ത മാസധ്യാനം ജൂലൈ 5-ാം തീയതി നടത്തുവാൻ തീരു മാനിക്കുകയും ചെയ്തു.

**ഫാ. ഷിജോ വേനക്കുഴിയിൽ**
സെക്രട്ടറി

# സെമിനാരി വാർത്തകൾ

**മൈനർ ഓർഡേഴ്സ്**

2016 മാർച്ച് 21-ാം തീയതി തിങ്കളാഴ്ച രാവിലെ 6.45 ന് മൈനർ സെമിനാരിയിൽ വച്ച് വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്രം പഠിക്കുന്ന വൈദികവിദ്യാർത്ഥികൾക്ക് നോമ്പുകാലചൈതന്യത്തിൽ പൗരോഹിത്യ സ്വീകരണത്തിനൊരുക്കമായ വിവിധ പട്ടങ്ങൾ അഭിവന്ദ്യ പിതാവ് നൽകി.

വടാശ്ശേരിൽ തോമസ്, വട്ടുകുളത്തിൽ മാത്യു, തട്ടുപറമ്പിൽ വർഗ്ഗീസ് എന്നിവർ മ്ശംശാന പട്ടവും അറയ്ക്കപറമ്പിൽ ഇമ്മാനുവൽ, ഒറവാറന്തറ വിൻസെന്റ്, കളരിക്കൽ പോൾ, ചക്കുളത്തിൽ ജോസഫ്, ഏലംകുന്നേൽ ജോസഫ് എന്നിവർ ഹെവുപ്പദ്യാക്ക്ന പട്ടവും, ചക്കാലയ്ക്കൽ ജോസഫ്, കണിപ്പിള്ളിൽ വർഗ്ഗീസ്, ചവറനാൽ തോമസ്, തേൻപള്ളിൽ സെബാസ്റ്റ്യൻ എന്നിവർ കാറോയ പട്ടവും സ്വീകരിച്ചു.

**Major Seminarian's Gathering**

2016 ഏപ്രിൽ 25 ന് വൈകുന്നേരം മുതൽ 27 ന് രാവിലെ വരെ വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ സമ്മേളനം സെമിനാരിയിൽ വച്ച് നടന്നു. അഭിവന്ദ്യ പിതാവും, പെരിയ ബഹുമാനപ്പെട്ട ജനറാളച്ചനും, ചാൻസലർ അച്ചനും ക്ലാസ്സുകൾ നയിച്ചു. ലീഡർ ഡീക്കൻ തട്ടുപറമ്പിൽ വർഗ്ഗീസ് നേതൃത്വം നൽകി. പുതിയ ലീഡറായി ബ്രദർ ചക്കുളത്തിൽ ജോസഫിനെ തെരഞ്ഞെടുത്തു.

**വൈദികവസ്ത്ര സ്വീകരണം**

മെയ് 11-ാം തീയതി രാവിലെ മൈനർ സെമിനാരിയിൽ വെച്ച് തത്വശാസ്ത്ര പഠനത്തിനുശേഷം 2,3 വർഷങ്ങളിലായി നടത്തിയ ബിരുദാനന്തരബിരുദപഠനം പൂർത്തിയാക്കിയ ബ്രദേഴ്സിന് അഭിവന്ദ്യ പിതാവ് ദിവ്യബലിമധ്യേ വൈദികവസ്ത്രം ആശീർവ്വദിച്ചു നൽകി.

വൈദികവസ്ത്രം സ്വീകരിച്ച ജോസഫ് കുന്നത്ത്, ഫ്രാൻസീസ് പേഴക്കാട്ടിൽ, ജോർജ്ജ് തലച്ചിറ, ജെയിംസ് ആലയ്ക്കത്തടത്തിൽ, അബ്രാഹം തെക്കേതിൽ, സെബാസ്റ്റ്യൻ മുളകൊടിയാങ്കൽ, അബ്രാഹം കളപ്പുരയ്ക്കൽ, ജോസഫ് എടച്ചിലാത്ത്, ജോസഫ് മുട്ടപ്പള്ളിൽ, ദേവസ്യ മഠത്തിപ്പറമ്പിൽ, കുര്യൻ പൊയ്കയിൽ എന്നിവർക്ക് അഭിനന്ദനങ്ങൾ.

**അഭിനന്ദനങ്ങൾ, ആശംസകൾ**

വിവിധ മേജർ സെമിനാരികളിൽ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനം ആരംഭിച്ചിരിക്കുന്നവർക്ക് അഭിനന്ദനങ്ങൾ.

**തത്വശാസ്ത്രം**

തോമസ് മന്ത്രിക്കൽ, ദേവസ്യ തുണ്ടത്തിൽ - കോട്ടയം

ജൂഡ് വട്ടക്കുന്നേൽ, തോമസ് മുളങ്ങാട്ടിൽ - ആലുവ

ലൂയിസ് തുരുത്തിയിൽ - കുന്നോത്ത്

ക്രിസ്റ്റി പൂതക്കുഴിയിൽ, അനൂപ് വടക്കൻ - പൂന

ജോർജ്ജ് പ്ലാത്തോട്ടത്തിൽ - കൽക്കട്ട

**ദൈവശാസ്ത്രം**

ജോസഫ് കുന്നത്ത്, ഫ്രാൻസീസ് പേഴക്കാട്ടിൽ - കുന്നോത്ത്

ജോർജ്ജ് തലച്ചിറ - തൃശൂർ

ജെയിംസ് ആലയ്ക്കത്തടത്തിൽ, അബ്രാഹം തെക്കേതിൽ - ആലുവ

സെബാസ്റ്റ്യൻ മുളകൊടിയാങ്കൽ, അബ്രാഹം കളപ്പുരയ്ക്കൽ - കോട്ടയം

ജോസഫ് എടച്ചിലാത്ത് - പൂന

ജോസഫ് മുട്ടപ്പള്ളിൽ, ദേവസ്യ മഠത്തിപ്പറമ്പിൽ - ഷില്ലോങ്ങ്

കുര്യൻ പൊയ്കയിൽ - റോം

**നന്ദി**

മൂന്ന് വർഷം രൂപതയുടെ വൊക്കേഷൻ പ്രമോട്ടറും, സെമിനാരിയിലെ വൈസ് റെക്ടറുമായി സേവനം ചെയ്തശേഷം കല്യാൺ രൂപതയിൽ സേവനത്തിനായി പോയിരിക്കുന്ന ബഹു. ബിനു പൈനുങ്കലച്ചന് സെമിനാരി കുടുംബത്തിന്റെ നന്ദിയും പുതിയ സ്ഥലത്ത് ആശംസകളുമർപ്പിക്കുന്നു.

**സ്വാഗതം**

രൂപതയുടെ വോക്കേഷൻ പ്രൊമോട്ടറും സെമിനാരി പ്രൊക്കുറേറ്ററുമായി നിയമിതനായിരിക്കുന്ന ബഹു. സെബാസ്റ്റ്യൻ ഏലംകുന്നേലച്ചനും വൈസ് റെക്ടറായി നിയമിതനായിരിക്കുന്ന ബഹു. സിബി മാടപ്പള്ളിക്കുന്നേലച്ചനും ഹൃദ്യമായ സ്വാഗതം. ഒപ്പം എല്ലാ ഭാവുകങ്ങളും നേരുന്നു.

**പൗരോഹിത്യ സ്വപ്നവുമായി കടന്നുവന്നിരിക്കുന്ന പുതുവർഷക്കാർക്ക് സ്വാഗതം**

| നമ്പർ | പേരും വീട്ടുപേരും | ഇടവക | രൂപത |
|---|---|---|---|
| 1 | ആക്കാന്തരിയിൽ ഡ്രിനിറ്റ് | മുള്ളൻകൊല്ലി | മാനന്തവാടി |
| 2 | അമ്പലത്തിങ്കൽ സുബിൻ | ചെന്നലോട് | ,, |

| | | | |
|---|---|---|---|
| 3 | ചളുക്കാട്ട് അമൽ | ചുങ്കക്കുന്ന് | ,, |
| 4 | ചിറയിൽ ജിത്തു | വള്ളിക്കെട്ട് | ,, |
| 5 | കണിപറമ്പിൽ ഡെൽവിൻ | കൊട്ടിയൂർ | ,, |
| 6 | കോട്ടേപ്പറമ്പിൽ അലൻ | ചുണ്ടക്കര | ,, |
| 7 | മാങ്കൂട്ടത്തിൽ ആദർശ് | ചുണ്ടക്കര | ,, |
| 8 | മണ്ണൂർ ഷിബിൻ | ചുങ്കക്കുന്ന് | ,, |
| 9 | മൂഞ്ഞനാട്ട് ആൻസൺ | പഴൂർ | ,, |
| 10 | നെച്ചിയാട്ട് ജിതിൻ | പാൽച്ചുരം | ,, |
| 11 | ഓലിക്കൽ ഫെബിൻ | മൂലേപ്പാടം | ,, |
| 12 | ഊരോത്ത് അമൽ | ബാവലി | |
| 13 | പനച്ചിക്കൽ ഷനിൽ | സീതാമൗണ്ട് | ,, |
| 14 | പറയരുമലയിൽ ജെസ്‌വിൻ | വാഴവറ്റ | ,, |
| 15 | പുതുശ്ശേരി മോറീസ് | കുറുമ്പാലക്കോട്ട | ,, |
| 16 | തച്ചേടത്ത് നിതിൻ | പാലാങ്കര | ,, |
| 17 | തലച്ചിറ ഫെബിൻ | ദീപ്തിഗിരി | ,, |
| 18 | തയ്യിൽ എബിൻ | അരിഞ്ചേർമല | ,, |
| 19 | വട്ടക്കാട്ട് നിർമ്മൽ | കോട്ടത്തറ | ,, |
| 20 | കല്ലുമാടിയിൽ മിതുൽ | കുന്നലാടി | മണ്ഡ്യ |
| 21 | മേക്കാട്ട് അബിൻ | എടൂർ (തലശ്ശേരി) | മണ്ഡ്യ |
| 22 | ഡോണൽ തച്ചംമണിയാട്ട് | പയ്യംപള്ളി | മണ്ഡ്യ |
| 23 | അലിൻ തെന്നാട്ടിൽ | പാൽച്ചുരം | മണ്ഡ്യ |
| 24 | ആമക്കാട്ട് ജയിംസ് | ഉദയഗിരി (തലശ്ശേരി) | ഭദ്രാവതി |
| 25 | അമ്മൻചേരിൽ അബിൻ | നെടുങ്കണ്ടം (ഇടുക്കി) | ഭദ്രാവതി |
| 26 | മൂന്നുതൊട്ടിയിൽ അലോഷി | ളാലം (പാല) | ഭദ്രാവതി |

**ഫാ. തോമസ് കച്ചിറയിൽ**
റെക്ടർ

## HM, PP സമ്മേളനം

മെയ് 21-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട പ്രധാനാധ്യാപകരുടെയും ബഹു. വികാരിയച്ചൻമാരുടെയും സംയുക്ത സമ്മേളനത്തോടെ 2016-17 അദ്ധ്യയന വർഷം ആരംഭിച്ചു. സി. ജ്യോതി FCC നേതൃത്വം നൽകിയ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ, ദൈവസ്മരണയിൽ ജീവിക്കുന്നവരാണ് മതാധ്യാപകർ എന്ന ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനം ഓർമ്മപ്പെടുത്തിക്കൊണ്ട് ഡയറക്ടർ ഫാ. റോയി വട്ടക്കാട്ട് ഏവരേയും സ്വാഗതം ചെയ്തു.

വിശ്വാസപരിശീലനത്തിന്റെ പ്രസക്തിയും മാറുന്ന കാലഘട്ടത്തിൽ മതാധ്യാപകരും അജപാലകരും നേരിടുന്ന വെല്ലുവിളികളും അതിന്റെ അതിജീവന മാർഗ്ഗങ്ങളും തന്റെ അദ്ധ്യക്ഷ പ്രസംഗത്തിലൂടെ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് പങ്കു വച്ചു. ആധുനിക കാലഘട്ടത്തിനനുയോജ്യമായ വിശ്വാസപരിശീലനം നൽകുകയെന്നത് സഭയുടെ ഉത്തരവാദിത്വമാണെന്നും ഈ ലക്ഷ്യത്തോടെ മാനന്തവാടി രൂപത മതബോധനകേന്ദ്രം പുറത്തിറക്കിയ ഉപപാഠപുസ്തകങ്ങൾ വളർന്നുവരുന്ന തലമുറയ്ക്ക് വളരെ ഉപകാരപ്രദമാണെന്നും പിതാവ് ഓർമ്മപ്പെടുത്തി.

തുടർന്ന് രൂപതാ മതബോധനകേന്ദ്രം പുറത്തിറക്കുന്ന ഉപപാഠപുസ്തകങ്ങൾ അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. വിശ്വാസപരിശീലനരംഗത്ത് 25 വർഷങ്ങൾ പൂർത്തിയാക്കി സിൽവർ ജൂബിലി ആഘോഷിക്കുന്ന പൈലി ഇല്ലത്തുംകുടിയിൽ (ബത്തേരി), ടോംസ് ജോൺ നെടുംകല്ലേൽ (ബത്തേരി), സി.റോസ് ടോം എസ്.എ.ബി.എസ് (ബത്തേരി), സി. ആൻസി എസ്.എ.ബി.എസ് (പഴൂർ), ഗ്രേസി മുരിങ്ങത്തേരിൽ (കൊട്ടിയൂർ), ആൻസി കല്ലടയിൽ (കൊട്ടിയൂർ), റോസമ്മ കാക്കനാട്ട് (കൊട്ടിയൂർ), ബിജോയ് തുരുത്തിയിൽ (കൊട്ടിയൂർ), ആലീസ് നെടുമറ്റത്തിൽ (ഒറ്റപ്ലാവ്), ജോസഫ് പുളിയാർമറ്റം (ദീപ്തിഗിരി), ഫ്രാൻസിസ് പള്ളിക്കമാലിൽ (കണിയാരം), സോയി കൈതാരത്ത് (കണിയാരം), ബെന്നി മഴുവഞ്ചേരി

(പേരിയ), ഫ്രാൻസിസ് കൈതയ്ക്കൽ (തവിഞ്ഞാൽ), മേരി പറയിടം (യവനാർകുളം), ആന്റണി കണ്ടത്തിക്കുടിയിൽ (അമരക്കുനി), ജേക്കബ് ചെമ്പകശ്ശേരിൽ (കേണിച്ചിറ), ജോസ് മഠത്തിൽ (കേണിച്ചിറ), സോണി മംഗലത്ത് (പറളിക്കുന്ന്), അമ്മിണി പൂവത്തിങ്കൽ (കോട്ടത്തറ), സി. ബെറ്റി എസ്. എ.ബി.എസ് (ദ്വാരക), സി.ജോയിസ് എസ്.എ.ബി.എസ് (ദ്വാരക) എന്നിവർക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനാമംഗളങ്ങളും രൂപതാ ടീം അംഗം ശ്രീ. ബെന്നി വട്ടക്കാമുളയിൽ ആശംസിച്ചു. അഭിവന്ദ്യ പിതാവ് ജൂബിലേറിയൻസിന് മെമന്റോയും ക്യാഷ് അവാർഡും നൽകി ആദരിച്ചു. കഴിഞ്ഞ 25 വർഷം വിശ്വാസപരിശീലന രംഗത്തിന് ഇവർ നൽകിയ നിസ്വാർത്ഥ സേവനത്തെ നന്ദിയോടെ ഓർക്കുന്നു.

കഴിഞ്ഞ അധ്യയന വർഷം IV,VII,X,XII ക്ലാസ്സുകളിലും HDC കോഴ്സിലും ഉന്നതവിജയം നേടിയവരേയും SELOC,VII,XII, ക്ലാസ്സുകളിലെ പ്രതിഭകളേയും അനുമോദിച്ച് രൂപതാ ടീം അംഗം സി. ഷീജ SKD സംസാരിച്ചു. പ്രതിഭകളേയും വിജയികളായവരേയും അവരെ പരിശീലിപ്പിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. അഭിവന്ദ്യ പിതാവിൽ നിന്ന് വിജയികൾ ക്യാഷ് അവാർഡും മെമന്റോയും ഏറ്റുവാങ്ങി.

സിൽവർ ജൂബിലി ആഘോഷിക്കുന്നവരുടെ പ്രതിനിധിയായി, മുള്ളൻകൊല്ലി മേഖലാ സെക്രട്ടറിയും അമരക്കുനി ഇടവകയുടെ പ്രധാനാധ്യാപകനുമായ ശ്രീ. ബെന്നി കണ്ടത്തിക്കുടിയിൽ സാർ സംസാരിച്ചു. വിശ്വാസ പരിശീലന രംഗത്ത് ദൈവം കൈപിടിച്ചു നടത്തിയ 25 വർഷത്തെ അനുഭവങ്ങൾ സാർ പങ്ക് വച്ചു. വിദ്യാർത്ഥികളുടെ പ്രതിനിധിയായി 7-ാം ക്ലാസ്സ് രൂപതാ പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ട അഥീന ഊരോത്ത് (തെനേരി) സംസാരിച്ചു. സംസ്ഥാന പ്രതിഭാ സംഗമത്തിലെ നല്ല അനുഭവങ്ങൾ അഥീന പങ്ക് വെച്ചു. തുടർന്ന് അഭിവന്ദ്യ പിതാവിനും ഔദ്യോഗിക സമ്മേളനത്തിനും രൂപതാ ടീം അംഗമായ ശ്രീ. അലക്സ് കുഴികണ്ടത്തിൽ കൃതജ്ഞതയർപ്പിച്ചു.

2016-17 വർഷത്തെ മതബോധന കലണ്ടർ, സിലബസ്, ഉപപാഠപുസ്തകങ്ങൾ തുടങ്ങിയ പ്രധാനപ്പെട്ട കാര്യങ്ങൾ മതബോധന സെക്രട്ടറി ശ്രീ. ബേബി ജോസഫ് ചക്കാലയ്ക്കൽ വിശദീകരിച്ചു. തുടർന്നു നടന്ന ചർച്ചയിൽ വിശ്വാസ പരിശീലന രംഗത്ത് ഈ അധ്യയനവർഷം പ്രത്യേക ശ്രദ്ധ നൽകേണ്ട കാര്യങ്ങൾ പങ്കു വച്ചു. തുടർന്ന് ശ്രീ. ബേബി ജോസഫ് എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. രൂപതാ ഗാനത്തോടെ സമ്മേളനം അവസാനിച്ചു.

HM, PP സമ്മേളനത്തിനു ശേഷം മേഖലാ സെക്രട്ടറിമാരുടെ യോഗം ഉണ്ടായിരുന്നു. മേഖലയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു.

**മേഖലാ ഡയറക്ടേഴ്സിനും മേഖലാ സെക്രട്ടറിമാർക്കും സ്വാഗതം**

കഴിഞ്ഞ വർഷങ്ങളിൽ മതബോധനത്തിന്റെ മേഖലാ ഡയറക്ടേഴ്സായി സേവനം ചെയ്ത റവ. ഫാ. ബിജു കോയിക്കാട്ടിൽ (കൽപ്പറ്റ), റവ. ഫാ. ജയിംസ് മാങ്കോട്ടിൽ (മാനന്തവാടി), എന്നീ വൈദികർക്ക് രൂപതാ മതബോധന കേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

പുതിയ മേഖലാ ഡയറക്ടേഴ്സായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന റവ.ഫാ.സജി കോട്ടായിൽ (കൽപ്പറ്റ), റവ. ഫാ. സോമി വടയാപറമ്പിൽ (മാനന്തവാടി) എന്നീ വൈദികർക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

കഴിഞ്ഞ വർഷങ്ങളിൽ മേഖലാ സെക്രട്ടറിമാരായി സ്തുത്യർഹമായി സേവനം ചെയ്ത ശ്രീ. ജിൽസ് മേക്കൽ (ചുങ്കക്കുന്ന്), ശ്രീ. ഷാജി ഐക്കരേട്ട് (പയ്യമ്പള്ളി), ശ്രീ. മാണി എടത്തുംപറമ്പിൽ (കൽപ്പറ്റ), ശ്രീ. ഷാജി. ഉലകംതറ (തരിയോട്), ശ്രീ. ആന്റണി കണ്ടത്തിക്കുടിയിൽ (മുള്ളൻകൊല്ലി) എന്നീ അധ്യാപകർക്ക് മാനന്തവാടി രൂപതാ മതബോധനകേന്ദ്രം സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു. പുതിയ മേഖലാസെക്രട്ടറിമാരായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ശ്രീ. ജോൺ മഞ്ചുവള്ളി (ചുങ്കക്കുന്ന്), ശ്രീ. ജോൺ ഇളയിടം (പയ്യമ്പള്ളി), ശ്രീമതി. കാതറിൻ ജോയി വലിയപറമ്പിൽ (കൽപ്പറ്റ), ശ്രീ. വിൻസെന്റ് പാറയിൽ (തരിയോട്), സി.ജോസഫീന എസ്.എ.ബി. എസ് (മുള്ളൻകൊല്ലി) എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

**HCC Registration**

HCC (Plus One, Plus Two) രജിസ്ട്രേഷൻ ജൂലൈ 17 ന് മുമ്പ് പൂർത്തിയാക്കുക. 50 രൂപ ഫൈനോടുകൂടെ ജൂലൈ 30 വരെ രജിസ്ട്രേഷൻ നടത്താം. ജൂലൈ 30 ന് ശേഷമുള്ള രജിസ്ട്രേഷൻ യൂണിവേഴ്സിറ്റി സ്വീകരിക്കുന്നതല്ല. രജിസ്ട്രേഷൻ നടത്തിയ കുട്ടികളുടെ ലിസ്റ്റും പ്രിന്റും രജിസ്ട്രേഷൻ ഫീസും രൂപതാ കേന്ദ്രത്തിൽ എത്തിക്കണം.

**ആമുഖസെമിനാർ**

ജൂൺ 18-20 ദിവസങ്ങളിൽ നടന്ന ആമുഖസെമിനാറിൽ പങ്കെടുത്ത അധ്യാപകർക്ക് ആശംസകളും പ്രാർത്ഥനകളും. അടുത്ത ആമുഖസെമിനാർ ജൂലൈ 8-10 തീയതികളിൽ ദ്വാരകയിലും ജൂലൈ

16-17 തീയതികളിൽ മണിമൂളിയിലും വച്ച് നടത്തപ്പെടുന്നതാണ്. അധ്യാപകരുടെ പേര് വിവരം ഓഫീസിൽ മുൻകൂട്ടി അറിയിക്കാൻ ശ്രദ്ധിക്കുക.

**നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ്**

ബൈബിൾ നേഴ്സറി അധ്യാപകർക്കുള്ള പരിശീലനം ആമുഖ സെമിനാറിനൊപ്പം ജൂലൈ 8-10 തീയ്യതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**HDC, DCC Registration**

HDC, DCC കോഴ്സുകൾ ചെയ്യാൻ ആഗ്രഹിക്കുന്ന അധ്യാപകരും വിദ്യാർത്ഥികളും ജൂലൈ 30 ന് മുമ്പ് രജിസ്ട്രേഷൻ പൂർത്തിയാക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഉപപാഠപുസ്തക പരിശീലനം**

X,XI,XII ക്ലാസ്സുകളിലെ അധ്യാപകർക്കുള്ള ഉപപാഠപുസ്തക പരിശീലനം ജൂലൈ 23 ശനിയാഴ്ച ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നതാണ്. മേൽപ്പറഞ്ഞ ക്ലാസ്സുകളിലെ മുഴുവൻ അധ്യാപകരും ട്രെയിനിംഗിന് എത്തിച്ചേരണമെന്ന് ഓർമ്മിപ്പിക്കുന്നു. രാവിലെ 10. 00 മണിക്കാണ് ട്രെയിനിംഗ് ആരംഭിക്കുക. രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്. അധ്യാപകർ അതാതു ക്ലാസ്സിലെ ഉപപാഠപുസ്തകങ്ങൾ വായിച്ചുവരണമെന്ന് ഓർമ്മിപ്പിക്കുന്നു. മണിമൂളി- നിലമ്പൂർ മേഖലയിലെ അധ്യാപകർക്കുള്ള പരിശീലനം ജൂലൈ 16-ാം തീയതി മണിമൂളി സ്കൂളിൽ വച്ച് നടത്തപ്പെടുന്നതാണ്. എല്ലാ അധ്യാപകരും പങ്കെടുക്കാൻ ശ്രദ്ധിക്കുക.

**Private Registration**

XI, XII ക്ലാസ്സുകളിൽ Private Registration നടത്തുന്ന കുട്ടികൾ ഈ വർഷം മുതൽ രൂപതയുടെ കീഴിൽ നേരിട്ടാണ് രജിസ്റ്റർ ചെയ്യേണ്ടത്. HM, PP കോൺഫ്രൺസിൽ അറിയിച്ചിരുന്നതുപോലെ, വികാരിയച്ചന്റെ കത്തും ആപ്ലിക്കേഷൻ ഫോമും ജൂലൈ 17 -ന് മുമ്പ് ഓഫീസിൽ എത്തിക്കണം. 2017 മെയ് 22-ാം തിയതി മുതൽ 26-ാം തീയതി വരെ നടത്തപ്പെടുന്ന സെമിനാറിൽ വിദ്യാർത്ഥികൾ പങ്കെടുക്കുകയും 26-ാം തീയതി പരീക്ഷ എഴുതുകയും ചെയ്യണം. ഇവർക്ക് SAY Exam ഉണ്ടായിരിക്കുന്നതല്ല. First Term പരീക്ഷ സ്വന്തം ഇടവകയിൽ എഴുതണം. 1250 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

Catechism Office Mobile No - 9895992257

**ഫാ. റോയി വട്ടക്കാട്ട്**
ഡയറക്ടർ, മതബോധനം

# ചെറുപുഷ്പ മിഷൻലീഗ്

മിഷനറിമാരുടെ കരങ്ങളിൽ സുരക്ഷിതമായിരിക്കണം ഓരോ സമൂഹവും. വ്യത്യസ്ത രീതികളിൽ അസ്വസ്തത അനുഭവിക്കുന്ന വർക്ക് തണലേകാൻ കുഞ്ഞുമിഷനറിമാരായ നമുക്ക് സാധിക്കണം. ജൂലൈ മാസത്തിൽ വചനപഠനമെന്നോണം, പഴയനിയമത്തിലെ കരുണാമയനായ ദൈവത്തെക്കുറിച്ച് പഠിക്കാൻ ശ്രമിക്കുമല്ലോ. തേനും പാലുമൊഴുക്കുന്ന കാനാൻ നാട്ടിലേക്കുള്ള ദീർഘമായ യാത്രയിൽ ദൈവം കരുണാപൂർവ്വം ജനത്തെ സംരക്ഷിച്ചു. അഗ്നിസ്തംഭമായും, മേഘസ്തംഭമായും, പാറയിൽ നിന്ന് ജലമൊഴുക്കിയും, ചെങ്കടൽ വിഭജിച്ചും, മന്നായും കാടപക്ഷിയുമൊക്കെ നൽകിയും കാരുണ്യത്തിന്റെ മുഖം അവിടുന്ന് പ്രകടമാക്കി.

വസ്ത്രമില്ലാത്തവർക്ക് വസ്ത്രം കൊടുക്കുക എന്ന കാരുണ്യ പ്രവർത്തിക്ക് ഈ മാസം പ്രാധാന്യം കൊടുക്കുമല്ലോ. നമ്മുടെ ഇടവകാതിർത്തിയിലുള്ള പാവപ്പെട്ടവർക്ക്, വൃദ്ധരായി കഴിയുന്ന വരിലേക്ക്, യൂണിഫോം ഇല്ലാത്തവരിലേക്ക് കാരുണ്യത്തിന്റെ കരവുമായി നമുക്ക് ഇറങ്ങിചെല്ലാം. അങ്ങനെ അവൻ നമ്മിലൂടെ... ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം കാണട്ടെ... അങ്ങനെ അവർ ക്രിസ്തുവിന്റെ പ്രേഷിതരായ നമ്മുടെ കരങ്ങളിലൂടെ സുരക്ഷിതരാകട്ടെ... എല്ലാവിധ വിജയാശംസകളും

സ്നേഹപൂർവ്വം,
**ജോജോച്ചൻ**

- നമ്മുടെ രൂപതയിലെ മുഴുവൻ ശാഖാ ജോ. ഡയറക്ടർമാരുടെയും സംഗമം 2016 ജൂലൈ 09 ശനിയാഴ്ച രാവിലെ 9.30 മുതൽ 2 മണി വരെ കണിയാരം കത്തീഡ്രൽ പള്ളിയിൽ വച്ച് ചേരുന്നതാണ്.
- എല്ലാ ശാഖയിലെയും സി.എം.എൽ പ്രസിഡണ്ട്, സെക്രട്ടറി മീറ്റിംഗ് 2016 ജൂലൈ 6, ബുധനാഴ്ച രാവിലെ 9.30 മുതൽ 3 pm വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച്. (രജിസ്ട്രേഷൻ ഫീസ് ശാഖക്ക് 75 രൂപ.)

- എല്ലാ ശാഖയിലെയും അദ്ധ്യാപക പ്രതിനിധികളുടെ (മിഷൻ പവർ ഗ്രൂപ്പ്) യോഗം ജൂലൈ 8 വെള്ളിയാഴ്ച വൈകുന്നേരം 6 മണിമുതൽ 8.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച്. (രജിസ്ട്രേഷൻ ഫീസ് ശാഖക്ക് 40 രൂപ.)
- വൊക്കേഷൻ കോൺഗ്രസ്സ് – 7, 8, 9 ക്ലാസ്സിലെ കുട്ടികളിൽ വൈദീക സമർപ്പിത ജീവിതത്തിലേക്ക് താൽപര്യമുള്ളവരുടെ പേര്, വീട്ടുപേര്, ക്ലാസ്സ്, ഫോൺനമ്പർ എന്നിവ രേഖപ്പെടുത്തിയ ലിസ്റ്റ്, ജൂലൈ 9–ന് വരുമ്പോൾ കൊണ്ടുവരണം.
- വചനതാരം – ഈ വർഷത്തെ വചനതാരം പഠനഭാഗം – വി. മത്തായിയുടെ സുവിശേഷമാണ്. രജിസ്റ്റർ ചെയ്യുവാനുള്ള അവസാന തീയതി ആഗസ്റ്റ് 7 ആണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപ. 5 മുതൽ 8 വരെ ക്ലാസ്സ് ഒരു വിഭാഗമായും 9 –ാം ക്ലാസ്സിന് മുകളിലുള്ളവർക്ക് വേറെ വിഭാഗമായുമായിരിക്കും മത്സരം.
- നമ്മുക്കൊരു വൈദീക വിദ്യാർത്ഥി – ശാഖയിലെ ഓരോ അംഗത്തിൽ നിന്നും 5 രൂപ വീതം ശേഖരിച്ച്, ജൂലൈ 9 ന് വരുമ്പോൾ കൊണ്ടുവരണം – രൂപതാ സെമിനാരിയിൽ ഏൽപ്പിക്കാനുള്ളതാണ്.
- മേഖലാ സാഹിത്യമത്സരം ജൂലൈ 17 ന് ആണ് എന്ന് ശ്രദ്ധിക്കുക. (മാർഗരേഖ)
- **ജപമാല സൈന്യം** – കുട്ടികളെയും സംഘടന പ്രവർത്തനങ്ങളേയും മിഷൻ പ്രവർത്തനങ്ങളേയും സമർപ്പിച്ച് പ്രാർത്ഥിക്കുവാൻ ശാഖയിൽ രൂപികരിച്ച ജപമാല സൈന്യത്തിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി പോകുന്നുവെന്ന് കരുതുന്നു. ജപമാല സൈന്യത്തിൽ 7 അംഗങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്തുമല്ലോ. വിശദവിവരങ്ങൾ മാർഗ്ഗരേഖ ശ്രദ്ധിക്കുക.
- **മിഷൻ പ്രയർ ബാങ്ക്**– മിഷനുവേണ്ടി പ്രാർത്ഥിക്കുന്ന ചെറു ഗ്രൂപ്പുകൾ ശാഖയിൽ രൂപപ്പെടുത്തുക.
- **അംഗത്വ ലിസ്റ്റിൽ പേര് ചേർക്കേണ്ട അവസാന തീയതി ജൂലൈ 12 ആണ് (തിരുത്തലുകൾ)**

**ജോ. ഡയറക്ടേഴ്സ് മീറ്റിംഗിന് വരുമ്പോൾ കൊണ്ടുവരേണ്ടവ**

1. ശാഖാ പ്രവർത്തനമാർഗ്ഗരേഖ 2016–17 വർഷത്തേയ്ക്കുള്ളത്.
2. ശാഖാ വാർഷിക റിപ്പോർട്ട് 2015–16 വർഷത്തേത്.
3. കാണിക്ക, മിഷൻ ഞായർ വിഹിതം, സംസ്ഥാനവിഹിതം 2015–16 വർഷത്തേത് (തരാത്തവർ)
4. ശാഖയ്ക്ക് ആവശ്യമായ മിഷൻ കലണ്ടറിന്റെ എണ്ണം
5. തിരുബാലസഖ്യത്തിന്റെ അംഗത്വലിസ്റ്റ് 2 കോപ്പി.

6. തിരുബാലസഖ്യ വാർഷിക റിപ്പോർട്ട്.
7. ശാഖയിൽ നിന്ന് ഈ വർഷം ദൈവവിളി സ്വീകരിച്ചവരുടെ എണ്ണം.
8. കത്തുകൾ ലഭിക്കേണ്ടതായ പൂർണ്ണ മേൽവിലാസം, ഫോൺനമ്പർ.
9. സദ്‌വാർത്ത 2016-ൽ അംഗമാവുന്നവരുടെ പേരുകൾ (മാർഗരേഖ- പേജ് നമ്പർ-31)

**രൂപതാ കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 2016-17 വർഷത്തെ പ്രവർത്തനങ്ങൾക്ക് ജൂൺ 11 ശനിയാഴ്ച്ച ദ്വാരകയിൽ തുടക്കംകുറിച്ചു. രൂപതാ വൈസ് പ്രസിഡണ്ട് കുമാരി ജിഷ ഇടുമനാംകുഴി പതാക ഉയർത്തി. തുടർന്ന് പുതിയതായി തെരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് അംഗങ്ങൾ പതാകയുമേന്തി സമ്മേളനവേദിയിലേക്ക് പ്രവേശിക്കുകയും മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചൻ തിരി കൊളുത്തി കൗൺസിലിന് തുടക്കം കുറിക്കുകയും ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് പ്രതിജ്ഞ ചൊല്ലികൊടുത്തു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചൻ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽസാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് രൂപതാ ഡയറക്ടർ ജോജോ ചങ്ങനാംതുണ്ടത്തിലച്ചൻ സ്വാഗതവും രൂപതാ സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ നന്ദിയും ആശംസിച്ചു. രൂപതാ ജനറൽ ഓർഗനൈസർ രഞ്ജിത്ത് മുതുപ്ലാക്കൽ മാർഗരേഖ അവതരണം നടത്തി. സംസ്ഥാന സെക്രട്ടറി ബിനു മാങ്കൂട്ടം, രൂപതാ ജോ. ഡയറക്ടർ സി. ലിസ എസ്.കെ.ഡി, സിനീഷ് ആപ്പുഴയിൽ എന്നിവർ അശംസകൾ അർപ്പിച്ച് സംസാരിച്ചു. റേഡിയോ മാറ്റൊലി ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പുത്തേലച്ചൻ ക്ലാസുകൾ നയിച്ചു. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ നേതൃത്വം നൽകി.

**കാരുണ്യത്തിന്റെ കുട നിവർത്താം**

കാരുണ്യവർഷ പ്രവർത്തനങ്ങളുടെ ഭാഗമായി രൂപതയിലെ ഓരോ ശാഖകളിലെയും പാവപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകാനായി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ സ്വരൂപിച്ച തുക ഉപയോഗിച്ച് വാങ്ങിയ കുടയുടെ വിതരണോദ്ഘാടനം ബഹു.ജോസ് കുളിരാനിയിലച്ചൻ നിർവ്വഹിച്ചു. പൂളപ്പാടം ശാഖ പ്രസിഡണ്ട് ആദ്യകുട ഏറ്റുവാങ്ങി. കാരുണ്യത്തിന്റെ കുട നിവർത്താനായി ആവശ്യമായ ഫണ്ട് ശേഖരിച്ച എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളെയും സ്നേഹത്തോടെ ഓർക്കുന്നു.

**മിഷൻ മരം – വൃക്ഷതൈ വിതരണോദ്ഘാടനം**

ശാഖാ– മേഖലാ – രൂപതാ നേതൃത്വത്തിൽ ഹരിത സൗഹൃദ പദ്ധതിയുടെ ഭാഗമായി നട്ട് പരിപാലിക്കുന്നതിനായി ശേഖരിച്ച വൃക്ഷതൈകളുടെ വിതരണോദ്ഘാടനം രൂപതാ ജോ. ഡയറക്ടർ സി. ലിസ എസ്.കെ.ഡി നിർവഹിച്ചു. വിവിധ മേഖലാഭാരവാഹികൾ തൈകൾ ഏറ്റു വാങ്ങി.

**സ്കോളർഷിപ്പ് വിതരണം**

ഡിപ്ലോമ പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കുറുമ്പാല ശാഖയിലെ ആൻ മരിയ കാഞ്ഞിരക്കുഴിക്ക് രൂപതാ പ്രൊക്കുറേറ്റർ ബഹു. ബെന്നി മുതിരകാലായിലച്ചൻ കൗൺസിലിൽ വച്ച് സ്കോളർഷിപ്പ് നൽകി.

**ജൂബിലി ആശംസ – ബഹു. ബെന്നി മുതിരക്കാലായിലച്ചന്**

പൗരോഹിത്യ ജീവിതത്തിൽ 25 വർഷം പൂർത്തിയായ രൂപതാ പ്രൊക്കുറേറ്ററും, മുൻ സി.എം.എൽ ഡയറക്ടറുമായ ബഹു. ബെന്നി മുതിരക്കാലായിലച്ചന് രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാ മംഗളങ്ങൾ. രൂപതാ കൗൺസിലിൽ വച്ച് മാനന്തവാടി പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും മുൻ രൂപതാ പ്രസിഡണ്ടുമായ സെബാസ്റ്റ്യൻ പാലംപറമ്പിൽ സാർ ആശംസകളർപ്പിച്ച് സംസാരിച്ചു. രൂപതാ കുടുംബത്തിന്റെ സ്നേഹോപകാരം ഡയറക്ടർ ജോജോച്ചൻ, ബെന്നിയച്ചന് നൽകി.

**അഭിനന്ദനം– ഫുൾ എ പ്ലസ്സ്**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിലെ വിവിധ ശാഖകളെ നയിക്കുന്ന ശാഖാഭാരവാഹികൾക്കിടയിൽ 10–ാം ക്ലാസിലും +2 വിലും മുഴുവൻ വിഷയങ്ങൾക്കും A+ കിട്ടിയവരെ രൂപതാ കൗൺസിലിൽ വച്ച് അഭിനന്ദിച്ചു. രൂപതാ മുൻപ്രസിഡണ്ട് ജോയി മേപ്പാടത്ത് എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.

**ജലനിധി പ്രൊജക്ട് അവതരണം**

മണ്ണും ജലസംരക്ഷണവും കാലത്തിന്റെ ആവശ്യകതയാണെന്നും പ്രകൃതിയുടെ സ്ഥായിയായ നിലനിൽപ്പിന് ഇത് അത്യന്താപേക്ഷിതമാണെന്നും മനസ്സിലാക്കികൊണ്ട് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ജലസംരക്ഷണത്തെക്കുറിച്ച് പ്രൊജക്ട് തയ്യാറാക്കി അവതരിപ്പിച്ചു. ജലസംരക്ഷണത്തിന് ആവശ്യമായ നൂതനമാർഗ്ഗങ്ങളെക്കുറിച്ച് രൂപതാ എക്സിക്യൂട്ടീവ് അംഗം ഊരളവള്ളിക്കൽ സാബുസാർ കൗൺസിലിൽ വ്യത്യസ്ത ചിന്തകൾ പകർന്നു.

**സമ്മാനകൂപ്പൺ വിതരണോദ്ഘാടനം**

ശാഖാ മേഖലാ രൂപതാ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിനായി തയ്യാറാക്കിയിരിക്കുന്ന സമ്മാനകൂപ്പണിന്റെ വിതരണോദ്ഘാടനം കൗൺസിലിൽ വച്ച് നടത്തി.

**കാണിക്ക ഉദ്ഘാടനം**

ജീവകാരുണ്യ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിനായി തയ്യാറാക്കിയ കാണിക്ക ടിന്നിന്റെ വിതരണോദ്ഘാടനം രൂപതാ കൗൺസിലിൽ വച്ച് നടത്തി.

**ആൻമരിയക്ക് ആദരവ്**

തന്റെ സഹപാഠിക്ക് വീട് വെക്കാനായി 3 സെന്റ് സ്ഥലം നൽകികൊണ്ട് കാരുണ്യവർഷം നന്മയുടെയും സ്നേഹത്തിന്റെയും മാതൃകകാണിച്ച ആൻമരിയ കപ്യാരുമലയെ കൗൺസിലിൽ വെച്ച് ആദരിച്ചു. രൂപത മുൻപ്രസിഡണ്ടും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുമായ സെബാസ്റ്റ്യൻ പാലംപറമ്പിൽ സാർ, ആൻമരിയക്ക് ഉപഹാരം നൽകി.

**മണിമൂളി നിലമ്പൂർ റീജിയണൽ കൗൺസിൽ**

മണിമൂളി നിലമ്പൂർ റീജിയണൽ കൗൺസിൽ ജൂൺ 12-ാം തീയതി മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. സിഞ്ചെല്ലൂസ് ഫാ. ജോസഫ് മേച്ചേരി തിരികൊളുത്തി കൗൺസിൽ സമ്മേളനത്തിന് തുടക്കംകുറിച്ചു. രൂപതാ പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ അദ്ധ്യക്ഷത വഹിച്ചയോഗത്തിന് രൂപതാ ഡയറക്ടർ ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ സ്വാഗതം ആശംസിച്ചു. മണിമൂളി മേഖല ഡയറക്ടർ ഫാ. ജോസ്, നിലമ്പൂർ മേഖല ഡയറക്ടർ ഫാ. സെബിൻ ഐക്കരത്താഴത്ത് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. കൗൺസിലിൽ വച്ച് കാണിക്ക ടിൻ, വൃക്ഷതൈ എന്നിവയുടെ വിതരണോദ്ഘാടനം നടത്തി. മുഴുവൻ വിഷയങ്ങളിൽ A + കിട്ടിയവർക്ക് ചടങ്ങിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു. രൂപതാ എക്സിക്യൂട്ടീവ് അംഗം സാബു ഊളവള്ളിക്കൽ ജലനിധിയുടെ പ്രൊജക്ട് അവതരിപ്പിച്ചു. രൂപതാ സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ കൗൺസിലിന് നന്ദി ആശംസിച്ചു.

**മണിമൂളി നിലമ്പൂർ റീജണൽ ജോ. ഡയറക്ടേഴ്സ് സംഗമം**

മണിമൂളി നിലമ്പൂർ റീജണൽ ജോ. ഡയറക്ടേഴ്സ് സംഗമം മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. സംഗമത്തിന് റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, ശ്രീ.ഷാജി ചന്ദനപറമ്പിൽ

ശ്രീ. ബിനീഷ് തുമ്പിയാംകുഴിയിൽ ശ്രീ. സാബു ഊളവള്ളിക്കൽ ശ്രീ. ബിജു ചിറ്റേടത്ത് സി. ഫൗസ്റ്റ എന്നിവർ നേതൃത്വം നൽകി

**മേഖല ഡയറക്ടേഴ്സ് ജോ. ഡയറക്ടേഴ്സ് സമ്മേളനം**

മേഖലാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മേഖല ഡയറക്ടേഴ്സിന്റെയും ജോ.ഡയറക്ടേഴ്സിന്റെയും സമ്മേളനം ദ്വാരകയിൽ വെച്ച് നടത്തി. രൂപത പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് രൂപതാ ഡയറക്ടർ ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ സ്വാഗതം ആശംസിച്ചു. രൂപതാ സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ നന്ദി ആശംസിച്ചു. ബിനു മാങ്കൂട്ടം, സി. ലിസ എസ്. കെ. ഡി, ജോയി മേപ്പാടത്ത്, ടോം പൂവക്കുന്നേൽ, ജോയ്സ് പുൽപറമ്പിൽ എന്നിവർ നേതൃത്വം നൽകി.

**മേഖലാ ഡയറക്ടേഴ്സിനും ജോ. ഡയറക്ടേഴ്സിനും സ്വാഗതം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിലെ വിവിധ മേഖലകളെ നയിക്കാൻ വേണ്ടി പുതിയതായി സ്ഥാനം ഏറ്റെടുത്തിരിക്കുന്ന ഡയറക്ടേഴ്സിനും ജോ.ഡയറക്ടേഴ്സിനും രൂപതാ കുടുംബത്തിലേക്ക് സ്വാഗതം. തരിയോട് മേഖല- ഫാ.മാർട്ടിൻ പുതുശ്ശേരി, സി.ടെസ്മി FCC, മുള്ളൻകൊല്ലി -ഫാ.സജി പുതുകുളങ്ങര, നീലഗിരി-സി.സോജ SKD, പയ്യമ്പള്ളി -ഫാ. അനൂപ് കൊല്ലംകുന്നേൽ, കല്പറ്റ- സി.സവിത SCV, മണിമൂളി - സി.ലിസറ്റ് SABS, നടവയൽ-സി.നിർമ്മൽ ജോസ് FCC, ബത്തേരി- ഫാ.ഷാജു മുളവേലിക്കുന്നേൽ, സി.ബ്രിജിറ്റ് SH, ചുങ്കക്കുന്ന്- സി.എൽസി SH എന്നിവർ പുതുതായി ഉത്തരവാദിത്വം ഏറ്റെടുത്തു.

**നന്ദിയോടെ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ നെഞ്ചിലേറ്റി മേഖല പ്രവർത്തനങ്ങൾക്ക് ജീവൻ നൽകി പ്രസ്ഥാനത്തെ മുൻവർഷങ്ങളിൽ നയിച്ച പ്രിയപ്പെട്ട ഡയറക്ടേഴ്സിനും ജോ.ഡയറക്ടേഴ്സിനും രൂപതയുടെ നന്ദി സ്നേഹപൂർവ്വം നേരുന്നു. ബത്തേരി-ഫാ. ജെയ്സൺ കുഴികണ്ടത്തിൽ, സി.ആഷ്ലി CMC, മണിമൂളി-സി.ലീമ FCC, നീലഗിരി-സി.ലീമ SKD, മാനന്തവാടി-സി.ഡാനി മരിയ SABS, കൽപറ്റ-സി.എൽസി SH, ചുങ്കക്കുന്ന്- സി.ബ്രിൻസി SH, നടവയൽ-സി.ആൻസ് മരിയ CMC, തരിയോട് - സി.ഷീജ SCV, എന്നിവർക്ക് നന്ദിയും അഭിനന്ദനങ്ങളും.

**രൂപതാ ടീം മീറ്റിംഗ്**

രൂപതാ പ്രവർത്തനങ്ങൾക്ക് കരുത്ത് പകരുന്ന, ആശയവും ചിന്തകളും പകർന്നുതരുന്ന രൂപതാ ടീം അംഗങ്ങളുടെ മീറ്റിംഗ്

ദ്വാരകയിൽ വച്ച് ചേർന്നു. രൂപതാ പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ സാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് രൂപതാ ഡയറക്ടർ ജോജോ ചങ്ങനാംതുണ്ടത്തിലച്ചൻ സ്വാഗതവും രൂപതാ സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ നന്ദിയും ആശംസിച്ചു. രൂപതാ ഓർഗനൈസർ രഞ്ജിത്ത് മുതുപ്ലാക്കൽ, രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. +2 പരീക്ഷയിൽ ഫുൾ A+ നേടിയ ആമോദ് കല്ലറക്കൽ, (രൂപതാ ടീം അംഗം, തോമസ് കല്ലറക്കൽ സാറിന്റെ മകൻ), നയന മുണ്ടക്കാതടം (ടീം അംഗം സെബാസ്റ്റ്യൻ മുണ്ടക്കാതടത്തിലിന്റെ മകൾ) BSc Physics ഡിഗ്രി പരീക്ഷയിൽ 93 ശതമാനത്തിന് മുകളിൽ മാർക്ക് വാങ്ങിയ ടീം അംഗം നിനു മാങ്കൂട്ടത്തിൽ എന്നിവരെ ചടങ്ങിൽ വച്ച് ആദരിച്ചു. രൂപത ഡയറക്ടർ ജോജോ ചങ്ങനാംതുണ്ടത്തിലച്ചൻ സമ്മാനങ്ങൾ വിതരണം ചെയ്തു. ടീം അംഗം അജീഷ് ആശംസകൾ നേർന്നു.

**ബഹു. സി. ഫൗസ്റ്റ CMC ക്ക് യാത്രയയപ്പ്**

കഴിഞ്ഞ 5 വർഷക്കാലം മാനന്തവാടി രൂപതയുടെ ഓഫീസ് സെക്രട്ടറിയായി സ്തുത്യർഹമായ സേവനം അനുഷ്ടിച്ച ബഹു.സി. ഫൗസ്റ്റ CMC യ്ക്ക് രൂപതാ ടീം മിറ്റിംങ്ങിൽ വച്ച് യാത്രയയപ്പ് നൽകി. രൂപതാ ഡയറക്ടർ ബഹു. ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, രൂപത ടീം അംഗം ജോൺസൺ ചിറായിൽ, രൂപത പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ, രൂപത സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ എന്നിവർ ആശംസകൾ നേർന്നു.

**ശാഖാ വാർത്തകൾ**

*പുൽപ്പള്ളി:* 70 വയസ്സിന് മുകളിൽ പ്രായമുള്ള മാതാപിതാക്കളെ ആദരിച്ച് സമ്മാനം നൽകി. ബഹു.ജോസഫ് മേച്ചേരിയിലച്ചന് യാത്രയയപ്പ് നൽകി, മുള്ളൻകൊല്ലിയിൽവച്ച് നടത്തിയ ധ്യാനത്തിൽ യുവജനങ്ങൾ പങ്കെടുത്തു. കുട്ടികൾ വിവിധ സ്ഥലങ്ങളിൽ പോയി ധ്യാനിച്ചു.

*ആടികൊല്ലി:* ഇടവകയിലെ മാതാക്കൾക്കായി ശ്രീമതി ഗ്രേസ്സി ടീച്ചർ ക്ലാസ്സുകൾ നയിച്ചു.

*ബത്തേരി:* വിവിധ മത്സരങ്ങളിൽ സമ്മാനാർഹരായവരെ ആദരിച്ചു. പ്രവർത്തന ആൽബം തയ്യാറാക്കി.

*തവിഞ്ഞാൽ:* സി.എം.എൽ അംഗങ്ങൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തി.

*കുറുമ്പാലക്കോട്ട:* സാധുക്കളെ സഹായിക്കുന്നതിനായി വസ്ത്രശേഖരണം നടത്തി. വി.യൂദാശ്ലീഹായുടെ തിരുസ്വരൂപ

പ്രയാണം നടത്തി. തിരുപ്പട്ടസ്വീകരണത്തിന്റെ ക്രമീകരണങ്ങൾ ചെയ്തു.

*കല്ലോടി:* 11 കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം നടത്തി, രോഗീ സന്ദർശനം, സെമിത്തേരി സന്ദർശനം, മതബോധനസെമിനാർ എന്നിവ നടത്തി.

*കല്പറ്റ:* 9 കുട്ടികളുടെ ആദ്യകുർബാന സ്വീകരണവും, സ്ഥൈര്യലേപനവും നടത്തി, വചനതാരത്തിൽ പങ്കെടുത്തു.

*മഞ്ഞൂറ:* ഒരു നിർദ്ധന കുടുംബത്തിന് ശൗചാലയം പണിയുന്നതിനായി തുക നൽകി, ക്രിസ്റ്റീൻ ധ്യാനം നടത്തി.

(ബുള്ളറ്റിനിൽ വരുവാനുള്ള ശാഖാ വാർത്തകൾ പ്രത്യേക പേജിൽ എഴുതി, രൂപതാ ഓഫീസിൽ ഏൽപിക്കണം)

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത പുതിയ പ്രവർത്തനവർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ നന്ദിയോടെ ഓർക്കേണ്ടവർ ഒത്തിരി... മുൻവർഷങ്ങളിൽ രൂപതയെ നയിച്ച ജോയി മേപ്പാടത്ത്, രഞ്ജിത്ത് മുതുപ്ലാക്കൽ എന്നിവരെ സ്നേഹത്തോടെ ഓർക്കുന്നു. ശാഖയിലും മേഖലയിലും രൂപതാ പ്രവർത്തനങ്ങൾക്ക് ജീവൻ പകരുന്ന പ്രിയപ്പെട്ട ശാഖാ, മേഖലാ ഡയറക്ടേഴ്സ്, ജോ. ഡയറക്ടേഴ്സ്, ഭാരവാഹികൾ പ്രവർത്തകാംഗങ്ങൾ എന്നിവരെ നന്ദിപൂർവ്വം സ്മരിക്കുന്നു. പുതിയ പ്രവർത്തന വർഷത്തിൽ ഏവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പിയാംകുഴിയിൽ**
രൂപതാ സെക്രട്ടറി

# Department of Youth Ministry

## Life Training Regular

Department of youth ministry യുടെ നേതൃത്വത്തിൽ ആരംഭിച്ച life Training regular batch -ന്റെ ക്ലാസ്സുകൾ ജൂൺ പത്താം തീയതി വൈകുന്നേരം ജപമാലയോടുകൂടെ ആരംഭിച്ചു. ഡൽഹി ആസ്ഥാന മായി പ്രവർത്തിക്കുന്ന കാരവൻ മാഗസിൻ എഡിറ്റർ ശ്രീ. വിനോദ് കുട്ടികളുമായി സംവാദിച്ചു.

വിശുദ്ധ ബലിയോടുകൂടെ ആരംഭിച്ച രണ്ടാം ദിവസം സയൻസ് വിഷയങ്ങളിൽ പ്രാഗത്ഭ്യം തെളിയിക്കുവാൻ കുട്ടികളെ സഹായിക്കുന്ന വിധത്തിലുള്ളതായിരുന്നു. ശ്രീ. ഫിബിൻ സാർ ക്ലാസ്സിനു നേതൃത്വം നൽകി. പതിനൊന്നാം തീയതി 3 മണിയോടുകൂടെ അവസാനിച്ചു. താമസസൗകര്യം ഒരുക്കിതന്ന പാസ്റ്ററൽ സെന്റർ അധികാരികളെ നന്ദി യോടെ ഓർക്കുന്നു.

Life Training regular batch-ന്റെ അടുത്ത കാസ്സുകൾ 2016 ജൂലൈ 5, 6 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു. life Training regular batch -ന്റെ Parents meet 2016 ജൂലൈ 17 ഞായ റാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്നതാണ്.

## Life Training Distance

Life Training Distance-ന്റെ അടുത്ത കാസ്സുകൾ 2016 ജൂലൈ 12,13 തീയതികളിലായി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്.

### കരിയർ മിഷൻ

7 മുതൽ +2 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സഹായമാകുന്ന രീതിയിൽ നിർദ്ദേശങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ Career CAR Programme Registration ആരംഭിച്ചു. Registration Fees 100 രൂപ (only for one year). രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും വർഷത്തിൽ രണ്ട്

ക്ലാസ്സുകൾ ലഭിക്കും. Registration form രൂപതാ ഓഫീസിൽ നിന്നും ലഭ്യമാണ്.

**വിശുദ്ധനാട് തീർത്ഥാടനം**

പലരുടെയും ചിരകാല സ്വപ്നമായ വിശുദ്ധനാട് തീർത്ഥാടനം യാഥാർത്ഥ്യമാക്കാൻ കർത്താവിന്റെ കാൽപ്പാടുകൾ പതിഞ്ഞ വിശുദ്ധനാട്ടിലേയ്ക്ക് തീർത്ഥാടന യാത്ര Department of youth ministry യുടെ നേതൃത്വത്തിൽ 2016 ഒക്ടോബർ 12-ന് ആരംഭിക്കുന്നു. താൽപര്യമുള്ളവർ രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
Director, Dpt. of Youth Ministry

**യുവജനദിന സന്ദേശം**

"സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപ്പോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്ക.6.36)".

**കാരുണ്യത്തിന്റെ ഉറവിടങ്ങളിലേയ്ക്ക് ക്രിസ്തു യുവജനങ്ങളെ ക്ഷണിക്കുന്നു.**

സ്നേഹവും അംഗീകാരവും പ്രശംസയും ആഗ്രഹിക്കുന്നവരാണ് അധികം യുവജനങ്ങളും. സ്വന്തം കൂട്ടുകാർക്കുവേണ്ടി സമയം ചെലവഴിക്കാനും എന്തു സഹായം ചെയ്യുവാനും തയ്യാറുള്ളവരാണവർ. പ്രശസ്തിയും അംഗീകാരവും ലഭിക്കുന്നതിനായി നൂതനരീതികൾ അവലംബിക്കുകയും ചെയ്യുന്നു. വസ്ത്രധാരണം, ഹെയർ സ്റ്റെയിൽ, തനത് ജീവിത ശൈലികൾ, ആധുനിക മാധ്യമങ്ങളുടെ ഉപയോഗം എന്നിവ എടുത്തു പറയാവുന്ന ചില രീതികളാണ്. സ്നേഹത്തിനും അംഗീകാരത്തിനും പ്രശംസയ്ക്കും വേണ്ടി തിരഞ്ഞെടുക്കുന്ന വഴികൾ വളരെ പ്രധാനമാണ്. ചിലപ്പോഴൊക്കെ വഴിമാറി സഞ്ചരിച്ച് തെറ്റായ ഉറവിടങ്ങളിൽ അതായത് ജീവന്റെ ഉറവയല്ലാത്ത പൊട്ടകിണറുകളിൽ ചെന്നുപ്പെടാറുണ്ട്. സ്നേഹവും അംഗീകാരവും പ്രശംസയും സന്തോഷവും ക്രിസ്തുവാകുന്ന ജീവന്റെ ഉറവയിൽ നിന്നാണ് ലഭിക്കുന്നത്. ക്രിസ്തു യഥാർത്ഥ സ്നേഹം നൽകുന്ന ജീവന്റെ ഉറവ മാത്രമല്ല, ലോകത്തിന്റെ മാലിന്യങ്ങളിൽ നിന്ന് യുവജനങ്ങളെ കഴുകി വിശുദ്ധീകരിക്കുന്നകാരുണ്യത്തിന്റെ ഉറവകൂടിയാണ്. 'പാപം ചെയ്യുന്നവൻ ദൈവത്തിന്റെ ശത്രുവാണ്.' ശത്രുവിനെ സ്നേഹിക്കാൻ പഠിപ്പിക്കുന്ന ക്രിസ്തു, ആർക്കുവേണ്ടി തന്റെ ജീവൻ സമർപ്പിച്ചുവോ അവരിൽ ഒരുവൻ തന്റെ വിലാപ്പുറത്ത് ഏൽപ്പിക്കുന്ന മുറിവിൽ നിന്നും ഒഴുകി ഇറങ്ങിയത് കല്ലായിതീർന്ന ഹൃദയങ്ങളെ മാംസളമാക്കുന്ന കാരുണ്യത്തിന്റെ കനിവായിരുന്നു. 'എനിക്കു ദാഹിക്കുന്നു' എന്ന വിലാപത്തോടെ തനിക്കേറ്റം പ്രിയപ്പെട്ട യുവജനങ്ങളെ ക്രിസ്തു തന്റെ മുറിവേറ്റ ഹൃദയത്തിലേയ്ക്ക് നിരന്തരം ക്ഷണിക്കുന്നു.

**കരുണയ്ക്ക് അർഹതയുള്ള യുവജനങ്ങൾ**

'യുവാക്കളെ നിങ്ങൾ ശക്തന്മാരാണ്' എന്ന് വിശുദ്ധ യോഹന്നാൻശ്ലീഹ യുവജനങ്ങളെ ഓർമ്മിക്കുന്നു. ശക്തിക്കൊപ്പം ദൗർബല്യവും ഏറ്റവുംഅധികം പ്രകടമാകുന്ന കാലഘട്ടമാണ് യുവത്വം. അതിനാൽ തന്നെ ക്രിസ്തുവിന്റെ കരുണ ഏറ്റവും അധികം ആവശ്യമായിരിക്കുന്ന കാലഘട്ടവും യൗവനമാണെന്ന് പറയാം. ക്രിസ്തുവിന്റെ കരുണയുടെ ഉറവിടത്തിലേയ്ക്കുള്ള ആദ്യക്ഷണം ലഭിച്ചത് യുവാക്കൻമാരായ യഹൂദർക്കായിരുന്നു. ഇന്നും തന്റെ കാരുണ്യത്തിലേയ്ക്ക് ക്രിസ്തു ക്ഷണിക്കുന്നത് തന്റെ കാരുണ്യം എറ്റവും അധികം ആവശ്യമുള്ള യുവജനങ്ങളെയാണ്. ക്രിസ്തുവിന്റെ ഈ ക്ഷണം സ്വീകരിക്കുന്ന യുവജനങ്ങൾ ദൈവകാരുണ്യത്തിന്റെ പ്രവാചകൻമാരായി ഈ കാലഘട്ടത്തെ ക്രിസ്തുവിലേയ്ക്ക് രൂപപ്പെടുത്തണം.

**ക്രിസ്തുവിന്റെ കരുണ യുവജനങ്ങളുടെ ലഹരി**

ക്രിസ്തുവിന്റെ കാരുണ്യത്തിന് യുവത്വത്തിന്റെ ലഹരി ഉണ്ട്. അതിനെ കണ്ടെത്താനും സ്വന്തമാക്കാനും യുവജനങ്ങൾ ശ്രമിക്കുമ്പോൾ ഇന്നുവരെ കരഗതമല്ലാത്ത മറ്റൊരു അനശ്വരസ്നേഹത്തിലേയ്ക്ക് പ്രവേശിക്കാൻ യുവജനങ്ങൾക്കു കഴിയും. കാരണം ക്രിസ്തുവിന്റെ കരുണ പരിധിയില്ലാത്ത അനശ്വരസ്നേഹ പ്രവാഹമാണ്. അവിടെ ക്ഷമയുണ്ട്, കാത്തിരിപ്പുണ്ട്, ത്യാഗമുണ്ട്. പ്രതീക്ഷയുണ്ട്, കൂട്ടുകൂടാൻ ഇടമുണ്ട്, തെറ്റുകാർക്കും നിഷ്കളങ്കർക്കും സ്ഥാനമുണ്ട്. അവിടെ കുറ്റപ്പെടുത്തലില്ല. തള്ളിപ്പറച്ചലില്ല ശാപവചനങ്ങളില്ല, ഒന്നും സ്വീകരിക്കുന്നുമില്ല. അവിടെ നിന്ന് സകലനന്മയും സന്തോഷവും അനസ്യൂതം പ്രവഹിക്കുന്നു. ക്രിസ്തുവിന്റെ കാരുണ്യം യുവജനങ്ങളുടെ ഹൃദയങ്ങളിൽ ലഹരിയായ് നിറയുമ്പോൾ കർമ്മങ്ങൾക്ക് ക്രിസ്തുവിന്റെ മുഖം ലഭിക്കും. ഏവർക്കും യുവജന ദിനാശംസകൾ സ്നേഹത്തോടെ നേരുന്നു.

**ഫാദർ ലാൽ പൈനുങ്കൽ**

ഡയറക്ടർ

**ആത്മജ്വാല-2016**

പരിശുദ്ധാത്മ നിറവിൽ തിരുസഭയ്ക്ക് തുടക്കം കുറിക്കാൻ ഒരുക്കപ്പെട്ട ശിഷ്യരെ അനുകരിച്ച് തീക്ഷണത നിറഞ്ഞ K.C.Y.M യുവത്വം നരിവാലമുണ്ട സെന്റ് ജോസഫ് ദേവാലയത്തിൽ ഒരുമിച്ചു. മണിമൂളി മേഖലയുടെ ആതിഥേയത്വത്തിൽ നടത്തപ്പെട്ട ആത്മജ്വാല-2016 ജാഗരണ പ്രാർത്ഥനയ്ക്ക് റവ.ഫാ. ജെയ്സൺ M.C.B.S ആത്മീയ നേതൃത്വം നൽകി. രൂപതാ ഡയറക്ടർ റവ.ഫാ.ലാൽ ജേക്കബ്

പൈനുങ്കൽ, രൂപതാ പ്രസിഡണ്ട് ശ്രീ. ആന്റണി മങ്കടപ്ര, ജന.സെക്രട്ടറി സിബിൻ പാലമൂട്ടിൽ, സെക്രട്ടറി ജിഷിൻ മുണ്ടക്കാതടത്തിൽ, ട്രഷറർ ജിജോ പൊടിമറ്റം എന്നിവരുടെ സാന്നിദ്ധ്യവും നേതൃത്വവും മണിമൂളി മേഖലാംഗങ്ങളിൽ പരിശുദ്ധാത്മാവിന്റെ അഗ്നിനിറയാൻ പ്രചോദനമായി. നരിവാലമുണ്ട ഇടവക വികാരി റവ.ഫാ. ഫ്രാൻസീസ് കുത്തുകല്ലുങ്കലിന്റെയും യൂണിറ്റംഗങ്ങളുടെയും ആതിഥേയത്വം ഏറെ ഹൃദ്യമായിരുന്നു. സാന്നിധ്യംകൊണ്ട് ജാഗരണ പ്രാർത്ഥനയ്ക്ക് ഉണർവ്വേകിയ എല്ലാ യൂണിറ്റ് ഡയറക്ടേഴ്സിനെയും ആനിമേറ്റേഴ്സിനെയും K.C.Y.M അംഗങ്ങളെയും നന്ദി അറിയിക്കുന്നു.

രൂപതാ പ്രസിഡണ്ട് ശ്രീ. ആന്റണിയുടെ അധ്യക്ഷതയിൽ ചേർന്നയോഗത്തിൽ വച്ച് മണിമൂളി മേഖലയുടെ പഠനോപകരണങ്ങളുടെ വിതരണം റവ.ഫാ. ഫ്രാൻസീസ് കുത്തുകല്ലുങ്കൽ യൂണിറ്റ് പ്രസിഡണ്ടുമാർക്ക് നൽകി ഉദ്ഘാടനം ചെയ്തു. മണിമൂളി മേഖല പ്രസിഡണ്ട് ശ്രീ. സന്തോഷ്, നരിവാലമുണ്ട യൂണിറ്റ് പ്രസിഡണ്ട് എന്നിവർക്ക് രൂപത കുടുംബത്തിന്റെ നന്ദി.

**അവധിദിവസം പ്രവർത്തി ദിവസമാക്കിയതിനെതിരെ**

അന്താരാഷ്ട്ര പരിസ്ഥിതിദിനമായ ജൂൺ 5 ഞായറാഴ്ച ബഹുമാനപ്പെട്ട വയനാട് ജില്ലാ കളക്ടർ നിർബന്ധിത പ്രവർത്തി ദിവസമായി പ്രഖ്യാപിച്ചതിനെതിരെ നവമാധ്യമങ്ങളിലൂടെ രൂപത സമിതിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്യുകയും, രൂപത പ്രസിഡണ്ട് ശ്രീ. ആന്റണി മങ്കടപ്ര, വൈ. പ്രസിഡണ്ട് അജ്ഞലി, കോഡിനേറ്റർ സിജോ തൈപറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ കളക്ടർക്ക് നിവേദനം സമർപ്പിക്കുകയും ചെയ്തു. അവധി പ്രഖ്യാപിച്ചതിൽ ഹർത്താൽ പ്രഖ്യാപിക്കുമെന്നും കെ.സി.വൈ.എം. മുന്നറിയിപ്പ് നല്കി.

**ജീവന്റെ ഇ- മെയിൽ**

ജീവന്റെ മൂല്യത്തിനെതിരെ ഉയർത്തുന്ന വെല്ലുവിളികളെ ചെറുക്കുവാൻ Passive Euthanasia ബില്ലിനെതിരെ കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സെൻഡ് എ മെയിൽ സേവ് എ ലൈഫ്-ക്യാമ്പയിൻ ആരംഭിച്ചു. ഡൽഹി ആസ്ഥാനമായ കാരവൻ മാഗസിന്റെ എഡിറ്റർ ശ്രീ. വിനോദ് കെ. ജോസ് ഒരുലക്ഷം ഇ-മെയിൽ വഴി പരാതിനൽകുന്ന പ്രോഗ്രാം സെന്റ് എ മെയിൽ സേവ് എ ലൈഫ് ക്യാമ്പയിൻ പദ്ധതി ഉദ്ഘാടനം ചെയ്തു. യോഗത്തിൽ രൂപതാ പ്രസിഡണ്ട് ആന്റണി മങ്കടപ്ര, ജനറൽ സെക്രട്ടറി സിബിൻ പാലമൂട്ടിൽ, സെക്രട്ടറിമാരായ ജിഷിൻ, റോസ്മേരി, സിൻഡിക്കേറ്റംഗങ്ങളായ

അനിഷ, അലീന അക്ഷയ, കോ- ഓഡിനേറ്റർ സിജോ എന്നിവർ സംസാരിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ജീവന്റെ മൂല്യത്തെക്കുറിച്ച് സംസാരിച്ചു.

**സംസ്ഥാന അർദ്ധവാർഷിക സെനറ്റ്**

പാലക്കാട് യുവക്ഷേത്ര കോളേജിൽവച്ച് നടന്ന സംസ്ഥാന അർദ്ധവാർഷിക സെനറ്റിൽ രൂപത ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ്. സ്റ്റേറ്റ് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. ബിബിൻ ചെമ്പക്കര, സ്റ്റേറ്റ് സെനറ്റ് മെമ്പർ ശ്രീ. ഷാജി അഴകനാൽ, സ്റ്റേറ്റ് സെനറ്റ് മെമ്പർ കുമാരി റോസ് മേരി എന്നിവർ പങ്കെടുത്തു.

**സീറോമലബാർ യൂത്ത് മൂവ്മെന്റ്**

തലശ്ശേരി സന്ദേശ്ഭവനിൽ വച്ച് നടന്ന സീറോമലബാർ യൂത്ത് മൂവ്മെന്റ് നിയമാവലി അവലോകന സമ്മേളനത്തിൽ രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, രൂപത ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ്, കുമാരി ലിൻഷ എന്നിവർ പങ്കെടുത്തു.

**അന്നം 2016**

കാരുണ്യ വർഷാചരണത്തിന്റെ ഭാഗമായി വിശക്കുന്നവന് ഒരു നേരത്തെ ഭക്ഷണം എന്ന ആശയവുമായി കെ.സി.വൈ.എം. രൂപതാ സമിതി വയനാട്ടിലെയും വിവിധ ജില്ലകളിലെയും പവപ്പെട്ടവർക്ക് അരി നല്കുന്ന ജീവകാരുണ്യ പരിപാടി അന്നം തുടരുന്നു.

**നന്ദിയോടെ**

കഴിഞ്ഞ കാലങ്ങളിൽ സംഘടനയെ വിവിധമേഖലകളിൽ നയിച്ച ബഹുമാനപ്പെട്ട ഡയറക്ടറച്ചൻമാർ, സിസ്റ്റേഴ്സ്, രൂപത അസി.ഡയറക്ടർ റവ. ഫാ. ഷിജു ഐക്കരക്കാനായിൽ, രൂപത ആനിമേറ്റർ റവ. സി. ലിൻസാ എഫ്.സി.സി., ഓഫീസ് സെക്രട്ടറി സി. എൽസിൻ എസ്.എ.ബി.എസ്, റവ.ഫാ. ജോസ് ചക്കിട്ടകുടി (നടവയൽ), റവ.ഫാ. സണ്ണി കൊല്ലാർതോട്ടം (ചുങ്കകുന്ന്), റവ. ഫാ. വിൻസന്റ് കൊരട്ടിപറമ്പിൽ (മുള്ളൻകൊല്ലി) റവ.ഫാ. സിബിച്ചൻ ചേലക്കപള്ളിൽ (പയ്യംപള്ളി), റവ.ഫാ. മാർട്ടിൻ പുതുശേരി (തരിയോട്), റവ.സി. അനിറ്റ് മരിയ സി.എം.സി (നടവയൽ), റവ.സി.അന്നമ്മ (നിലമ്പൂർ), റവ. സി. ക്ലയർ എസ്.എച്ച്. (മണിമൂളി). സി. ടെസി എസ്.എച്ച്. (കല്ലോടി), സി. ലൂസി എസ്. എച്ച് (കൽപ്പറ്റ) സി. ടെസീന എസ്.എ.ബി.എസ് (മുള്ളൻകൊല്ലി), സി. റോസ്മിൻ എസ്.എച്ച്. (തരിയോട്) എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി.

**സ്വാഗതം**

പുതുതായി കെ.സി. വൈ.എം കുടുംബത്തിലേക്കു കടന്നുവന്ന രൂപതാ ആനിമേറ്റർ & ഓഫീസ് സെക്രട്ടറി സി. സ്മിത എസ്.എ.ബി. എസ്, മേഖല ഡയറക്ടേഴ്സ്– റവ.ഫാ. റെജി മുതുകത്താനി (ചുങ്ക കുന്ന്), റവ. ഫാ. സിബിച്ചൻ ചേലക്കപള്ളിൽ (മുള്ളൻകൊല്ലി), റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടം (നടവയൽ), റവ. ഫാ. ജെയ്മോൻ കളമ്പുകാട്ട് (പയ്യംപള്ളി), റവ.ഫാ. വിനോദ് പാക്കാനികുഴിയിൽ (തരി യോട്), മേഖല ആനിമേറ്റേഴ്സ്– റവ. സി. അനിറ്റ് മരിയ സി.എം.സി (മണി മൂളി), സി. ആഷ്‌ലി സി.എം.സി. (നടവയൽ) എന്നിവർക്ക് ഹൃദ യപൂർവ്വം സ്വാഗതം.

**ജൂലൈ 9 അർദ്ധവാർഷിക സെനറ്റ്**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ അർദ്ധവാർഷിക സെനറ്റ് ജൂലൈ 9 ശനിയാഴ്ച 9. 30 am മുതൽ 2 pm വരെ തോണി ച്ചാൽ സെന്റ് സെബാസ്റ്റ്യൻ ചർച്ചിൽ വച്ച് ചേരുന്നു. അർദ്ധവാർഷിക സെനറ്റിൽ നിർബന്ധമായും പങ്കെടുക്കേണ്ടവർ – മേഖല ഡയറക്ടർ, ആനിമേറ്റർ, മേഖല പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, സെനറ്റ് മെമ്പേഴ്സ്, 2015 വർഷത്തെ പ്രസിഡണ്ട്, വൈസ്പ്രസിഡണ്ട്, സെക്രട്ടറി.

ജൂലൈ 3 ന് മുമ്പ് മേഖലകൾ അവരുടെ അർദ്ധവാർഷിക റിപ്പോർട്ട്, മേഖലാ സിൻഡിക്കേറ്റിൽ അവതരിപ്പിച്ച് പാസാക്കേണ്ടതാണ്. പാസ്സാക്കിയ റിപ്പോർട്ടാണ് മേഖലകൾ രൂപതയിൽ അവതരിപ്പിക്കേ ണ്ടത്.

## Youth Day Celebration on July 10th 2016

K.C.B.C Youth Commission, July 3 –നു ശേഷം വരുന്ന ഞായ റാഴ്ചയാണ് യുവജന ദിനമായി പ്രഖ്യാപിച്ചിട്ടുള്ളത്. ഈ വർഷം ജൂലൈ 10–ന് നമ്മൾ യുവജനദിനമായി ആചരിക്കുന്നു. അന്നേ ദിവസം ചെയ്യാവുന്ന കാര്യങ്ങൾ.

1. ഇടവകയിലെ എല്ലാ യുവജനങ്ങളുടെയും അജപാലന കാര്യ ങ്ങൾ നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. യുവജനങ്ങളെ ഒരു മിച്ചു ചേർക്കുക, യുവജനസർവ്വേ പൂർത്തീകരിക്കുക.

2. യുവജനങ്ങൾക്കായി പ്രത്യേകം വിശുദ്ധ കുർബാന ധ്യാനം, പ്രാർത്ഥന, സെമിനാർ, യുവജനങ്ങളെയും സംഘടന പ്രവർത്ത കരെയും ആദരിക്കൽ, ബൈബിൾ സ്റ്റഡി തുടങ്ങിയവ.

3. യുവജനങ്ങളുടെ ആത്മീയ, ഭൗതീക ആവശ്യങ്ങൾക്കായുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുക.

4. യുവജനദിനത്തെ അവസ്മരണീയമാക്കുന്ന വിധത്തിൽ ആത്മീയമോ സാമൂഹ്യമോ ആയ പരിപാടികൾ അന്നേ ദിവസം നടത്തുക.

രൂപതാതല യുവജനദിന ആഘോഷം പോരൂർ സെന്റ് സെബാസ്റ്റ്യൻ ഇടവകയുടെ നേതൃത്വത്തിൽ നടത്തപ്പടുന്നു.

## Mother Theresa Chavara Megha Quiz-2016

കൽക്കത്തയിലെ മദർ തെരേസ, 2016 സെപ്റ്റംബർ 4 -ന് വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുകയാണ്. ചാവറയച്ചനെയും മദർതെരേസയെയും യുവജനങ്ങൾക്ക് കൂടുതൽ പരിചയപ്പെടുത്തുവാനുള്ള സുവർണ്ണാവസരമായി കണ്ട് കൂടുതൽ പേരെ ഇതിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

**നിബന്ധനകൾ**

- രണ്ട് പേർ ഉൾപ്പെട്ടതാണ് ടീം. (ആൺകുട്ടിയോ പെൺകുട്ടിയോ ആകാം)
- 15 വയസ്സിനും 35 വയസ്സിനും ഇടയിൽ പ്രായമുള്ളവരായിരിക്കണം
- ഒരു ഇടവകയിൽ നിന്നും എത്ര ടീമിന് വേണമെങ്കിലും പങ്കെടുപ്പിക്കാം
- ആദ്യറൗണ്ട് മത്സരം ഇടവകതലത്തിൽ നടക്കുന്ന എഴുത്തുപരീക്ഷ ആയിരിക്കും.
- ഇടവക, ഫൊറോന, രൂപത തലങ്ങളിൽ വിജയികളെ തീരുമാനിക്കുന്നത് ഈ പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും.
- 25 ടീമിൽ കൂടുതൽ ഒരു ഇടവകയിൽനിന്നും മത്സരിക്കുകയാണെങ്കിൽ ഒന്നും രണ്ടും സ്ഥാനക്കാർക്ക് ഇടവക തലത്തിൽ തന്നെ പ്രത്യേക സമ്മാനം
- ഫൊറോനയിൽ ഒന്നും രണ്ടും സ്ഥാനക്കാർക്ക് ആകർഷകമായ സമ്മാനം
- രൂപതയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് 5000 രൂപ, 3000 രൂപ, 1000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും.
- ഓരോ രൂപതയിൽ നിന്നും ഏറ്റവും കൂടുതൽ ടീമുകളെ പങ്കെടുപ്പിക്കുന്ന രണ്ട് ഇടവകൾക്ക് വീതം പ്രത്യേകം ട്രോഫി നൽകുന്നതാണ്.
- ഫൊറോന അടിസ്ഥാനത്തിൽ ഫൊറോന ആനിമേറ്റർ രജിസ്ട്രേഷൻ ഫീസ് ഒരു ടീമിന് (2 പേർ) 20 രൂപ), ശേഖരിച്ച്

രൂപത ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. രൂപതതലത്തിലെ ഒന്നാം സമ്മാനാർഹരാണ് ഫൈനൽ മത്സരത്തിന് അർഹരാകുന്നത്. കൂടുതൽ വിവരങ്ങൾ ബ്രോഷറിൽ ലഭ്യമാണ്....

## Pearl 2016

ഈ വർഷത്തെ രൂപതാ സാഹിത്യമത്സരങ്ങൾ September 10-ന് മേഖലാ കേന്ദ്രങ്ങളിൽവച്ചും കലാമത്സരങ്ങൾ October 29-നും ആണെന്ന കാര്യം ശ്രദ്ധിച്ചുകാണുമല്ലോ. 2016-ലെ അംഗത്വ ലിസ്റ്റിൽ പേരില്ലാത്തവർക്ക് മത്സരിക്കാൻ യോഗ്യതയില്ല. ആഗസ്റ്റ് 31 -നുശേഷം അംഗത്വലിസ്റ്റ് പുതുക്കുന്നതിനോ ലിസ്റ്റിൽ പേരു ചേർക്കുന്നതിനോ അനുവദിക്കുന്നതല്ല. മേഖല കലാമത്സരങ്ങൾ സെപ്റ്റംബറിൽ തന്നെ നടത്തി പേരുവിവരം October 23-ന് മുൻപ് രൂപതാ കേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കണെ. കൂടുതൽ വിവരങ്ങൾ വഴിയിൽ ലഭ്യമാണ്.

**മഴയറിയാൻ എകദിനക്യാമ്പ്**

മേഖലകളിൽ നിന്ന് 15 പേരെവീതം പങ്കെടുപ്പിക്കാൻ സാധിക്കുമെങ്കിൽ രൂപത കേന്ദ്രത്തിൽ അറിയിക്കണെ. ജൂൺ-ജൂലൈ മാസങ്ങളിലെ സൗകര്യപ്രദമായ ഒരു ദിവസം സംഘടിപ്പിക്കാം എന്നു കരുതുന്നു. സഹകരിക്കുമല്ലോ.

**ആദരാഞ്ജലികൾ**

മാനന്തവാടി രൂപതാ വികാരി ജനറാൾ വെരി. റവ.ഫാ. മാത്യു മാടപ്പിള്ളികുന്നേലിന്റെ പിതാവിന്റെ നിര്യാണത്തിൽ കെ.സി.വൈ.എം. കുടുംബം അനുശോചനം രേഖപ്പെടുത്തി

**ആശംസകൾ, അനുമോദനങ്ങൾ**

കെ.സി.വൈ.എം. മാനന്തവാടി രൂപത മുൻസെക്രട്ടറി ശ്രീ. റ്റോബി കൂട്ടുങ്കലിനും വധുവിനും കെ.സി. വൈ.എം. രൂപതാ കുടുംബത്തിന്റ അനുമോദനങ്ങൾ.

കെ.സി.വൈ.എം. മാനന്തവാടി രൂപത മുൻസെക്രട്ടറി അനീറ്റ കുളത്തിങ്കലിനും വരനും കെ.സി.വൈ.എം. രൂപതാകുടുംബത്തിന്റ അനുമോദനങ്ങൾ.

**മേഖലാ വാർത്തകൾ**

**നടവയൽ മേഖല - ഇഗ്നയ്റ്റ് 2016**

ദൈവകൃപയുടെ അഗ്നി യുവജനഹൃദയങ്ങളിൽ ജ്വലിപ്പിക്കുവാൻ ഇഗ്നയ്റ്റ് 2016 -മേഖല ക്യാമ്പ് മാർച്ച് 17, 18, 19 തീയതികളിൽ വിളമ്പുക്കണ്ടം സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽവച്ച് നടത്തപ്പെട്ടു. മേഖല

ഡയറക്ടർ ഫാ. ജെയിംസ്, യൂണിറ്റ് ഡയറക്ടർ ഫാ. സജി, പ്രസിഡന്റ് ശ്രീ.സിജോ തൈപ്പറമ്പിൽ, സെക്രട്ടറി അനില വയലിൽ എന്നിവർ സംസാരിച്ച പൊതുയോഗത്തോടു കൂടി ക്യാമ്പ് ഉത്ഘാടനം ചെയ്യപ്പെട്ടു. ആലപ്പുഴയിൽ നിന്നുള്ള ശ്രീ. സജിമോൻ സാർ നയിച്ച ക്യാമ്പ് – ചർച്ചകൾ, ക്ലാസ്സുകൾ, ഗെയിംസ്, ക്യാമ്പ് ഫയർ എന്നിവ കൊണ്ട് സജീവമായിരുന്നു. ആത്മീയവിരുന്നൊരുക്കിയ വി. കുർബാന, വി. കുമ്പസാരം എന്നിവ ക്യാമ്പിനേറെ മികവേകി. അമ്മ എന്ന പുണ്യത്തിന് നന്ദിയർപ്പിച്ചുകൊണ്ട് യുവജനമനസ്സ് ഒന്നിച്ച സെക്ഷൻ ഏറെ ഹൃദ്യമായിരുന്നു. കുറുമ്പാലക്കോട്ട യൂണിറ്റംഗം തരുൺ ക്യാമ്പിന് ഇഗ്നയ്റ്റ് എന്ന പേരു നിർദ്ദേശിച്ച് സമ്മാനർഹനായി. രൂപതാ ഡയറക്ടർ ഫാ. ലാൽ ജേക്കബ്, പ്രസിഡണ്ട് ശ്രീ. ആന്റണി മങ്കടപ്ര, സെക്രട്ടറി ജിഷിൻ, വിവിധ യൂണിറ്റുകളിലെ ഡയറക്ടേഴ്സ് എന്നിവരുടെ അനുഗ്രഹ സാന്നിധ്യം കൊണ്ട് ക്യാമ്പ് സമൃദ്ധമായിരുന്നു. അഭിഷേക്, അനസൂയ എന്നിവരെ ബെസ്റ്റ് ക്യാമ്പേഴ്സായി തിരഞ്ഞെടുത്തു. 87 പേർ ക്യാമ്പിൽ പങ്കെടുത്തു. സഹകരിച്ച സകലർക്കും നന്ദി.

രൂപതയുടെ നേതൃത്വത്തിൽ കൽപ്പറ്റയിൽ വച്ച് നടത്തിയ ചാനൽ ചർച്ചയിൽ മേഖലയിൽ നിന്ന് 13 യുവജനങ്ങൾ പങ്കെടുത്തു. ജസ്റ്റിസ് ഫോർ ജിഷ എന്ന രൂപത പരിപാടിയിൽ മേഖലയിലെ യുവജനങ്ങൾ സജീവമായി പങ്കെടുത്തു. രൂപതയുടെ സ്നേഹപൂർവ്വം പരിപാടിയിൽ പങ്കെടുത്ത് മേഖലാംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു. ആത്മജ്വാല 2016 മേഖലയിൽ നിന്ന് യുവജനങ്ങൾ പങ്കെടുത്തു.

**നന്ദി**

മേഖലയെ നയിച്ച ഡയറക്ടർ ജെയിംസ് ചക്കിട്ടക്കുടി അച്ചനും, ആനിമേറ്റർ സിസ്റ്റർ അനറ്റ് സി.എം.സി.ക്കും മേഖലയുടെ നന്ദി.

**സ്വാഗതം**

മേഖലയെ നയിക്കാൻ നിയുക്തതരായിരിക്കുന്ന ഡയറക്ടർ ഫാ.അഗസ്റ്റ്യൻ ചിറക്കത്തോട്ടം അച്ചനും ആനിമേറ്റർ സിസ്റ്റർ ആഷ്‌ലി സി.എം.സി. ക്കും മേഖല കെ.സി.വൈ.എം കുടുംബത്തിലേയ്ക്ക് സ്വാഗതം

**യൂണിറ്റ് വാർത്തകൾ**

**അരിഞ്ചേർമല യുണിറ്റ്**

നടവയൽ മേഖല ക്യാമ്പ് ഇഗ്നയ്റ്റ് 2016 സജീവമാക്കുവാൻ അരിഞ്ചേർമലയിലെ യുവജനസാന്നിധ്യവും, സഹകരണവും ഒപ്പമുണ്ടായിരുന്നു. ഇഗ്നയ്റ്റ് 2016–ന്റെ ചൈതന്യവും ഡയറക്ടർ ഫാ. പോളിന്റെ

നേതൃത്വവും പ്രോത്സാഹനവും യൂണിറ്റംഗങ്ങൾക്ക് കരുണയുടെ മുഖം സമൂഹത്തിന് കാണിച്ചുകൊടുക്കുവാൻ സഹായകമായി. അരിഞ്ചേർമല സെന്റ് തോമസ് എൽ. പി. സ്കൂൾ കെട്ടിടം പെയിന്റ് ചെയ്ത് മനോഹരമാക്കുവാൻ യൂണിററംഗങ്ങൾക്കായി. സഹകരിച്ച എല്ലാവർക്കും നന്ദി. കൽപ്പറ്റയിൽ വച്ച് നടന്ന വിവിധരാഷ്ട്രീയ പാർട്ടികളുടെ ചാനൽ ചർച്ചയിൽ അരിഞ്ചേർമല യുവജനങ്ങളുടെ പങ്ക് ശ്രദ്ധേയമായിരുന്നു. അരിഞ്ചേർമല ഇടവകയിൽ വച്ചുനടന്ന മിഷൻലീഗ് മേഖല ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിന് കെ.സി.വൈ.എം. സഹകരിച്ചു. ക്യാമ്പ് ഫയർ നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾക്ക് കെസിവൈഎം നേതൃത്വം നൽകി.

**ദ്വാരക യൂണിറ്റ്**

കാരുണ്യവർഷത്തിലെ നോമ്പുക്കാല ചൈതന്യം ഉൾക്കൊണ്ട് കെ.സി.വൈ.എം. അംഗങ്ങൾ പീഡാനുഭവ യാത്രാനുസ്മരണം നടത്തി കുരിശും വഹിച്ച് മലയാറ്റൂർമല ചവിട്ടികയറി ലഭിച്ച ചൈതന്യം കാരുണ്യ പ്രവൃത്തികളിലൂടെ പങ്കുവയ്ക്കുവാൻ ശ്രദ്ധിച്ചു. ഈസ്റ്റർ ദിനത്തിൽ ഗവമെന്റ് ആശുപത്രിയിൽ പായസം വിതരണം ചെയ്തും, വാഴവറ്റ ജ്യോതി നിവാസ് വൃദ്ധസദനം സന്ദർശിച്ചും, അവശരോടും കരുണ അർഹിക്കുന്നവരോടുമുള്ള തങ്ങളുടെ കടപ്പാട് പ്രകടിപ്പിക്കാൻ ദ്വാരക യൂണിറ്റംഗങ്ങൾ മറന്നില്ല.

**കാവുമന്ദം യൂണിറ്റ്**

കാരുണ്യവർഷം പ്രവർത്തിപദത്തിലെത്തിക്കുന്നതിന്റെ ഭാഗമായി യൂണിറ്റംഗങ്ങൾ വാഴവറ്റ ജ്യോതി നിവാസ് സന്ദർശിച്ച് അരി, വാഴക്കുല, സ്റ്റേഷനറി സാധനങ്ങൾ എന്നിവ വിതരണം ചെയ്തു. സാമ്പത്തീക സഹായം നൽകി. കെ.സി.വൈ.എം. അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. 8-5-16-ന് കൂടിയ ജനറൽ ബോഡി മീറ്റിംഗിൽ വച്ച് സ്ഥലം മാറിപ്പോകുന്ന ആനിമേറ്റർ സി. പിയൂഷയ്ക്ക് യാത്രയപ്പ് നൽകുകയും നന്ദിയുടെ പൂച്ചെണ്ടുകൾ സമ്മാനിച്ച് പുതിയ സ്ഥലത്ത് എല്ലാവിധ ഭാവുകങ്ങളും നേർന്നു. 22-5-16-ന് പാരീഷ് ഹാൾ നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി യൂണിറ്റിലെ അംഗങ്ങൾ ശ്രമദാനം നടത്തി.

**പോരൂർ യൂണിറ്റ്**

പുതിയ അധ്യയനവർഷം ആരംഭിക്കുന്നതിനോട് അനുബന്ധിച്ച് യുവജനങ്ങളുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനയും ജപമാലയും നടത്തപ്പെട്ടു.

27-5-2016 ന് നടന്ന മേഖല ക്യാമ്പിൽ യൂണിറ്റിൽ നിന്നും 25 യുവജനങ്ങൾ പങ്കെടുത്തു. പോരൂർ യൂണിറ്റിൽ വച്ച് നടന്ന ക്യാമ്പിന് വേണ്ട ക്രമീകരണങ്ങളെല്ലാം നടത്തി നേതൃത്വം നൽകിയത് യൂണിറ്റിലെ യുവജനങ്ങളാണ്.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഫണ്ട് ശേഖരിക്കുന്നതിനായി വാർഡ് തലത്തിൽ ആക്രി ശേഖരണം നടത്തി. മെയ് മാസത്തിലെ രണ്ടാം ശനിയാഴ്ച ഗവമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം വിതരണം ചെയ്യുന്നതിനായി വാർഡുകളിൽ നിന്ന് ഭക്ഷണസാധനങ്ങൾ ശേഖരിക്കുകയും ഭക്ഷണം വെച്ചു നൽകുകയും ചെയ്തു യൂണിറ്റംഗങ്ങൾ ഒരുമിച്ച് പള്ളിപറമ്പിൽ ചേനയും കപ്പയും കൃഷിയിറക്കി.

കഴിഞ്ഞ ഒരുവർഷം യൂണിറ്റ് ആനിമേറ്ററായി നിസ്തുല സേവനം കാഴ്ചവച്ച സിസ്റ്റർ ടെസ്സി ടോം-ന് ഹൃദയപൂർവ്വം നന്ദി. പുതിയ ആനിമേറ്ററായി കടന്നുവന്നിരിക്കുന്ന സിസ്റ്റർ മെർലിൻ എസ്. എച്ച്-ന് സ്നേഹപൂർവ്വം സ്വാഗതം.

**കൊമ്മയാട് യൂണിറ്റ്**

ഈ അധ്യയനവർഷം ഒന്നാം ക്ലാസ്സിൽ പുതുതായി ചേർന്ന കുട്ടികൾക്ക് കെ.സി.വൈ.എം. യൂണിറ്റംഗങ്ങളുടെ നേതൃത്വത്തിൽ പ്രവേശനോത്സവം സംഘടിപ്പിക്കുകയും സമ്മാനങ്ങൾ നൽക്കയും ചെയ്തു. യൂണിറ്റംഗങ്ങളുടെ നേതൃത്വത്തിൽ ഇടവകയിലെ ഒരു നിർദ്ധന കുടുംബത്തിന് വീട് പെയിന്റ് ചെയ്തുകൊടുക്കുകയും ചെയ്തു. ഇടവക ഏറ്റെടുത്ത് നടത്തുന്ന ഭവനനിർമ്മാണത്തിൽ പങ്കാളികളാകുന്നതിന്റെ ഭാഗമായി ഒരു ദിവസത്തെ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തി.

ഇടവകയിലെ വിവിധ ഭാഗങ്ങളിൽ സാമൂഹ്യവിരുദ്ധർ നടത്തിയ മാലിന്യ നിക്ഷേപത്തിനെതിരെ കെ.സി.വൈ.എം. പ്രവർത്തകർ പ്രതിഷേധിക്കുകയും പത്രറിപ്പോർട്ട് നൽകുകയും ചെയ്തു.

**ചാരിറ്റി യൂണിറ്റ്**

ഇടവകയിൽ കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ ആദ്യകുർബാന സ്വീകരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തി. റവ. ഫാ. ജോയി ചേറാടിയുടെ നേതൃത്വത്തിൽ ഇടപ്പള്ളി, വല്ലാർപ്പാടംപള്ളി എന്നിവിടങ്ങളിൽ തീർത്ഥാടനം നടത്തി പ്രാർത്ഥിച്ചു. ബംഗളൂരു, കുറുവിങ്ങലാട് എന്നിവിടങ്ങളിലേയ്ക്ക് സ്ഥലം മാറി പോകുന്ന റവ. ഫാ. മാത്യു പനക്കക്കുഴി റവ. ഫാ. ബിനു കിഴക്കെയിളംതോട്ടം എന്നിവർക്ക് യാത്രയയപ്പ് നൽകി.

**സിബിൻ പാലമൂട്ടിൽ**

ജനറൽ സെക്രട്ടറി

## കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

പാസ്റ്ററൽ സെന്ററിൽ മെയ് 6 മുതൽ 9 വരെ നടന്ന കോഴ്സിൽ 114 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

ജൂലൈ 24–27 – പാസ്റ്ററൽ സെന്റർ ദ്വാരക
ആഗസ്റ്റ് 7–10 – പാസ്റ്ററൽ സെന്റർ ദ്വാരക
ആഗസ്റ്റ് 26–29 – പാസ്റ്ററൽ സെന്റർ ദ്വാരക

**മാതൃവേദി**

**രൂപതാ എക്സിക്യൂട്ടീവ്**

16–06–2016–ന് മാതൃവേദി രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. യോഗത്തിന് സെനറ്റ് മെമ്പർ ശ്രീമതി ലിസ്സി ഈറയിൽ സ്വാഗതം ആശംസിച്ചു. ശ്രീമതി മോളി കരിമ്പനാക്കുഴിയിൽ റിപ്പോർട്ട് അവതരിപ്പിച്ചു. 2016 ഒക്ടോബർ 11 –ന് രൂപതാ തലത്തിൽ ഉദ്യോഗസ്ഥ കൂട്ടായ്മ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. ആനിമേറ്റേഴ്സ് സംഗമം, സമ്മാനകൂപ്പൺ നറുക്കെടുപ്പ്, മണിമൂളി ഫൊറോനയിൽ ലീഡർഷിപ്പ് ക്ലാസ്സ് എന്നിവ സംബന്ധിച്ച് മാതൃവേദിയുടെ ഭാവിപ്രവർത്തനങ്ങളെക്കുറിച്ചും യോഗം ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു. യോഗത്തിന് ശ്രീമതി അന്നമ്മ കാവാലം നന്ദിയർപ്പിച്ചു.

ഫാമിലി അപ്പോസ്റ്റലേറ്റ് മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, ടീം അംഗങ്ങൾ, വിമൻസ് കമ്മീഷൻ, മാതൃവേദി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ, ഏകസ്ഥർ, മാതൃവേദിയുടെ മേഖലാ പ്രസിഡന്റുമാർ എന്നിവരുടെ സംയുക്തയോഗം 2016 ജൂലൈ 21 –ാം തീയതി 10.30 –ന് പാസ്റ്ററൽ സെന്ററിൽ ചേരുന്നു.

**നന്ദി സ്വാഗതം**

കഴിഞ്ഞ വർഷങ്ങളിൽ ഫാമിലി അപ്പോസ്റ്റലേറ്റ് നിലമ്പൂർ, ബത്തേരി മേഖലാ ഡയറക്ടർമാരായി സേവനമനുഷ്ഠിച്ചിരുന്ന റവ.ഫാ. സജി പുതുകുളങ്ങര, റവ.ഫാ.ജോണി കാഞ്ഞിരംപറമ്പിൽ MSFS എന്നിവരെ നന്ദിയോടെ ഓർക്കുന്നു. പുതിയ പ്രവർത്തന മേഖലകളിൽ പ്രാർത്ഥനാനിർഭരമായ ആശംസകൾ നേരുന്നു. പുതിയ മേഖലാ ഡയറക്ടർമാരായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന റവ.ഫാ.സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളി (ബത്തേരി), റവ.ഫാ.വിൻസെന്റ് കൊരട്ടിപ്പറമ്പിൽ (നിലമ്പൂർ) എന്നിവർക്ക് രൂപതാ കുടുംബപ്രേഷിതത്വ പ്രവർത്തന കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതവും വിജയാശംസകളും.

**മാതൃവേദി ശാഖാ ആനിമേറ്റർമാരുടെ സംഗമം**

രൂപതയിലെ മാതൃവേദി ശാഖാ ആനിമേറ്റർമാരുടെ സംഗമം 2016 ആഗസ്റ്റ് മാസം 13ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തുന്നു. മറ്റു പരിപാടികൾ മുൻകൂട്ടി ക്രമീകരിച്ച് പ്രസ്തുത സംഗമത്തിൽ എല്ലാ ശാഖകളിലെയും ബഹു ആനിമേറ്റർമാർ പങ്കെടുക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

**ഉദ്യോഗസ്ഥരായ അമ്മമാരുടെ സംഗമം**

സീറോ മലബാർ മാതൃവേദി മാനന്തവാടി രൂപത ഉദ്യോഗസ്ഥരായ അമ്മമാരുടെ ഏകദിന സംഗമം 2016 ഒക്ടോബർ മാസം 11-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്നു. പങ്കെടുക്കേണ്ടവർ താഴെപ്പറയുന്ന ഗണത്തിൽപ്പെടുന്ന അമ്മമാരാണ്. അങ്കൺവാടി അദ്ധ്യാപികമാർ ഉൾപ്പെടെ എല്ലാ അദ്ധ്യാപികമാരും, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ, ബാങ്ക് ജീവനക്കാർ, നേഴ്സുമാർ, ഡോക്ടർമാർ, വക്കീൽമാർ. പ്രസ്തുത സംഗമത്തിൽ ഇവരെ പങ്കെടുപ്പിക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ആനിമേറ്റർ സിസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ.

**സമ്മാനകൂപ്പൺ**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തന ഫണ്ട് സമാഹരിക്കുന്നതിനായി ക്രമീകരിച്ച സമ്മാനകൂപ്പൺ നറുക്കെടുപ്പ് 18-06-15-ന് ബഹു. രൂപതാ ഡയറക്ടർമാരുടെയും ആനിമേറ്ററുടെയും എക്സിക്യൂട്ടീവ് അംഗങ്ങളുടെയും സാന്നിധ്യത്തിൽ നിർവ്വഹിച്ചു. കൂപ്പൺ ഇടവകകളിൽ വളരെ കൃത്യതയോടെ ചിലവഴിച്ച ഇടവക മാതൃവേദി അംഗങ്ങൾക്കും മേഖലാ നേതൃത്വങ്ങൾക്കും പ്രത്യേകം നന്ദി

അറിയിക്കുന്നു. എല്ലാവർക്കും അഭിനന്ദനങ്ങൾ. രൂപത, മേഖല, ശാഖ തലങ്ങളിൽ കൂടുതൽ ഊർജ്ജസ്വലതയും ഐക്യവും കൈവരിക്കാൻ കൂപ്പൺ സഹായിച്ചിട്ടുണ്ട്. തുടർപ്രവർത്തനങ്ങളുടെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുകയും ചെയ്തു. സമ്മാനങ്ങൾ സ്പോൺസർ ചെയ്തവർക്കും കൂപ്പൺ പ്രിന്റ് ചെയ്തു സഹായിച്ച ദ്വാരക ലിറ്റിൽ ഫ്ളവർ ഐ.റ്റി.സി. മാനേജർ ബഹു. ബ്രദർ. ജോർജ്ജ് സി.എസ്.റ്റിക്കും പ്രത്യേകം നന്ദി.

**സമ്മാന കൂപ്പൺ വിജയികൾ**

1. വൽസ പടക്കൂട്ടിൽ, പുതിയിടംകുന്ന് - കൂപ്പൺ നമ്പർ 6064
2. ജിന്റോ വർഗ്ഗീസ് കുറ്റിക്കൽ, മണിമൂളി - കൂപ്പൺ നമ്പർ 11399
3. ബെന്നി പി.വി. പുതിയാപറമ്പിൽ, ചിത്രഗിരി - കൂപ്പൺ നമ്പർ 22795

1, 2, 3 സമ്മാന വിജയികൾക്ക് ഒക്ടോബർ 11-ാം തീയതി നടക്കുന്ന ഉദ്യോഗസ്ഥ സംഗമത്തിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്.

**പ്രോത്സാഹന സമ്മാനങ്ങൾ**

കൂപ്പൺവിതരണം ചെയ്ത എല്ലാ ഇടവകകൾക്കും ഒരു പ്രോത്സാഹന സമ്മാനം ഉണ്ട്. ഇത് ജൂലൈ മാസത്തിലെ സംയുക്ത എക്സിക്യൂട്ടീവിൽ വച്ച് കൈപ്പറ്റാവുന്നതാണ്. ഇടവകാതല വിജയികളുടെ കൂപ്പൺനമ്പറും പേരും രൂപതാ ഓഫീസിൽ ലഭ്യമാണ്.

**മേഖലാ വിഹിതം**

കൂപ്പൺ വിതരണത്തിലൂടെ സമാഹരിച്ച തുകയിൽ നിന്നും 20% ഓരോ മേഖലയ്ക്കും നൽകും. ഈ തുക ജൂലൈ 21-ാം തീയതി നൽകുന്നതാണ്.

**മാനന്തവാടി മേഖല**

ജൂൺ 14 -ാം തീയതി പുതിയിടം കുസുമഗിരി പള്ളിയിൽ വച്ച് മാനന്തവാടി മേഖലാ പ്രതിനിധികളുടെയും ശാഖാ ആനിമേറ്റർമാരുടെയും സംയുക്ത സമ്മേളനം നടന്നു. മേഖലാ ഡയറക്ടർ ഫാ.മൈക്കിൾ വടക്കേമുളഞ്ഞനാൽ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും വിഭിന്നശേഷിയുള്ളവർക്കും കരുണയും കരുതലും നൽകുന്നതിൽ അമ്മമാർക്ക് സുപ്രധാന പങ്കുവഹിക്കാനുണ്ട് എന്ന് ഓർമ്മിപ്പിച്ചു. ജൂലൈ മാസത്തിൽ മേഖലയിലെ വിഭിന്നശേഷിക്കാരുടെ ഒരു സംഗമവും അവരുടെ മാതാപിതാക്കൾക്ക് ഒരു

ബോധവൽക്കരണ സെമിനാറും നടത്താൻ തീരുമാനിച്ചു. പുതിയിടം പള്ളി വികാരി ഫാ. മനോജ് തോട്ടുങ്കര മാതൃവേദി ഉദ്യമങ്ങൾക്ക് എല്ലാവിധ ആശംസകളും സഹായങ്ങളും നേർന്നു. മേഖലാ പ്രസിഡണ്ട് ശ്രീമതി നിഷ പുൽപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി മോളി കരിമ്പനാക്കുഴി സ്വാഗതവും ശ്രീമതി സെൽമ കാഞ്ഞിരത്തിങ്കൽ നന്ദിയും രേഖപ്പെടുത്തി.

**ബത്തേരി മേഖല**

കഴിഞ്ഞ ആറുവർഷം ബത്തേരി മേഖല മാതൃവേദി ഡയറക്ടറായി സേവനം ചെയ്ത ബഹു.ജോണി കാഞ്ഞിരംപറമ്പിൽ MSFS അച്ചനും 2 വർഷം മേഖല ആനിമേറ്ററായിരുന്ന സി.വിമല ജോസ് എസ്.എച്ച്. നും യാത്രയയപ്പു നൽകി. യോഗത്തിൽ എല്ലാ ശാഖകളിൽ നിന്നും ആനിമേറ്റർമാരും എക്സിക്യൂട്ടീവ് അംഗങ്ങളും മേഖലാ എക്സിക്യൂട്ടവ് അംഗങ്ങളും പങ്കെടുത്തു. ബഹു.അച്ചനും, സിസ്റ്ററിനും ഉപഹാരങ്ങൾ നൽകി ആദരിക്കുകയും ഭാവുകങ്ങൾ നേരുകയും ചെയ്തു.

**തരിയോട് മേഖല**

2.6.2016 –ന് മേഖലാ എക്സിക്യൂട്ടീവ് കാവുമന്ദം പള്ളിയിൽ വച്ച് മേഖലാ ഡയറക്ടർ ബഹു. സജി കൊച്ചുപാറക്കൽ അച്ചന്റെ നേതൃത്വത്തിൽ നടത്തി. സി.ആൻസി ജോസ് എഫ്.സി.സി –യെ വീണ്ടും മേഖലാ ആനിമേറ്ററായി തിരഞ്ഞെടുത്തു. സെക്രട്ടറി ആയി ജെസ്സി വടക്കേപറമ്പിലിനെ (മഞ്ഞൂറ) തിരഞ്ഞെടുത്തു. രൂപതയിൽ തരിയോട് മേഖലയ്ക്ക് മൂന്നാം സ്ഥാനം ലഭിച്ചു. ''കുടുംബം കരുണയുടെ ഉറവിടം" എന്നവിഷയത്തെക്കുറിച്ച് എല്ലാ ഇടവകകളിലും ക്ലാസ് എടുക്കുവാൻ തീരുമാനിച്ചു.

**ചുങ്കക്കുന്ന്**

കാരുണ്യ വർഷത്തോടനുബന്ധിച്ച് ഇടവകയിൽ നിന്നും വീട് നിർമ്മിച്ച് നൽകുന്നതിന് ആവശ്യമായ ഫണ്ടിലേക്ക് അമ്മമാരുടെ സംഭാവനയായി എല്ലാ വെള്ളിയാഴ്ച്ചയും വാർഡ് തിരിച്ച് കാഴ്ച്ച സമർപ്പണം നടത്തുന്നു. 31–5–2016 –ന് എക്സിക്യൂട്ടീവ് അംഗങ്ങൾ ആലച്ചേരി സ്നേഹഭവൻ സന്ദർശിച്ചു. അവരുടെ വസ്ത്രങ്ങൾ കഴുകി. ഭക്ഷണം വിതരണം ചെയ്തു. സമാഹരിച്ച സാധനങ്ങളും 95000/– രൂപയും നൽകി.

**മരകാവ്**

22-4-2016 -ന് 'കുടുംബം കരുണയുടെ ഉറവിടം' എന്ന വിഷയത്തെക്കുറിച്ച് രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം ശ്രീ.സെബാസ്റ്റ്യൻ പാലംപറമ്പിൽ ഇടവകയിലെ മാതാപിതാക്കൾക്കായി ഏകദിന സെമിനാർ നടത്തി. മെയ് 1-ാം തീയതി മുതൽ 31 വരെ മാതാവിന്റെ വണക്കമാസമായി ആചരിച്ചു. 31-ാം തീയതി ആഘോഷപൂർവ്വമായ സമാപനം ഇടവകാതലത്തിൽ നടത്തി. ഏകദേശം 650 കുടുംബങ്ങളിലും മാതാവിന്റെ വണക്കമാസ പുസ്തകം വിതരണം ചെയ്തു. ജൂൺ മാസം നാൽപ്പത് കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം ബഹുമാനപ്പെട്ട വികാരിയച്ചന്റെ സഹായത്തോടെ അമ്മമാർ നൽകി.

**പുതിയിടംകുന്ന്**

2.4.2016 -ന് മേഖലാമത്സരത്തിൽ പങ്കെടുത്ത് ആന്തം, ഗ്രൂപ്പ് സോംഗ് എന്നിവയ്ക്ക് ഒന്നാം സ്ഥാനവും 16.4.2016 -ന് രൂപതാ മത്സരത്തിൽ പങ്കെടുത്ത് ആന്തത്തിന് 1-ാം സ്ഥാനവും ഗ്രൂപ്പ് സോംഗിന് 3-ാം സ്ഥാനവും കരസ്ഥമാക്കി.

**കൽപ്ര**

6-5-2016 - ന് എക്സിക്യൂട്ടീവ് ചേർന്നു. മേഖലാ മൽസര വിജയികളെ അഭിനന്ദിച്ചു. എക്സിക്യൂട്ടീവ് അംഗങ്ങൾ ക്യാൻസർ രോഗത്തിൽ വിഷമിക്കുന്ന ഒരു കുടുംബത്തെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**കാവുമന്ദം**

14.5.2016 -ന് ബഹു.വികാരിയച്ചന്റെ നേതൃത്വത്തിൽ മാതൃവേദിയുടെ എക്സിക്യൂട്ടീവ് കൂടുകയും കരുണയുടെ വർഷം പ്രമാണിച്ച് പാവപ്പെട്ട കുടുംബങ്ങൾക്കും കുട്ടികൾക്കും സഹായം നൽകാൻ തീരുമാനിക്കുകയും ചെയ്തു. 15.5.2016 -ന് ജനറൽ ബോഡി ചേർന്നു. മാതൃവേദിയുടെ പുതിയ ആനിമേറ്ററായി കടന്നുവന്ന സി.ലിറ്റിൽ മേരിയെ സ്വാഗതം ചെയ്തു.

**മഞ്ഞൂറ**

മാതാവിന്റെ വണക്കമാസ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. കൂടാതെ മദർ തെരേസ മൗണ്ടിലും, മഞ്ഞൂറ ഗ്രോട്ടോയിലും പത്ത് ദിവസത്തെ ജപമാലയും പ്രാർത്ഥനയും നടത്തി. രോഗീ സന്ദർശനം നടത്തി.

**ശാന്തിഗിരി**

ആനിമേറ്റർ സി. ജെറോമിന്  മാതൃവേദി അംഗങ്ങൾ യാത്ര അയപ്പും ഉപഹാരവും നൽകി. 29.62016 –ന് ശാന്തിഗിരി മാതൃവേദിയുടെ ആഭിമുഖ്യത്തിൽ "കുടുംബ ജീവിതത്തിൽ അമ്മമാർക്കുള്ള പങ്ക്" എന്ന വിഷയത്തെ ആസ്പദമാക്കി രൂപതാ ടീം അംഗം പ്രിയ ടീച്ചർ ചുങ്കക്കുന്ന് ക്ലാസ്സെടുക്കുകയും വി.കുർബാനയിൽ അമ്മമാർ ബൈബിൾ വായന, ഗാനാലാപനം, ശുശ്രൂഷി എന്നീ നിലയിൽ പങ്കുകൊള്ളുകയും വി.ബലി മദ്ധ്യേ നടത്തിയ സ്തോത്ര കാഴ്ച്ചയിൽ ലഭിച്ച തുക മാതൃവേദിയുടെ ധനശേഖരണാർത്ഥം ഫണ്ടിലേക്ക് നൽകുകയും ചെയ്തു.

**ഫാ. മാത്യു പെരിയപ്പുറം**

ഡയറക്ടർ, കുടുംബപ്രേഷിതത്വം

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**

അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സീയോൻ ടീം മീറ്റിംഗ്**

ജൂൺ മാസം 6-ാം തീയതി 71 ശുശ്രൂഷകർ സീയോൻ ധ്യാന കേന്ദ്രത്തിൽ സമ്മേളിച്ചു. 4 മണിക്ക് ടീം മീറ്റിംഗ് ആരംഭിച്ചു. പ്രാർത്ഥനയ്ക്കും അറിയിപ്പുകൾക്കും ശേഷം സീയോൻ ധ്യാനകേന്ദ്രത്തിന്റെ മുൻ ഡയറക്ടർ ബഹു. അഗസ്റ്റിൻ താന്നിയിലച്ചൻ തന്റെ മിഷൻ അനുഭവം പങ്കുവച്ചു. 5 മണി മുതൽ ഒരുക്കശുശ്രൂഷ, 6.30 ന് ജാഗരണ പ്രാർത്ഥന, വി. കുർബാന, കുരിശിന്റെ വഴി Praise & Worship. 12 മണിക്ക് ശുശ്രൂഷ സമാപിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ 4-6-2016**

ആദ്യശനി കൺവെൻഷനുവേണ്ടിയുള്ള ഒരുക്കശുശ്രൂഷ 6 മണിക്ക് ആരംഭിച്ചു. വെഞ്ചരിപ്പ്, ജപമാല പ്രദക്ഷിണം ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നടത്തി. 8.45 ന് ആരംഭിച്ച കൺവെൻഷനിൽ ബഹു. ബാബു കക്കാട്ടിക്കാലായിൽ അച്ചൻ വചനപ്രഘോഷണം നടത്തി. ബഹു. അഗസ്റ്റിൻ താന്നിയിലച്ചൻ വി. കുർബാന അർപ്പിച്ചു. അനുഭവസാക്ഷ്യം, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവ നടത്തി. 3.30 ന് ശുശ്രൂഷ സമാപിച്ചു.

**രണ്ടാം ശനി പൊതുസ്പിരിച്വൽ ഷെയറിംഗ് ദിനം 11-6-16**

സ്പിരിച്വൽ ഡിറക്ടേഴ്സ് രണ്ടാം വെള്ളിയാഴ്ച സീയോനിൽ വന്ന് പ്രാർത്ഥിച്ച് ഒരുങ്ങി. രണ്ടാം ശനിയാഴ്ച 80 പേർ ആത്മീയ പങ്കുവക്കൽ ശുശ്രൂഷയിൽ സംബന്ധിച്ചു.

**ആന്തിരിക സൗഖ്യധ്യാനം 12-16**

ജൂൺ മാസത്തിൽ സീയോൻ കേന്ദ്രത്തിൽ വച്ച് നടന്ന ധ്യാനത്തിൽ 86 പേർ പങ്കെടുത്തു.

**ദമ്പതീധ്യാനം**

മെയ് 27 മുതൽ 30 വരെ സീയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് ദമ്പതികൾക്കുള്ള ധ്യാനം നടത്തപ്പെട്ടു.

**ജീസസ് യൂത്ത് കൂട്ടായ്മ**

"ഒരു കാര്യം ചെയ്യാനോ ഒരുവിധത്തിലായിരിക്കാനോ ഞാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അതിനായി മറ്റാരും സൃഷ്ടിക്കപ്പെട്ടിട്ടില്ല. എനിക്കു ദൈവത്തിന്റെ പദ്ധതികളിലും ദൈവത്തിന്റെ ലോകത്തിലും ഒരു സ്ഥാനമുണ്ട്. മറ്റാർക്കും ഇല്ലാത്ത സ്ഥാനം. (വാഴ്ത്തപ്പെട്ട ജോൺ ഹെൻറി ന്യൂമാൻ).

ജീസ്സസ് യൂത്തിലെ അംഗങ്ങൾ രണ്ടാം വെള്ളിയാഴ്ച ജാഗരണ പ്രാർത്ഥന നടത്തി ഏകദിന സംഗമത്തിനായി ഒരുങ്ങി. 2–ാം ശനിയാഴ്ച 6.30 ന് പ്രാർത്ഥിച്ച് ഒരുങ്ങി 9.30 ന് ശുശ്രൂഷകൾ ആരംഭിച്ചു. ജപമാല, സ്തുതി ആരാധന എന്നിവയ്ക്കുശേഷം കാരക്കാമല ഇടവക വികാരി റവ. ഫാ. ബിനു തുരുത്തേൽ വചനപ്രഘോഷണം നടത്തി. ജീസസ് യൂത്ത് എന്നത് സഭയിലെ പുളിമാവാണ്. എല്ലാ ഭാഗത്തേയ്ക്കും ആത്മീയതയുടെ പുളിമാവ് പരത്തേണ്ടത് ജീസ്സസ് യൂത്ത് യുവജനങ്ങളാണെന്നും അച്ചൻ ഉദ്ബോധിപ്പിച്ചു. വി. കുർബാനയ്ക്കുശേഷം ലഘു ഭക്ഷണം, ഷെയറിംഗ് എന്നിവ നടന്നു. 2.30 ന് ജീസസ് യൂത്ത് ലീഡർ ഷൈജു കൊച്ചുകുടിയിൽ ആരാധന നയിച്ചു. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**സീയോൻ ജൂലൈ മാസത്തിൽ**

| | | |
|---|---|---|
| ജൂലൈ 1 | – | ആദ്യവെള്ളി |
| ജൂലൈ 2 | – | ഏകദിന കൺവെൻഷൻ |
| ജൂലൈ 9 രണ്ടാംശനി | – | സ്പിരിച്ച്വൽ ഷെയറിംഗ് ദിനം<br>യുവജനദിനം |
| ജൂലൈ 10–14 | – | ദേവാലയ ശുശ്രൂഷകരുടെ ധ്യാനം |
| ജൂലൈ 17–21 | – | ആന്തരിക സൗഖ്യധ്യാനം |
| ജൂലൈ 15 മൂന്നാം വെള്ളി | – | ജാഗരണ പ്രാർത്ഥന |
| ജൂലൈ 23 നാലാം ശനി | – | രോഗികൾക്കായുള്ള<br>സൗഖ്യ ശുശ്രൂഷാദിനം |

**ഡയറക്ടർ**
സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീ സഹോദര ങ്ങളെ.....

"എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്ക് തരും; അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും."

ജൂലായ് മാസം നമ്മുടെ രക്ഷകനായ ഈശോയുടെ തിരുരക്ത വണക്കമാസമാണല്ലോ. കൂടാതെ കേരളസഭയുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനാ തിരുനാൾ സഹനത്തിന്റെ പുത്രി, വി.അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവയുടെ മംഗളങ്ങൾ എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും ആശംസിക്കുന്നു.

വർഷകാല രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ നടപടികൾ സ്വീകരിച്ച് വി.തോമാശ്ലീഹായുടെ വിശ്വാസതീവ്രതയിലും വി. അൽഫോൻസാമ്മയുടെ അചഞ്ചലഭക്തിയിലും ആശ്രയിച്ചുകൊണ്ട് വേണം പരസ്നേഹപ്രവർത്തനങ്ങളിൽ വ്യാപൃതരാകേണ്ടതെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. നമ്മുടെ സംഘടനയുടെ സ്വർഗ്ഗീയമദ്ധ്യ സ്ഥനായ വി.വിൻസെന്റ് ഡി പോളിന്റേയും സംഘടനയുടെ സ്ഥാപക നായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റേയും ശക്തമായ മാദ്ധ്യ സ്ഥത്തിൽ പരിശുദ്ധ അമ്മയുടെ സംരക്ഷണം അപേക്ഷിച്ചുകൊണ്ട് നമുക്ക് പരസ്നേഹ പ്രവർത്തനങ്ങളിൽ കൈകോർക്കാം.

**സിസി യോഗം**

10–6–2016 ന് ബ്രദർ തോമസ് മാങ്ങൻ, സിസി പ്രസിഡണ്ട് അദ്ധ്യ ക്ഷനായി ഓസാനാം ഭവനിൽ വെച്ച് സിസി യോഗം ചേർന്നു. ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, സിസി ജനറൽ സെക്രട്ടറി തന്റെ സ്വാഗത പ്രസംഗത്തിൽ കാരുണ്യവർഷ പ്രവർത്തനത്തിന്റെ രൂപരേഖ സിസി യിൽ നിന്നും നൽകിയിട്ടുള്ളത് എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും ഉൾക്കൊണ്ട് പ്രാവർത്തികമാക്കാൻ സന്നദ്ധരാകണമെന്ന് ഉത്ബോധി പ്പിച്ചു.

ബ്രദർ തോമസ് മാങ്ങൻ സിസി പ്രസിഡണ്ട് അദ്ധ്യക്ഷസന്ദേശ ത്തിൽ താൻ പ്രസിഡണ്ടായുള്ള മാനന്തവാടി സെൻട്രൽ കൗൺസി

ലിന്റെ ഏഴാമത്തെ ബോഡിന്റെ കാലാവധി പൂർത്തിയാകുന്നതിനാൽ തന്റെ രാജിക്കത്ത് 6-6-2016 ന് സിസി സീനിയർ വൈസ് പ്രസിഡണ്ട് ബ്രദർ ജോണി പാറ്റാനിക്ക് കൈമാറി എന്നറിയിച്ചു. പുതിയ സിസി പ്രസിഡണ്ടിനെ തിരഞ്ഞെടുക്കാൻ എല്ലാ വിൻസെൻഷ്യൻ അംഗങ്ങളും പ്രാർത്ഥിച്ച് ഒരുങ്ങണമെന്നും അഭ്യർത്ഥിച്ചു.

ബ്രദർ ജോണി പാറ്റാനി (സിസി സീനിയർ വൈസ് പ്രസിഡണ്ട്), സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ, രാജിക്കത്ത് നൽകി എന്നും സ്വീകരിച്ചു എന്നും അറിയിച്ചു. പുതിയ സിസി പ്രസിഡണ്ടിന്റെ തിരഞ്ഞെടുപ്പിന് നോമിനേഷൻ കൊടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അറിയിച്ചു.

1) 10 വർഷം തുടർച്ചയായി അംഗമായിരിക്കണം
2) തിരഞ്ഞെടുപ്പ് നടത്തുന്ന ദിവസം 64 വയസ് തികയാൻ പാടില്ല.
3) 10% വോട്ടവകാശമുള്ള അംഗങ്ങൾ നോമിനേഷൻ നൽകണം.

തിരഞ്ഞെടുപ്പിന് എസി, കോൺഫറൻസ് പ്രസിഡണ്ട്മാർക്ക് നൽകാൻ ബ്രദർ ജോണി പാറ്റാനി എഴുതി ഉണ്ടാക്കിയ കത്ത് യോഗത്തിൽ വായിച്ചവതരിപ്പിച്ചു.

**യോഗതീരുമാനങ്ങൾ**

1) 2016 ആഗസ്റ്റ് 13-ാം തീയതി രണ്ടാംശനിയാഴ്ച പുതിയ സിസി പ്രസിഡണ്ട് തിരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചു.
2) തിരഞ്ഞെടുപ്പിന് ഇലക്ഷൻ നടപടിക്രമങ്ങൾ നടപ്പിലാക്കാൻ വരണാധികാരിയായി ബ്രദർ ജോണി പാറ്റാനിയും, ബ്രദർ ഫിലിപ്പ് വട്ടക്കാമുകളേൽ, ബ്രദർ ജോൺ കണ്ണാട്ടുപറമ്പിൽ എന്നിവരെ ഇലക്ഷൻ നടപടിക്രമങ്ങളിൽ ബ്രദർ ജോണി പാറ്റാനിയെ സഹായിക്കുവാനായി സിസി യോഗത്തിൽ അംഗീകരിച്ചു.
3) ഓസാനാംഭവൻ ശുശ്രൂഷക്കായി രാത്രിസേവനംകൂടി ചെയ്യാൻ സാധിക്കുന്ന ഒരു പുരുഷ ശുശ്രൂഷകനെ കണ്ടുപിടിച്ച് നിയമിക്കുവാൻ തീരുമാനിച്ച് ബ്രദർ ജോർജ് ആക്കാന്തിരിയിൽ ചുമതല ഏൽപിച്ചു.

**സിസി 38-ാ മത് വാർഷികം**

38 -ാമത് സിസി വാർഷികം വിലയിരുത്തി, നേട്ടങ്ങളും കോട്ടങ്ങളും ചർച്ച ചെയ്തു.

**കാരുണ്യവർഷ പ്രവർത്തനങ്ങൾ**

1) നടവയൽ ഏസിയുടെ കീഴിലുള്ള സെന്റ് മേരീസ് കോൺഫറൻസ് നടവയൽ, ഇടവകയിൽപെട്ട ഒരു പാവപ്പെട്ട കുടുംബത്തിന് വീട് വെച്ച് കൊടുത്തു.
2) മാനന്തവാടി ഏസിയുടെ കീഴിലുള്ള സെന്റ് ജോസഫ്

കോൺഫറൻസ് കണിയാരം, നിർദ്ധനരായ ഒരു കുടുംബത്തിന് വീട് പുതുക്കിപണിതു നൽകി. സെന്റ് സെബാസ്റ്റ്യൻ കോൺഫറൻസ് കാട്ടിമൂല ഒരു കുടുംബത്തിന് വീട് റിപ്പയർ ചെയ്തു കൊടുത്തു.

3) നിലമ്പൂർ ഏസിയുടെ കീഴിലുള്ള ലിറ്റിൽഫ്ളവർ കോൺഫറൻസ് ഏഴ് നിർദ്ധനരും പഠിക്കാൻ മിടുക്കരുമായ കുട്ടികൾക്ക് 12000/- രൂപ വീതം ഒരു വർഷത്തെ ഫീസ് നൽകി.

4) പാടിച്ചിറ ഏസിയിലെ മേരിമാതാ കോൺഫറൻസ് ശിശുമല നിർധനരായ ഒരു വിധവയുടെ മകൾക്ക് വിദ്യാഭ്യാസ സഹായം നൽകി.

**അടുത്ത സിസി യോഗം ജൂലൈ 6 ന്**

2016 ജൂലൈ 6-ാം തീയതി 10 മണിക്ക് ഓസാനാം ഭവനിൽ വെച്ച് സിസി യോഗം ചേരുന്നതായിരിക്കും.

**USA സ്കോളർഷിപ്പ്**

2016 ജൂലൈ 6-ാം തീയതിയിലെ സിസി യോഗത്തിൽ ഓസാനാം ഭവനിൽ വെച്ച് USA സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതായിരിക്കും. USA സ്കോളർഷിപ്പ് വാങ്ങിക്കുന്ന എല്ലാ വിദ്യാർത്ഥികളേയും ഓസാനാം ഭവനിലേയ്ക്ക് കൊണ്ടുവരേണ്ടതാണെന്ന് ഏസി കോൺഫറൻസ് പ്രസിഡണ്ടുമാരേയും പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ഓരോ വിദ്യാർത്ഥിയും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും നന്ദി അറിയിച്ചുകൊണ്ടുള്ള കത്തും കൊണ്ട് വരേണ്ടതാണ്. വിദ്യാർത്ഥികൾക്കായി അന്നേദിവസം രാവിലെ 10 മണി മുതൽ 1 മണിവരെ ക്ലാസ് ഉണ്ടായിരിക്കും. അതിനുകൂടി തയ്യാറായി വേണംവരാൻ.

**അനുസ്മരണം**

മാനന്തവാടി സിസിയുടെ മുൻ വൈസ്പ്രസിഡണ്ടും, മണിമൂളി ക്രൈസ്റ്റ് കിംഗ് കോൺഫറൻസ് സ്ഥാപകപ്രസിഡണ്ടും, സെന്റ് മേരീസ് കോൺഫറൻസ് മണിമൂളി ഉൾപ്പെടെ മണിമൂളി ഫൊറോനയിലെ മറ്റു കോൺഫറൻസുകളുടെ സ്ഥാപനത്തിൽ മുഖ്യപങ്ക് വഹിച്ച് വിൻസെൻഷ്യൻ പ്രവർത്തനങ്ങൾക്ക് മാതൃകയായ ബ്രദർ വി.ഡി. ജോസഫ് വടാശ്ശേരി (റിട്ടയേഡ് ലഫ്റ്റന്റ് കേണൽ) 17-3-2016 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സിസിയുടെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന്വേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഓസാനാംഭവൻ രാത്രി സേവനം**

**നടവയൽ ഏസി**

| | | |
|---|---|---|
| 18-7-2016 | സെന്റ് മേരീസ് | നടവയൽ |
| 19-7-2016 | ഇൻഫന്റ് ജീസസ് | നടവയൽ |

| | | |
|---|---|---|
| 20-7-2016 | സെന്റ് സെബാസ്റ്റ്യൻ | കേണിച്ചിറ |
| 21-7-2016 | സെന്റ് മേരീസ് | കേണിച്ചിറ |
| 22-7-2016 | സെന്റ് അൽഫോൻസ | നെയ്ക്കുപ്പ |
| 23-7-2016 | സെന്റ് ജോസഫ് | നെയ്ക്കുപ്പ |
| 24-7-2016 | സെന്റ് മേരീസ് | വാളവയൽ |
| 25-7-2016 | സെന്റ് മേരീസ് | കല്ലുവയൽ |
| 26-7-2016 | സെന്റ് അൽഫോൻസ | കല്ലുവയൽ |
| 27-7-2016 | സെന്റ് ജൂഡ് | പനമരം |

**പാടിച്ചിറ ഏസി**

| | | |
|---|---|---|
| 28-7-2016 | ഇൻഫന്റ് ജീസസ് | കബിനിഗിരി |
| 29-7-2016 | മേരിമാതാ | ശിശുമല |
| 30-7-2016 | ഇൻഫന്റ് ജീസസ് | ശിശുമല |
| 31-7-2016 | ലിറ്റിൽഫ്ളവർ | പാടിച്ചിറ |
| 01-8-2016 | സെന്റ് സെബാസ്റ്റ്യൻ | പാടിച്ചിറ |
| 02-8-2016 | മേരിമാതാ | കബിനിഗിരി |
| 03-8-2016 | സെന്റ് ജോസഫ് | സീതാമൗണ്ട് |
| 04-8-2016 | സെന്റ് ജോസഫ് | മരക്കടവ് |
| 05-8-2016 | സെന്റ് മേരീസ് | മരക്കടവ് |

**പയ്യമ്പള്ളി ഏസി**

| | | |
|---|---|---|
| 6-8-2016 | സെന്റ് മേരീസ് | പയ്യമ്പള്ളി |
| 7-8-2016 | സെന്റ് കാതറിൻ | പയ്യമ്പള്ളി |
| 8-8-2016 | സെന്റ് ജോസഫ് | അപ്പപ്പാറ |
| 9-8-2016 | ലിറ്റിൽഫ്ളവർ | ഒണ്ടയങ്ങാടി |
| 10-8-2016 | സെന്റ് അൽഫോൻസ | പടമല |
| 11-8-2016 | സെന്റ് തോമസ് | ആറാട്ടുതറ |
| 12-8-2016 | സെന്റ് ജോർജ് | തൃശിലേരി |
| 13-8-2016 | സെന്റ് മേരീസ് | പനവല്ലി |
| 14-8-2016 | സെന്റ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ | എടയൂർകുന്ന് |
| 15-8-2016 | സെന്റ് മാർട്ടിൻ | ഒണ്ടയങ്ങാടി |

**ഓസാനാംഭവൻ സന്ദർശനം**

**ചുണ്ടക്കര ഏസി**

| | | |
|---|---|---|
| 22-7-2016 | സെന്റ് മേരീസ് | ചുണ്ടക്കര |
| 24-7-2016 | സെന്റ് ജോസഫ് | ചുണ്ടക്കര |
| 26-7-2016 | സെന്റ് മേരീസ് | അരിഞ്ചേർമല |
| 28-7-2016 | സെന്റ് തോമസ് | അരിഞ്ചേർമല |

| | | |
|---|---|---|
| 30-7-2016 | സെന്റ് ജോർജ് | ചുള്ളിയാന |
| 01-8-2016 | സെന്റ് അൽഫോൻസ | ചുള്ളിയാന |
| 03-8-2016 | സെന്റ് സെബാസ്റ്റ്യൻ | വിളമ്പുകണ്ടം |
| 05-8-2016 | വാ.മദർ തെരേസ | വിളമ്പുകണ്ടം |
| 07-8-2016 | സെന്റ് മേരീസ് | പറളിക്കുന്ന് |
| 09-8-2016 | സെന്റ് ജൂഡ് | കുറുമ്പാലക്കോട്ട |

**കല്പറ്റ ഏസി**

| | | |
|---|---|---|
| 11-8-2016 | സെന്റ് ജൂഡ് | കല്പറ്റ |
| 13-8-2016 | സെന്റ് മേരീസ് | കല്പറ്റ |
| 15-8-2016 | സെന്റ് മേരീസ് | പുഴമുടി |
| 17-8-2016 | സെന്റ് മേരീസ് (പു) | വൈത്തിരി |
| 19-8-2016 | സെന്റ് മേരീസ് (വ) | വൈത്തിരി |
| 21-8-2016 | സെന്റ് ക്ലാരറ്റ് | ചാരിറ്റി |
| 23-8-2016 | സെന്റ് മേരീസ് | നെടുമ്പാല |
| 25-8-2016 | സെന്റ് ജോസഫ് | റിപ്പൺ |
| 27-8-2016 | സെന്റ് ജോൺ പോൾ II | തൃക്കൈപ്പറ്റ |

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും ആശംസകൾ നേർന്നുകൊണ്ട് പ്രാർത്ഥനയോടെ സഹോദരൻ

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സിസി പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**WSSS പൊതുയോഗം, ഭരണസമിതിയോഗം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വാർഷിക പൊതുയോഗവും, ഭരണസമിതിയോഗവും 2016 മെയ് 26-ാം തീയതി WSSS ൽ നടന്നു. മോൺസിഞ്ഞോർ മാത്യു മാടപ്പള്ളിക്കുന്നേൽ അദ്ധ്യക്ഷതവഹിച്ചു. WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി റിപ്പോർട്ട് കണക്ക് എന്നിവ അവതരിപ്പിച്ചു. റവ.ഫാ. ജോൺ ചൂരപ്പുഴയിൽ ബയോവിൻ അഗ്രോ പ്രോസസിംഗ് സെന്ററിനെ സംബന്ധിച്ചും റവ.ഫാ. സെബാസ്റ്റ്യൻ പുത്തേൻ റേഡിയോ മാറ്റൊലിയുടെ പ്രവർത്തനത്തെക്കുറിച്ചും വിശദീകരിച്ചു.

**നബാർഡ് സമഗ്ര ആദിവാസി വികസനപദ്ധതി**

**പദ്ധതി അവലോകനം**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 2 വർഷങ്ങളിലായി നടത്തിവരുന്ന സമഗ്ര ആദിവാസിവികസന പദ്ധതി വിലയിരുത്തുന്നതിന് നബാർഡ് നിയോഗിച്ച ടീം അംഗങ്ങളുടെ പദ്ധതി അവലോകനം പൂർത്തിയായി. ഒരു മാസത്തിലധികം നീണ്ടുനിന്ന അവലോകന പ്രവർത്തനങ്ങളിൽ 730 കുടുംബങ്ങളിൽ സന്ദർശനം നടത്തുകയും രേഖകൾ പരിശോധിക്കുകയും, ഗുണഭോക്താക്കളുടെ അഭിപ്രായങ്ങൾ തേടുകയും ചെയ്തു. നബാർഡ് നിയോഗിച്ച ശ്രീ. ധനേഷ്, ശ്രീ. ഷാജു എന്നിവർ നേതൃത്വം നൽകി. WSSS ന്റെ പദ്ധതി നിർവ്വഹണത്തിൽ ടീം സന്തോഷം രേഖപ്പെടുത്തി.

**മഞ്ഞൾവിത്ത് വിതരണം ചെയ്തു**

പദ്ധതിയിൽ പങ്കാളികളായ മുഴുവൻ അംഗങ്ങൾക്കും മഞ്ഞൾവിത്ത് വിതരണം നടത്തി. ഈ വിത്ത് ഉപയോഗിച്ച് കൃഷി നടത്തുന്നവരിൽ നിന്നും മുഴുവൻ മഞ്ഞളും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അധികവില നൽകി സംഭരിച്ചതാണ്.

**ആശാകിരണം ശിൽപശാല**

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ വ്യാപിക്കുന്നത് കുറയ്ക്കുന്നതിനും രോഗികളെ സഹായിക്കുന്നതിനും കേരളത്തിലെ മുഴുവൻ സോഷ്യൽ സർവ്വീസ് സൊസൈറ്റികളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ആശാകിരണം. ഇതിനോടകം വിവിധ രൂപതകളിൽ ആശാകിരണത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മലബാർ ഭാഗത്തുള്ള രൂപതകളിൽ ആശാകിരണം പദ്ധതി ആരംഭിക്കുന്നതിന് കോഴിക്കോട് ബിഷപ്സ് ഹൗസിൽ വച്ച് സംഘടിപ്പിച്ച ശിൽപശാലയിൽ WSSS പ്രോഗ്രാം ഓഫീസർ ജോസ് പി.എ. പങ്കെടുത്തു.

**സേവ് എ ഫാമിലി പ്ലാൻ (SAFP)**

സേവ് എ ഫാമിലി പ്ലാനിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന നിർദ്ധനരായ കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് നയിക്കുവാനുള്ള ഈ പദ്ധതിയിൽ ഇന്ന് 308 കുടുംബങ്ങൾ പങ്കാളികളാണ്.

സേവ് എ ഫാമിലി പ്ലാനിൽ പുതുതായി അംഗത്വം ലഭിച്ച കുടുംബങ്ങൾക്കായി മെയ് 13 ന് WSSS ഓഡിറ്റോറിയത്തിൽ വച്ച് സംരംഭകത്വ പരിശീലനം നൽകി. WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പരിശീലനം ഉദ്ഘാടനം ചെയ്തു. സംരംഭകത്വ തുടക്കത്തിനു മുന്നോടിയായി സോപ്പുത്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള പരിശീലനമാണ് നൽകിയത്. സേവ് എ ഫാമിലി പ്ലാനിലേക്ക് പുതുതായി 18 കുടുംബങ്ങളെകൂടി അനുവദിച്ചു. ഇതിലേയ്ക്കായുള്ള തെരഞ്ഞെടുപ്പ് പുരോഗമിക്കുന്നു.

**കേരള ലേബർ മൂവ്മെന്റ്**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹ്യസംഘടനയുടെ കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോവുന്നു.

**ക്ഷേമനിധി ഫോറം യോഗം**

കേരളാ ടൈലറിംഗ് വർക്കേഴ്സ് ഫോറം, കേരളാ ചെറുകിട തോട്ടം തൊഴിലാളി ഫോറം, സ്വതന്ത്രനിർമ്മാണ തൊഴിലാളിഫോറം എന്നീ ക്ഷേമനിധിയിൽ അംഗത്വമെടുത്തവരുടെ യോഗം 2016 മെയ് 29-ാം തീയതി WSSS ൽ വച്ച് നടന്നു.

KLM രൂപതാ പ്രസിഡണ്ട് ശ്രീ. ബിജു പുയികുന്നേൽ സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ

അദ്ധ്യക്ഷത വഹിച്ചു. മലബാർ സോണൽ സെക്രട്ടറി ശ്രീ. സ്റ്റീഫൻ കെ.എസ്. ക്ലാസെടുത്തു. കെ.എൽ.എം. രൂപതാ കമ്മിറ്റിയടക്കം 60 പേർ പങ്കെടുത്തു. രൂപതാ സെക്രട്ടറി ശ്രീമതി ആലീസ് സിസിൽ നന്ദി പറഞ്ഞു. രൂപതാ കോ-ഓഡിനേറ്റർ ശ്രീമതി മിനി നേതൃത്വം നൽകി. യോഗത്തിൽ വെച്ച് ഫോറം ഭാരവാഹികളെ തിരഞ്ഞെടുത്തു. ക്ഷേമ നിധി അംഗത്വം വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. മേഖല തിരിച്ച് പ്രാദേശിക നേതാക്കളെ തിരഞ്ഞെടുത്തു. മേഖലാ യോഗങ്ങൾ നടത്തുവാൻ തീരുമാനിച്ചു.

**വികാസ്പീഡിയ കേരള (മെയ് ജൂൺ റിപ്പോർട്ട്)**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെങ്ങും പ്രചരിപ്പിക്കപ്പെടുന്ന കേന്ദ്രഗവൺമെന്റിന്റെ ഇന്റർനെറ്റ് പോർട്ടലായ വികാസ്പീഡിയ വിജയകരമായ രണ്ടുവർഷങ്ങൾ പിന്നിടുകയാണ്. പദ്ധതിയുടെ പൂർത്തീകരണത്തിനായുള്ള ടീം അംഗങ്ങളുടെയും സന്നദ്ധ പ്രവർത്തകരുടെയും പ്രവർത്തനങ്ങൾ ഊർജ്ജ്വസ്വലമായി തുടരുന്നു. മെയ് മാസം 31 ന് മാനന്തവാടിയിൽ വച്ച് നടത്തപ്പെട്ട ലോക പുകയിലവിരുദ്ധ ദിനാചരണം പൊതുജനങ്ങളുടെയും വാർത്താ മാധ്യമങ്ങളുടെയും ശ്രദ്ധ ആകർഷിച്ചു. ആരോഗ്യ വകുപ്പ്, എക്സൈസ് വകുപ്പ്, പോലീസ്, സ്റ്റുഡന്റ് പോലീസ്, സെന്റ് ജോസഫ് ഹോസ്പിറ്റൽ, റേഡിയോ മാറ്റൊലി, മുക്തിലഹരി വിമോചന കേന്ദ്രം, വിംസ് ഹോസ്പിറ്റൽ തുടങ്ങിയ സർക്കാർ, സർക്കാരിതര ഏജൻസികളും ദിനാചരണത്തിൽ വികാസ്പീഡിയ കേരളയോടൊപ്പം സഹകരിച്ചു. സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ കൂട്ട ഓട്ടത്തോടെ ആരംഭിച്ച ദിനാചരണത്തിൽ എം.എൽ.എ. ഒ.ആർ. കേളു മുഖ്യാതിഥിയായെത്തി.

ജൂൺ മാസത്തിലും ധാരാളം പ്രചരണ പരിപാടികളാണ് വികാസ്പീഡിയ കേരള ആസൂത്രണം ചെയ്തിരിക്കുന്നത്. നബാർഡ് ദേശീയ സംഘത്തിന്റെ WSSS ൽ വച്ചു നടക്കുന്ന ഒരുമാസ ക്യാമ്പിൽ വികാസ്പീഡിയ സജീവമായി പ്രവർത്തിക്കുന്നു. ഈ മാസത്തെ ജില്ലാതല ശില്പശാല, തലസ്ഥാന നഗരിയായ തിരുവനന്തപുരത്ത് നടത്തപ്പെടുന്നു. ദേശീയ അന്തർദേശീയ ദിനാചരണങ്ങളുടെ ഭാഗമായി അന്താരാഷ്ട്രയോഗ ദിനാചരണം കണിയാരം റ്റി.റ്റി.ഐ. വിദ്യാർത്ഥികളോടൊപ്പവും, അന്താരാഷ്ട്ര മയക്കുമരുന്നു വിരുദ്ധദിനം ബഹു. വയനാട് ജില്ലാകലക്ടർ ശ്രീ. കേശവേന്ദ്രകുമാർ IAS നോടൊപ്പം വയനാട് ജില്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലും വച്ചു നടത്തപ്പെടുന്നു.

വികാസ്പീഡിയ രണ്ടാംവർഷ പദ്ധതിയുടെ രൂപരേഖ പ്രകാര മുള്ള പേജ് അപ്‌ലോഡിംഗ് ഈ മാസം കൊണ്ടുപൂർത്തിയാക്കുവാനും അടുത്തമാസം ഹൈദരാബാദിൽ വച്ചു നടത്തപ്പെടുന്ന ദേശീയതല പദ്ധതി അവലോകനയോഗത്തിൽ പ്രവർത്തന റിപ്പോർട്ട് അവതരിപ്പി ക്കുവാനും തീരുമാനിച്ചു.

**ജനകീയ സംഘാടനം**

വനിതാ സ്വാശ്രയസംഘങ്ങളുടെ സെക്രട്ടറിമാർ, CDO അംഗ ങ്ങൾ എന്നിവർക്ക് യഥാക്രമം മെയ് 11, 20 തീയതികളിൽ നവീനമാധ്യമ ഉപയോഗത്തിൽ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ എന്ന വിഷയത്തിൽ കുമാരി അയ്ഡ, ഷഹാന എന്നിവർ ട്രെയ്നിംഗ് നടത്തി. വാർഷികറിപ്പോർട്ട് സമർപ്പിക്കുന്നതിനും അതിൽ മികച്ച സംഘത്തെ തിരഞ്ഞെടുത്ത് സമ്മാനം നൽകാനും പ്രസ്തുത യോഗത്തിൽ തീരുമാനമായി. കൃഷി ആവശ്യത്തിന് വിവിധ ഗ്രൂപ്പുകൾക്ക് 6 ലക്ഷത്തോളം രൂപ വിവിധ ബാങ്കുകളിൽ നിന്നും ലോൺ ലഭിക്കുകയും ചെയ്തു.

**ജലനിധി എടവക ഗ്രാമപഞ്ചായത്ത്**

എടവക ഗ്രാമപഞ്ചായത്തിൽ കേരള സർക്കാരിന്റെയും ഗ്രാമ പഞ്ചായത്തിന്റെയും ഗുണഭോക്താക്കളുടെയും പങ്കാളിത്തത്തോടെ നട പ്പിലാക്കുന്ന ശുദ്ധജല വിതരണശുചിത്വ പദ്ധതിയാണ് ജലനിധി. 2016 മെയ് – ജൂൺ മാസങ്ങൾ 8 ചെറിയ പദ്ധതികളുടെ അവസാന ഓഡിറ്റ് നടത്തി എക്സിറ്റ് നടപടികൾ പൂർത്തീകരിച്ച് വരുന്നു. വലിയ അഞ്ച് പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് വെള്ളം വിതരണം ചെയ്തു തുടങ്ങി. അതുപോലെ വലിയ പദ്ധതികളിൽ മൂന്നാമത്തെ ഓഡിറ്റ് പൂർത്തീകരിച്ച് ധനലഭ്യതയ്ക്കുള്ള അപേക്ഷ സമർപ്പിക്കുവാനും സാധിച്ചു. ജലനിധി പഞ്ചായത്തുകളിൽ ODF സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ചു നൽകുന്ന ഗാർഹിക ശൗചാലയത്തിന്റെ (517) ധാരണാപത്ര ത്തിന്റെ നടപടികൾ പൂർത്തീകരിക്കുകയും പണി പൂർത്തിയാക്കിയ തിന്റെ Completion report തയ്യാറാക്കി GPST ഓഫീസിൽ സമർപ്പിക്കു കയും ചെയ്തു.

**സൗജ്യന്യ പ്ലാസ്റ്റിക് സർജറി ക്യാമ്പ്**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി മാനന്തവാടി യുടെയും കോയമ്പത്തൂർ ഗംഗ ഹോസ്പിറ്റലിന്റെയും സംയുക്താഭിമു ഖ്യത്തിൽ സൗജന്യ പ്ലാസ്റ്റിക് സർജറി ക്യാമ്പ് (പൊള്ളലേറ്റ വ്യക്തി കൾക്ക്) നടത്തപ്പെടുന്നു. ഇത്തരത്തിൽ ക്യാമ്പിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക് എത്രയും പെട്ടെന്ന് WSSS ഓഫീസുമായി ബന്ധപ്പെടുക.

**DDU - GKY**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥ വിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയാണ് ദിൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശ്യല്യ യോജന (DDU-GKY) തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തി 55 ദശലക്ഷം യുവജനങ്ങളെ 2020 ആകുമ്പോഴേയ്ക്കും വിവിധ മേഖലകളിൽ പ്രായോഗികരാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഭാരത സർക്കാർ ലക്ഷ്യം വെയ്ക്കുന്നത്. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ ഫാഷൻ ഡിസൈൻ ടെക്നോളജി, ഫുഡ് പ്രോസസ്സിംഗ് എന്നീ കോഴ്സുകൾ നടത്തുന്നു.

ഈ കോഴ്സ് പൂർണമായും സൗജന്യമാണ്. പഠനം നന്നായി പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. ഈ കോഴ്സിനു വരുന്ന എല്ലാവർക്കും ദിവസം 125 രൂപവീതം യാത്രാബത്ത നൽകുന്നതാണ്.

ഇതുവരെ 124 കുട്ടികളെ രണ്ടു കോഴ്സുകളിലായി പഠിപ്പിക്കുകയും 110 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു. ഫാഷൻ ഡിസൈൻ ടെക്നോളജിയുടെ നാലാം ബാച്ച് ഈ മാസം ആരംഭിച്ചു. ഫുഡ് പ്രോസ്സസ്സിംഗിന്റെ പുതിയ ബാച്ച് അടുത്ത മാസം ആരംഭിക്കും. താല്പര്യമുള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

## ജൈവകൃഷി വ്യാപനപദ്ധതിയും അനുബന്ധ മേഖലകളും

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകൃഷി വ്യാപനം, ചെറുകിട കർഷകരുടെ ഉന്നമനം പാരിസ്ഥിതിക സന്തുലനം എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ മെയ് മാസം വിവിധ പ്രവർത്തനങ്ങൾ നടത്തുവാനും കർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും സാധിച്ചു.

കൃഷിയിലെ നൂതന മാറ്റങ്ങളും, രോഗ കീട നിയന്ത്രണങ്ങളെയും ആസ്പദമാക്കിയുള്ള കർഷക മീറ്റിംഗുകൾ വിവിധ സ്ഥലങ്ങളിലായി നടന്നു വരുന്നു. ഓരോ മീറ്റിംഗുകളിലും കർഷകരുടെ നല്ല പങ്കാളിത്തം ഉറപ്പുവരുത്താനും അവരുടെ പ്രശ്നങ്ങൾ ചോദിച്ചറിയാനും ശ്രമം നടത്തുന്നു.

ജൈവകർഷകരുടെ ഉത്പ്പന്നങ്ങൾ ഇന്ത്യ, അമേരിക്ക എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിനാവശ്യമായ റിന്യൂവൽ ഇൻസ്പെക്ഷൻ നടപടികൾ ICS കോർഡിനേറ്ററുടെ നേതൃത്വത്തിൽ ആരംഭിച്ചു. പുതുതായി പദ്ധതിയിൽ അംഗങ്ങളായ 4500 കർഷകരുടെ കൃഷിയിടങ്ങളിൽ ഇന്റേണൽ ഇൻസ്പെക്ഷൻ നടത്തുന്നതിനാവശ്യമായ ഇന്റേണൽ ഇൻസ്പെക്ടർമാരുടെ തിരഞ്ഞെടുപ്പ് പൂർത്തീകരിക്കുകയും അവർക്കാവശ്യമായ പരിശീലനം നൽകുന്നതിന് റീജിണൽ ഫീൽഡ് ഓഫീസർമാരെ നിയോഗിക്കുകയും ചെയ്തു.

**വൊഫാ**

WSSS ജൈവ കർഷകരുടെ ഫെയർട്രേഡ് കൂട്ടായ്മയായ വോഫെയ്ക്ക് ഓർഗാനിക് സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനാവശ്യമായ ഓഡിറ്റ് ലാക്കോൺ സർട്ടിഫിക്കേഷൻ ഏജൻസിയിൽ നിന്നും ശ്രീ. നിജു കുമാർ പൂർത്തീകരിച്ചു.

ഫെയർട്രേഡിലൂടെ സംഭരിച്ചു വിപണനം നടത്തിയ കാപ്പി, ഇഞ്ചി, മഞ്ഞൾ എന്നീ ഉത്പന്നങ്ങൾക്ക് കിലോഗ്രാമിന് 3 രൂപ 50 പൈസ വീതം ബോണസ് വിതരണം ചെയ്തു.

## ബയോവിൻ വിപണനം

കർഷകരിൽ നിന്നും ഇഞ്ചി 50 രൂപ, കാപ്പി 73 രൂപ, കുരുമുളക് 725 രൂപ, മാങ്ങ 20 രൂപ, തേങ്ങാ 20 രൂപ, മഞ്ഞൾ 120 രൂപ, ഏലം 1100 രൂപ, ഗ്രാമ്പൂ 900 രൂപ, ജാതിക്ക 275 രൂപ എന്നീ നിരക്കിൽ സംഭരിച്ച്, മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി ജർമ്മനി, ഫ്രാൻസ്, ഇറ്റലി, ബെൽജിയം, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**

ചെയർമാൻ, ബയോവിൻ അഗ്രോ റിസർച്ച്

**ഫാ. സെബാസ്റ്റ്യൻ പുത്തേന് അഭിനന്ദനങ്ങൾ**

ഫിലിപ്പൈൻസിലെ ഡെല്ലാസാൽ യൂണിവേഴ്സിറ്റിയിൽ നിന്നും മന:ശാസ്ത്രത്തിൽ Professional Identity Development of Counseling in India എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ സ്റ്റേഷൻ ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ പുത്തേന് റേഡിയോ മാറ്റൊലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**വയനാടിനൊരു വികസന നയരേഖയുമായി റേഡിയോ മാറ്റൊലി യുടെ വാർഷികാഘോഷം**

റേഡിയോ മാറ്റൊലിയുടെ ഏഴാം വാർഷികാഘോഷവും മാധ്യമ കൂട്ടായ്മയും ജൂൺ 1 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് റേഡിയോ നിലയത്തിൽ വെച്ച് നടന്നു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അധ്യക്ഷത വഹിച്ചു. കഴിഞ്ഞ ഏഴ് വർഷം കൊണ്ട് ജില്ലയുടെ സമസ്ത മേഖലകളിലും മാറ്റമുണ്ടാക്കാൻ റേഡിയോ മാറ്റൊലിയ്ക്ക് സാധിച്ചുവെന്ന് എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉഷാ വിജയൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. പരിമിതികൾക്ക് ഉള്ളിൽ നിന്ന് സാധാരണക്കാരുടെ ശബ്ദമായി മാറാൻ മാറ്റൊലിയ്ക്ക് സാധിച്ചുവെന്നും അവർ അനുസ്മരിച്ചു. ചടങ്ങിൽ റേഡിയോ മാറ്റൊലി തയ്യാറാക്കിയ ജില്ലാ വികസന വിമോചന നയരേഖ ഗുരുകുലം കോളേജ് പ്രിൻസിപ്പാൾ ഷാജൻ ജോസ് അവതരിപ്പിച്ചു. വാർഡ് മെമ്പർ സുബൈദ പുളിയോട്ടിൽ, WSSS ഡയറക്ടർ റവ.ഫാ.ബിജോ കറുകപ്പള്ളിൽ, മാനന്തവാടി പ്രസ്ക്ലബ്ബ് പ്രസിഡന്റ് ശ്രീ.അശോകൻ ഒഴക്കോടി എന്നിവർ ആശംസകൾ അർപ്പിച്ചു. സ്റ്റേഷൻ ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ പുത്തേൻ സ്വാഗതവും അസി. ഡയറക്ടർ, റവ.ഫാ. ജെയ്സ് ബേബി ചെട്ട്യാശ്ശേരി നന്ദിയും പറഞ്ഞു. ജില്ലയിലെ മാധ്യമപ്രവർത്തകരും സന്നദ്ധപ്രവർത്തകരും പരിപാടിയിൽ പങ്കെടുത്തു.

**ഫാ. ജെയ്സ് ബേബി ചെട്ട്യാശ്ശേരിക്ക് യാത്രയയപ്പ് നൽകി**

റേഡിയോ മാറ്റൊലിയുടെ അസിസ്റ്റന്റ് ഡയറക്ടറായി കഴിഞ്ഞ

7 വർഷം സേവനംചെയ്ത ഫാ. ജെയ്സ് ബേബി ചെട്ട്യാശ്ശേരിക്ക് റേഡിയോ മാറ്റൊലി കുടുംബം യാത്രയയപ്പ് നൽകി. മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അധ്യക്ഷത വഹിച്ചു. മാറ്റൊലി സ്ഥാപക ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം, സേക്രട്ട് ഹാർട്ട് ഹയർ സെക്കൻഡറി ഹെഡ്മിസ്ട്രസ്സ് ശ്രീമതി മോളി ജോസ്, ശ്രീ. മംഗലശ്ശേരി മാധവൻ മാസ്റ്റർ, റവ.ഫാ. സെബാസ്റ്റ്യൻ പുത്തേൻ, റവ.ഫാ. ജോസ് കാവുങ്കൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. തിന്മയെ പർവ്വതീകരിക്കാതെ, അക്രമങ്ങളെ വിശദമായി അവതരിപ്പിച്ച് സമൂഹ മന:സാക്ഷിയെ മലീമസമാക്കാത്ത സമീപനവും, നന്മയെ ഉയർത്തികാട്ടി ഭാവാത്മകവശത്തിന് പ്രാധാന്യവും കൊടുക്കുന്ന വേറിട്ടൊരു മാധ്യമദർശനമാണ് താൻ മാറ്റൊലിയിൽ നടപ്പാക്കിയിരുന്നത് എന്ന് ഫാ. ജെയ്സ് ബേബി പറഞ്ഞു. എട്ടുവർഷം മുമ്പ് അങ്ങാടിക്കടവ് ഡോൺ ബോസ്കോ മീഡിയ കോളേജിൽ നിന്ന് റാങ്കോടെ ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയാണ് അദ്ദേഹം മാറ്റൊലിയിൽ മാധ്യമ പ്രവർത്തനത്തിന് തുടക്കംകുറിച്ചത്. മാനന്തവാടി രൂപതയുടെ മാധ്യമ വിഭാഗം ഡയറക്ടറായി നിയമിതനായ ജെയ്സച്ചന് മാറ്റൊലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# PUBLIC RELATIONS OFFICE (PRO)

**വയനാട് മെഡിക്കൽ കോളേജ്: രൂപതയുടെ പ്രമേയം ഫലം കണ്ടു**

കഴിഞ്ഞ ജനുവരി ആറിന് മാനന്തവാടി രൂപതാ വൈദിക സമ്മേളനം, വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണം ഉടൻ ആരംഭിക്കണമെന്നാവശ്യപ്പെട്ട് പാസ്സാക്കിയ പ്രമേയം ഓർമ്മിക്കുമല്ലോ. ഇക്കാര്യത്തിൽ കേരളസർക്കാർ എടുത്ത നടപടിയുടെ വിശദാംശങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ നിന്നും ജൂൺ 20 ന് രൂപതാ പബ്ലിക്ക് റിലേഷൻസ് ഓഫീസർ റവ.ഫാ. തോമസ് ജോസഫ് തേരകത്തെ രേഖാമൂലം അറിയിച്ചു. മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം ഡയറക്ടറുടെ കത്തിലെ പ്രസക്തഭാഗങ്ങൾ അറിവിലേക്കായി താഴെ ചേർക്കുന്നു.

*'വയനാട് മെഡിക്കൽ കോളേജിനുവേണ്ടി 50 ഏക്കർ സ്ഥലവും റോഡ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള 12 സെന്റ് സ്ഥലവും റെവന്യൂ അധികാരികൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി സ്ഥലം പൊതുമരാമത്ത് വിഭാഗത്തിന് നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി കൈമാറാനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരികയാണ്. വയനാട് മെഡിക്കൽ കോളേജിനുവേണ്ടി അക്സസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലം കൈമാറ്റം പൂർത്തിയായാൽ ഉടൻ തന്നെ പൊതുമരാമത്ത് വിഭാഗം റോഡിന്റെയും മെഡിക്കൽ കോളേജിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നബാർഡിന്റെ സഹായത്തോടെയാണ് നിർവ്വഹിക്കുന്നത്'.*

ജനുവരി 6 ലെ വൈദിക സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

**ഓഫീസ്**

ദ്വാരകയിൽ റേഡിയോ മാറ്റൊലിയോട് ചേർന്ന്, മുമ്പു പ്രവർത്തിച്ചിരുന്ന അതേ സ്ഥലത്തുതന്നെയാണ് പി. ആർ. ഒ. ഓഫീസ് ഇപ്പോഴും പ്രവർത്തിക്കുന്നത്. രൂപതാ PRO യെ നേരിട്ടു ബന്ധപ്പെടാൻ മുൻപ് ഉണ്ടായിരുന്ന നമ്പറിന് പുറമെ, 8129882728 എന്ന നമ്പറും ഉപയോഗിക്കാവുന്നതാണ്. വാട്ട്സ് ആപ്പ് നമ്പർ: 9446030066.

**ഫാ. തോമസ് ജോസഫ് തേരകം**

പി. ആർ. ഒ.

## MARY MATHA ARTS & SCIENCE COLLEGE

The college reopened after the Summer Vacation on 1 June 2016, and subsequently, I and II Year Degree classes began. Online registration for the first year degree programmes began on 30 May 2016 and the admission process is going on through CAP (Centralized Admission Process) of Kannur University. The first year degree classes are scheduled to begin on 11 July 2016. The pre-admission class PTA meetings are being held by the Departments to prevent ragging and other likely disciplinary issues. The Physical Education Department and the NCC of the college are making arrangements for International Yoga Day celebrations to be held on 21 June 2016 in compliance with the instructions of the University and the government.

**Dr. Savio James V**
Principal

# അറിയിപ്പുകൾ



## എസ്.എച്ച്. ടൈലറിംഗ് സെന്റർ

ദ്വാരക എസ്.എച്ച് സ്റ്റഡി ഹൗസിൽ പ്രവർത്തിച്ചിരുന്ന ടൈലറിംഗ് സെന്റർ (കാപ്പാസെറ്റ്, ചിത്തോല...), കൊട്ടിയൂർ എസ്.എച്ച് കോൺവെന്റിലേക്ക് മാറ്റിയ വിവരം സ്നേഹപൂർവ്വം അറിയിക്കുന്നു. സി. മെലാനി എസ്.എച്ച്, മൊബൈൽ നമ്പർ: 9747924614

# Pastoral Centre Programme



**July 2016**

| | |
|---|---|
| 2 | Zion |
| 5-6 | Department of Youth Ministry |
| 5-6 | Jesus Youth Training |
| 6 | CML Leaders Training |
| 8-10 | Catechism Amukha Seminar |
| 8 | KCYM Syndicate |
| 10-14 | Retreat for Sacristans |
| 13 | Marian Singles |
| 15 | Department of Youth Ministry Meeting |
| 17-21 | Zion Retreat |
| 21 | Family Apostolate Joint Executive |
| 23 | Pastoral Council |
| 24-27 | Marriage Preparation Course |

**Fr. Mathew Periappuram**
Director, Pastoral Centre

# Bishop's Programme



***July 2016***

*1 Fri 15 Fri ........ Abroad*
*16 Sat .................... Engaged*
*17 Sun ................... Kalpetta: Pro-life Meeting*
*18 Mon ................. Visitors' Day*
*20 Wed .................. Kartikulam: Holy Mass at Divine Providence Seminary*
*21 Thu 22 Fri ....... Out of station*
*24 Sun .................. Valiakolly: Pastoral Visit*
*25 Mon ................. Visitors' Day*
*26 Tue .................. Out of station*
*27 Wed ................. SKD Generalate: Superiors meet*
*30 Sat ................... Food distribution programme of CML at Hospital*

***August 2016***

*5 Fri .................... Out of station*
*7 Sun 22 Mon ..... Ernakulam: KCBC*
*13 Sat ................... WSSS Ashakiranam programme inauguration*
*14 Sun .................. Rippon: Holy Mass*
*21 Sun 31 Wed ...... Kakkanad: Mount St. Thomas Synod*